# സഭാപ്രവേശം

(പറയൻ തുള്ളൽ)

പ്രസാധകൻ

ഏ. ഡി. ഹരിശർമ്മ

# സഭാപ്രവേശം

## (പറയൻ തുള്ളൽ)

T 61
H.23

പ്രസാധകൻ.
വിദ്വാൻ ഏ. ഡി. ഹരിശർമ്മ, എം. ആർ. ഏ. എസ്സ്.

DHARMARAM COLLEGE LIBRARY, BANGALORE.
3999
DR 3

1120

വില ഒരു രൂപാ.

CANCELLED

# അവതാരിക.

## കുഞ്ചൻനമ്പ്യാർ.

ഭാഷാസാഹിത്യലോകത്തിൽ അനശ്വരമായ യശഃസ്തംഭം നാട്ടിയ ഒരു കവിവര്യനാണു് കലക്കത്തു കുഞ്ചൻനമ്പ്യാർ. അദ്ദേഹത്തിന്റെ ജീവചരിത്രം പരിപൂർണ്ണമോ വിശ്വാസ്യമോ ആയ നിലയിൽ നമുക്കു് ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. തുള്ളൽക്കഥകളിലും മററുംനിന്നു കിട്ടുന്ന ചില തെളിവുകളെ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ള ജീവചരിത്രങ്ങളാണു് ഇന്നു പ്രചാരത്തിലിരിക്കുന്നതു്. അതനുസരിച്ചു ചിലതൊക്കെ പറയുവാനേ നമുക്കും നിവൃത്തിയുള്ളു.

തിരുവില്വാമലയ്ക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന ഗ്രാമത്തിൽ കൊല്ലവർഷം 880-ാമാണ്ടിടയ്ക്കാണു് കുഞ്ചൻനമ്പ്യാർ ജനിച്ചതു്. കലക്കത്തു് എന്നായിരുന്നു വീട്ടുപേരു്. അച്ഛനമ്മമാരെപ്പററി വിശ്വസിക്കത്തക്ക വിവരങ്ങളൊന്നും കിട്ടിക്കഴിഞ്ഞിട്ടില്ല. നമ്പ്യാർക്കു രാഘവൻ എന്നുപേരായ ഒരമ്മാവൻ ഉണ്ടായിരുന്നു എന്നും, ഭാഗിനേയനെ സംസ്കൃതത്തിലെ പ്രഥമപാഠങ്ങൾ പഠിപ്പിച്ചതു് ആ അമ്മാവനായിരുന്നു എന്നും, അനുമാനിക്കപ്പെടുന്നു. സ്വദേശത്തുതന്നെയുള്ള തൃക്കാര്യമൺഇല്ലത്തു് നാരായണഭട്ടതിരി എന്നുപേരിൽ ഒരു മഹാപണ്ഡിതൻ അന്നു ജീവിച്ചിരുന്നു.

വെന്നും, അദ്ദേഹത്തിൽനിന്നാണ് നമ്പ്യാർ കാവ്യനാട കാലങ്കാരപര്യന്തമുള്ള ഉപരിവിദ്യാഭ്യാസം നേടിയതെന്നും സുപ്രസിദ്ധഗവേഷകനായ മഹാകവി ഉള്ളൂർ പറയുന്നു.

കുഞ്ചൻനമ്പ്യാരുടെ സാക്ഷാൽ നാമധേയം കൃഷ്ണൻ എന്നായിരുന്നു എന്നു ചിലരും, അതല്ല രാമൻ എന്നായിരുന്നു എന്നു മററു ചിലരും വാദിക്കുന്നു.

കൊല്ലം തൊള്ളായിരത്താണ്ടിരുപതുമിരുപ-
 ത്താറുമേവഞ്ച പത്തും
ചേർന്നീട്ടുന്നോരു കൊല്ലം മിഥുനമുപഗതേ
 ഭാസ്കരേ ധന്യധന്യഃ
കൃഷ്ണ പക്ഷേ ചതുർത്ഥീചതയയുതദിനേ
 മാതുലഃ കൃഷ്ണനാമാ
വിഷ്ണോസ്സായുജ്യമാപ്തോ വിഹിതഹരിനമ-
 സ്യാദികോ ദോഷഹീനം

എന്നിങ്ങനെ നമ്പ്യാരുടെ ഭവനത്തിലുള്ള ഒരു ഗ്രന്ഥത്തിൽ കാണുന്ന ചരമശ്ലോകമാണ് 'കൃഷ്ണ' പക്ഷക്കാർക്കുള്ള പ്രമാണം. അതനുസരിച്ചു നോക്കിയാൽ നമ്പ്യാരുടെ ചരമം കൊല്ലവർഷം 956-ൽ ആണെന്നാണ് വരുന്നതു്. ഇതു വിശ്വാസ്യമായിത്തോന്നുന്നില്ല. അതിനു രണ്ടു കാരണങ്ങളുണ്ട്: നമ്പ്യാർ 940-ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തുനിന്ന് കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സിനോട്ട് അനുവാദം വാങ്ങി അമ്പലപ്പുഴയ്ക്കു മടങ്ങിപ്പോയി എന്നും അതിനുശേഷം നാലഞ്ചുകൊല്ലത്തിനുള്ളിൽ ചരമഗതിയെ പ്രാപിച്ചു എന്നുമുള്ള ഐതിഹ്യം ഇതിനോടു വിയോ

ജിക്കുന്നു; അതുപോലെ, 954-ൽ രാമവൎമ്മമഹാരാജാവും തെക്കേടത്തു ഭട്ടതിരിയും മററുംകൂടി തയ്യാറാക്കിയ പാല്പായസക്കണക്കിൽ കുഞ്ചൻനമ്പ്യാരുടെ പേരു കാണാത്തതിനാൽ, അദ്ദേഹം അതിനു മുൻപു തന്നെ മരിച്ചുപോയി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു എന്നുള്ള മി: പി. കെ. നാരായണപിള്ളയുടെ അഭിപ്രായവും ഇക്കാൎയ്യത്തിൽ പ്രതിബന്ധമായി നില്ക്കുന്നു.

ശ്രീബലിപ്രസ്തരഃ ശംഭോഃ ശ്രീസ്ഥകാലയവാസിനഃ
രാമേണ പാണിവാദേന കാരിതോ ഭൂതയേ ധ്രുവം

എന്ന് കിള്ളിക്കുറിശ്ശി ശിവക്ഷേത്രത്തിലെ ബലിക്കൽപ്പുരയിൽ കൊത്തിക്കാണുന്ന ശ്ലോകമാണ് 'രാമപക്ഷ'ക്കാൎക്കുള്ള പ്രധാനപ്രമാണം. അതു കൂടുതൽ വിശ്വാസ്യമായി തോന്നുന്നുണ്ട്. ഒരിക്കൽ, സന്തുഷ്ടനായ കാൎത്തികതിരുനാൾ മഹാരാജാവു നമ്പ്യാൎക്ക് ആയിരം പണം സമ്മാനിച്ച് "ഉറപ്പുള്ള വിധത്തിലേ ഈ പണം വിനിയോഗിക്കാവൂ" എന്നു കല്പിച്ചു എന്നും, നമ്പ്യാർ ആ പണവും കൊണ്ടു സ്വദേശത്തു പോയിരുന്ന അവസരത്തിൽ അവിടെയുള്ള ശിവക്ഷേത്രത്തിലെ ബലിക്കൽപ്പുര ജീൎണ്ണമായി കിടക്കുന്നതു കണ്ട് അതു പുതുക്കിപ്പണിയിച്ചുവെന്നും, തിരികെ തിരുവനന്തപുരത്തു ചെന്ന നമ്പ്യാർ, ഇളകാത്ത വസ്തുവിൽത്തന്നെയാണ് താൻ പണം നിക്ഷേപിച്ചിട്ടുള്ളതെന്നു തിരുമനസ്സുണൎത്തിച്ചുവെന്നും ഉള്ള ഐതിഹ്യം ഇതിന് ഉപോദ്ബലകമായി നില്ക്കുന്നു. എന്നാൽ

ഇവിടേയും ഭിന്നാഭിപ്രായക്കാരില്ലാതില്ല. മേൽപ്പറഞ്ഞ ശ്ലോകം, പാറപ്പുറത്തു ഗോവിന്ദൻനമ്പ്യാരുടെ അനന്തരവനായ രാമൻനമ്പ്യാർ അടുത്ത കാലത്തു് ആ ബലിക്കല്പുര ജീർണ്ണോദ്ധാരണം ചെയ്തതിനെ സൂചിപ്പിക്കുന്നതാണെന്നു മഹാകവി ഉള്ളൂർ പറയുന്നു. ഈ അഭിപ്രായം ശരിയായിരുന്നാൽത്തന്നെയും, 'രാമ' സംജ്ഞാപക്ഷപാതികൾക്കു് അനുകൂലമായി വേറെയും തെളിവുണ്ടു്. കാഞ്ഞിരംപറമ്പിൽ മി: രാവുണ്ണിനായർ പ്രസിദ്ധപ്പെടുത്തിട്ടുള്ള 'ശ്രീപാൎവ്വതീസ്വയംവരം പാന'യുടെ മുഖവുരയിൽ, ശ്രീകൃഷ്ണചരിതം മണിപ്രവാളകാവ്യത്തിൻെറ ഒരു താളിയോലഗ്രന്ഥത്തിൽ,

> രാമേണ പാണിവാദേന രചിതേ മിശ്രസംസ്കൃതേ
> ശ്രീകൃഷ്ണചരിതേ കാവ്യേ മുതൽസ്സൎഗ്ഗസ്സമാപിതഃ

എന്നു് ഒരു പദ്യം കാണുന്നതായി അദ്ദേഹം എഴുതിയിരിക്കുന്നു. ശ്രീകൃഷ്ണചരിതം മണിപ്രവാളം നമ്പ്യാരുടേതല്ലെന്നു് ഇതേവരെ ആരും പറഞ്ഞുകേട്ടിട്ടില്ലാത്ത സ്ഥിതിക്കു് ഈ പദ്യത്തിൽ പറയുന്ന രാമപാണിവാദൻ കുഞ്ചൻനമ്പ്യാർ തന്നെയാണെന്നു് അനുമാനിക്കുന്നതിൽ തെറ്റുണ്ടാകാൻ വഴിയില്ല.

മനുഷ്യൻെറ മഹത്വത്തേയും കഴിവുകളേയും വകവെച്ചുകൊടുക്കാൻ ഒരുക്കമില്ലാത്ത ഒരുകൂട്ടം ആളുകൾ ഏതുകാലത്തും ലോകത്തിലുണ്ടാവുക പതിവാണു്. ഒരാൾ ഏതെങ്കിലുംനിലയിൽ ഉയൎന്നുവന്നാൽ, എന്തെങ്കിലും ഒരൈതിഹ്യം കെട്ടിച്ചമച്ചു്, ആ ഉയൎച്ചയിൽ അമാനുഷത്വത്തിൻെറ ഛായം തേയ്ക്കാൻ ഇക്കൂട്ടർ ശ്ര

മിക്കാതിരിക്കയില്ല. നമ്പ്യാരെപ്പററി പറഞ്ഞുകേൾക്കുന്ന ഒന്നുരണ്ടു ഐതിഹ്യങ്ങൾക്കുള്ള നിദാനവും ഇതുതന്നെയായിരിക്കണം. "കോഴിക്കോട്ടുകാരനായ ഒരു സാധുബ്രാഹ്മണൻ പുത്രിമാരെ വിവാഹം കഴിച്ചു കൊടുക്കാൻ നിവൃത്തിയില്ലാതെ തിരുവനന്തപുരത്തു പോയി മഹാരാജാവിനെ കണ്ടു സങ്കടമുണർത്തിച്ചു. തമ്പുരാൻ കല്പിച്ചു നൽകിയ ഒരു പണക്കിഴിയുമായി കിള്ളിക്കുറിശ്ശിമംഗലത്തെത്തി. ക്ഷേത്രത്തിനടുത്തുള്ള കുളക്കടവിൽ ആ കിഴി വെച്ചു നമ്പൂരി കുളിക്കുവാനിറങ്ങി. അദ്ദേഹം കുളിച്ചുകൊണ്ടിരുന്ന സമയത്ത് ഒരു പശു യാദൃച്ഛികമായി അതിലെ വരികയും കിഴിയുടെ മുകളിൽതന്നെ,അതു മൂടിപ്പോകത്തക്കവണ്ണം, ചാണകമിടുകയും ചെയ്തു. കുളി കഴിഞ്ഞു കിഴി എടുക്കാൻ ചെന്ന ബ്രാഹ്മണൻ അതു കാണായ്കയാൽ വളരെ വ്യസനിച്ച് അമ്പലത്തിലേക്കു പോയി. കുറെ കഴിഞ്ഞു ചാണകം വാരുന്നതിനായി അതിലേ വന്ന ഒരു നങ്ങ്യാർ—കുഞ്ചൻനമ്പ്യാരുടെ മാതാവ്—ആ പണക്കിഴി കാണുകയും അത് അതിന്റെ ഉടമസ്ഥനു കൊടുക്കുകയും ചെയ്തു. പരമസന്തുഷ്ടനായ ബ്രാഹ്മണൻ 'നിനക്കു വളരെ പ്രസിദ്ധനായ ഒരു പുത്രനുണ്ടാകട്ടെ' എന്നു നങ്ങ്യാരെ അനുഗ്രഹിച്ചു. അതിന്റെ ഫലമായുണ്ടായതാണ് കുഞ്ചൻനമ്പ്യാർ." ഇതാണ് ഒരൈതിഹ്യം. "ഏഴു വയസ്സു പ്രായമുള്ളപ്പോൾ ഒരിക്കൽ നമ്പ്യാർ ഗുരുഗൃഹത്തിലേക്കു പോകയായിരുന്നു. മാ

ദ്ദ്മദ്ധ്യേയുള്ള ഒരു മലഞ്ചരുവിൽവെച്ച് ഒരു പാമ്പു ആ കുട്ടിയെ കടിച്ചു. കുട്ടി ഉടനെ ബോധരഹിതനായി. ആ സമയത്ത് ശ്രീഭഗവതി അവിടെ പ്രത്യക്ഷയായി ദിവ്യമായ പാൽ കൊടുത്തു കുട്ടിയെ രക്ഷപ്പെടുത്തി. ദേവികടാക്ഷംകൊണ്ടു ബോധയുക്തനായിത്തീൎന്ന കുട്ടി തൽക്ഷണംതന്നെ വലിയ വിദ്വാനും കവിയുമായിത്തീൎന്നു" ഇതാണ് മറെറാരൈതിഹ്യം. ഈവക യാദൃച്ഛികാനുഗ്രഹങ്ങളുടെ സഹായം കൂടാതെതന്നെ, സ്വപ്രയത്നംകൊണ്ട് ഉയൎന്നുവന്നിട്ടുള്ള അനേകം മഹാന്മാരെപ്പററി നമുക്കറിയാവുന്നതുകൊണ്ട്, കുഞ്ചൻനമ്പ്യാർ ഗുരുകുലക്ലിഷ്ടനായി വിദ്യാഭ്യാസംചെയ്തു സ്വപ്രയത്നംകൊണ്ടുയൎന്നുവന്ന ഒരു പൌരുഷശാലിയായിരുന്നു എന്നുമാത്രം നമുക്കു വിശ്വസിച്ചാൽമതി.

വിദ്യാഭ്യാസംകഴിഞ്ഞു് നമ്പ്യാർ ഉത്തരകേരളത്തിലും മദ്ധ്യകേരളത്തിലും സഞ്ചരിച്ചിട്ടുള്ളതായി കാണുന്നു. കോലത്തുനാട്, വെട്ടത്തുനാട്, ഗുരുവായൂർ, തലപ്പിള്ളി, ചേന്നമംഗലം മുതലായ സ്ഥലങ്ങൾ ഈ സഞ്ചാരപരിപാടിയിൽ ഉൾപ്പെട്ടവയാണ്. ഇങ്ങനെ സഞ്ചരിക്കുന്നതിനിടയിൽ ഒരിക്കൽ കോലത്തുനാട്ടിൽ വെച്ചു പട്ടിണികിടക്കേണ്ടിവന്ന അവസരത്തിൽ നമ്പ്യാർ നിൎമ്മിച്ചതാണത്രെ താഴെ കാണുന്ന പ്രസിദ്ധശ്ലോകം.

കോലഭൂപസ്യ നഗരേ വാസരാ ഹരിവാസരാഃ
മശകൈൎമ്മക്കുണൈശ്ചൈവ രാത്രയശ്ശിവരാത്രയഃ

"കോലത്തുനാട്ടിൽ പകലുകളെല്ലാം ഹരിവാസരങ്ങളും (ഊണില്ലാത്ത ദിവസങ്ങൾ), മൂട്ടയുടേയും കൊതുകിൻേറയും ഉപദ്രവംകൊണ്ടു രാത്രികളെല്ലാം ശിവരാത്രികളും (ഉറക്കമൊഴിക്കേണ്ടവ) ആകുന്നു" എന്നാണു ഈ ശ്ലോകത്തിൻെറ അത്ഥം.

ഈ ദേശസഞ്ചാരംകഴിഞ്ഞു മടങ്ങിയതിനുശേഷമാണു് നമ്പ്യാർ തിരുവിതാംകൂറിൽപ്പെട്ട കിടങ്ങൂക്കു പോയതു്. അവിടെ ക്ഷേത്രത്തിൽ എന്തോ ജോലിയുണ്ടായിരുന്ന അച്ഛനോടുകൂടിയാണു് അങ്ങോട്ടേക്കു പോയതെന്നു പറയപ്പെടുന്നു. കിടങ്ങൂർ താമസിച്ചിരുന്നകാലത്തു് കുടമാളൂർ, കുമാരനല്ലൂർ മുതലായ പല സ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിക്കയുണ്ടായിട്ടുണ്ടു് ഒടുവിൽ ആ സഞ്ചാരപ്രിയൻ അമ്പലപ്പുഴയെത്തിച്ചേന്നു. കിടങ്ങൂർ മുതലായ സ്ഥലങ്ങളിൽനിന്നു കൂത്തുപറയുന്നതിനായി അമ്പലപ്പുഴയ്ക്കു പോയ വല്ല ചാക്യാന്മാരുടേയും കൂടെയായിരിക്കാം നമ്പ്യാർ ആദ്യമായി അവിടെ ചെന്നുചേന്നതെന്നു നമുക്കു ന്യായമായി അനുമാനിക്കാം. നന്തിക്കാട്ടു് ഉണ്ണിരവിക്കുറുപ്പു്, ഓണമ്പിള്ളി നമ്പൂരി എന്നിവരിൽനിന്നു ധാരാളം ആനുകൂല്യങ്ങൾ അവിടെവെച്ചു നമ്പ്യാക്കു സിദ്ധിച്ചു വിജ്ഞാനവികസനത്തിനും, അവരുടെ സാഹചര്യം ചരിത്രനായകനു പ്രയോജകീഭവിച്ചിരിക്കണം ഈ രണ്ടുപേരേയും അദ്ദേഹം തൻെറ കൃതികളിൽ അതിരററ കൃതജ്ഞതാദരങ്ങളോടുകൂടി, ഗുരുനാഥന്മാരുടെ നിലയിൽ അനുസ്മരി

ക്കുന്നുണ്ട്. ഉണ്ണിരവിക്കുറുപ്പിനെ 'മന്ദാരദാരു"വായിട്ടാണ് പലേടത്തും വർണ്ണിച്ചിരിക്കുന്നത്. • നമ്പ്യാരുടെ ഒന്നാമത്തെ കൃതിയായ കല്യാണസൗഗന്ധികത്തിൽ തന്നെ,

നന്ദികാരണ്യമാം മന്ദിരേ വാഴുന്ന
മന്ദാരദാരുവാം ബാലരവിയുടെ
നന്ദിവരുത്തുന്ന കണ്ടങ്കരികാവി-
ലിന്ദുചൂഡപ്രിയേ! വന്ദേ ഭഗവതി!

എന്നു വർണ്ണിച്ചിട്ടുള്ളതു നോക്കുക. ഒരു കവി ഏതെങ്കിലും ഒരാളെ കല്പവൃക്ഷമായി വർണ്ണിക്കണമെങ്കിൽ അതിനു തക്കതായ എന്തെങ്കിലും സഹായം ആ കവിക്ക് അദ്ദേഹത്തിൽനിന്നു സിദ്ധിച്ചിരിക്കണമെന്നുള്ളതു തീർച്ചയാണല്ലോ.

അമ്പലപ്പുഴയിലെത്തിയ നമ്പ്യാർ അധികം താമസിയാതെ ചെമ്പകശ്ശേരി രാജാവിൻെറ ഒരാശ്രിതനായിത്തീൎന്നു. പണ്ഡിതപാരിജാതമായിരുന്ന ആ രാജാവാകട്ടെ, നമ്പ്യാരുടെ വൈദുഷ്യവും കവിതാവും കണ്ടു സന്തുഷ്ടനായി അദ്ദേഹത്തെ യഥോചിതം പ്രോത്സാഹിപ്പിക്കയുംചെയ്തു. തുള്ളൽക്കഥകളിൽ പലതും ചരിത്രനായകൻ അവിടെവെച്ചാണ് എഴുതിയതു്. അവയിൽ മിക്കതിലും "ചെമ്പകനാട്ടിന്നലങ്കാരഭൂതനാം തമ്പുരാൻ ദേവനാരായണസ്വാമി"യെ വർണ്ണിച്ചിരിക്കുന്നതു കാണാം. കാലക്രമത്തിൽ നമ്പ്യാരുടെ പേരു പുറമേയും പ്രചരിച്ചുതുടങ്ങി. അന്നു ചെമ്പകശ്ശേരി രാജാവും തിരുവിതാംകൂർ മാർത്താണ്ഡവൎമ്മ മ

1946.

ഹാരാജാവും തമ്മിൽ മൈത്രിയിലായിരുന്നു. ആ വഴിക്ക് നമ്പ്യാരുടെ കീൎത്തി തിരുവനന്തപുരത്തും എത്തിയിരിക്കണം. എന്തുകൊണ്ടെന്നാൽ, 919-ാമാണ്ടിനിടയ്ക്കു കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തു പോയി താമസിച്ചിരുന്നതായി തെളിവുണ്ട്. താമസം കൊട്ടാരത്തിലായിരുന്നുതാനും. 919 കുംഭം 30-ാംനു- "കൊട്ടാരത്തിൽ പാൎക്കുന്ന കുഞ്ചൻ നമ്പ്യാൎക്ക് കാലിൽ ദീനമാകയാൽ മരുന്നു വിലയ്ക്കു" കൊട്ടാരത്തിൽനിന്ന് ഇരുപത്തിമൂന്നു പണം ചെലവെഴുതിട്ടുള്ളതായി കണക്കുകാണുന്നു. 922-ാമാണ്ട് "നമ്പ്യാരുടെക്കൂടെ നിന്ന മിത്രനപ്പിള്ളി കുഞ്ചുമാതിററിക്ക് ആണ്ടൊന്നിക്ക് നെൽ 72 പറയും പാൽക്കുളങ്ങര അധികാരത്തിൽനിന്നു ചെലവെഴുതി"യതിനു രേഖയുണ്ട്. മാൎത്താണ്ഡവൎമ്മ മഹാരാജാവ് ചെമ്പകശ്ശേരിരാജ്യം കീഴടക്കിയതിനുശേഷമാണ് കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തേക്കു പോയതെന്നുള്ള അഭിപ്രായം ശരിയല്ലെന്നും, അതിനെത്രയോ മുൻപുതന്നെ അദ്ദേഹം തിരുവനന്തപുരത്തേക്കു പോകയും മഹാരാജാവിൻെറ പ്രീതിക്കു പാത്രീഭവിക്കയുംചെയ്തുകഴിഞ്ഞിരുന്നുവെന്നും, ഇതിൽനിന്നു മനസ്സിലാക്കാം. ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂറിലേക്ക് അടങ്ങിയതിനുശേഷം നമ്പ്യാർ തിരുവനന്ത്പുരത്തു സ്ഥിരതാമസമാക്കി എന്നു പറയുന്നതു ശരിയായിരിക്കും. അന്നും നമ്പ്യാരെ അമ്പലപ്പുഴക്കാരനായിട്ടാണ് ആളുകൾ കണക്കാക്കിയിരു

ന്നതു്. എന്തുകൊണ്ടെന്നാൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയവും മററും കഴിഞ്ഞു് വളരെ കാലത്തിൻശേഷം—933-ൽ—അദ്ദേഹം നമ്പ്യാൎക്ക് ഒരു വീരശൃംഖല സമ്മാനിക്കയുണ്ടായതിനെപ്പററി "അമ്പലപ്പുഴ കുഞ്ചൻനമ്പ്യാൎക്ക് മുകപ്പിൽ ആണിത്തലയ്ക്കൽ ചുകപ്പുകൽവച്ച വീരചങ്ങല സമ്മാനിച്ചു." എന്നാണു് കണക്കിൽ എഴുതിക്കാണുന്നതു്. 934-ൽ, മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭാഗിനേയനും അനന്തരഗാമിയുമായ രാമവർമ്മമഹാരാജാവും നമ്പ്യാൎക്ക് ഒരു വീരശൃംഖല സമ്മാനിച്ചതായി കാണുന്നുണ്ടു്

ഇങ്ങനെ, തന്നെ സംരക്ഷിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്ന പ്രസ്തുത മഹാരാജാക്കന്മാരെ നമ്പ്യാർ തന്റെ തുള്ളൽക്കഥകളിൽ പലസ്ഥലത്തും ഭക്തിപൂൎവ്വം സ്മരിച്ചിട്ടുണ്ടു്.

പാർത്താലത്ഭുതം ബാലമാർത്താണ്ഡക്ഷിതീന്ദ്രന്റെ
വാർത്താവൈഭവമെല്ലാമോർത്താലന്തമില്ലല്ലോ

എന്നും മററും മാർത്താണ്ഡവർമ്മ മഹാരാജാവിനെപ്പററിയും,

രാമതുല്യൻ മഹാവഞ്ചിരാമവർമ്മേന്ദ്രഭൂപാലൻ
കാമദൻ കോമളാകാരൻ കാമിനീമാനസ മാരൻ

എന്നും മററും രാമവർമ്മ മഹാരാജാവിനെപ്പററിയും വർണ്ണിച്ചിട്ടുള്ളതു നോക്കുക. മാതുലന്റെ ഭരണാവസാനകാലത്തും ഭാഗിനേയന്റെ ഭരണാരംഭഘട്ടത്തിലുമായി മന്ത്രിസ്ഥാനം വഹിച്ചിരുന്ന അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയും നമ്പ്യാരെ വളരെ സഹായിച്ചിരുന്നിരിക്ക

ന്നം. അല്ലെങ്കിൽ, തിരുവിതാംകൂറിലെ മററു മന്ത്രിമാരെപ്പററി ഒന്നുംതന്നെ ശബ്ദിക്കാത്ത നമ്പ്യാർ,

വഞ്ചിക്ഷ്മാപാലബാലമാർത്താണ്ഡനാ-
മഞ്ചിതശ്രീകുലശേഖരാജ്ഞാകരൻ
ആർത്താവനോദാരശീലനാമയ്യപ്പ-
മാർത്താണ്ഡമന്ത്രി നിജസ്വാമിശാസനാൽ

എന്നിങ്ങനെ ആ മന്ത്രിയെ മാത്രം വർണ്ണിക്കാൻ കാരണമില്ല.

ഒടുവിൽ നമ്പ്യാൎക്കു വാർദ്ധക്യം ബാധിച്ചു തുടങ്ങി. തിരുവനന്തപുരത്തെ താമസം അദ്ദേഹത്തിന്ന് പണ്ടത്തേപ്പോലെ തൃപ്തികരമായി തോന്നിയില്ല. കഥകളിയിൽ തൽപ്പരനായിരുന്ന രാമവൎമ്മമഹാരാജാവു് ഒരു കവിയുടെ നിലയിൽ നമ്പ്യാരെ പ്രോത്സാഹിപ്പിച്ചിരുന്നുവെങ്കിലും, ആ പ്രോത്സാഹനത്തിന്നു മാർത്താണ്ഡവൎമ്മയുടെ കാലത്തുണ്ടായിരുന്നേടത്തോളം ഹൃദയംഗമത്വം ഉണ്ടാകാൻ വഴിയില്ലല്ലൊ. മാർത്താണ്ഡവൎമ്മയുടെ കാലത്തനുവദിച്ചിരുന്ന രണ്ടേടകാലുംകോപ്പും ചില അസൂയക്കാർ മുടക്കാൻപോലും ഭാവിച്ചു. നമ്പ്യാർ നേരിട്ടുചെന്നു സങ്കടം ഉണർത്തിക്കേണ്ടിവന്നു, അതു വീണ്ടു കിട്ടാൻ. രാമവൎമ്മമഹാരാജാവു നമ്പ്യാൎക്കു് 'പക്കത്തിൽ ചോറ്' അനുവദിച്ചിരുന്നുവെന്നും പക്ഷേ, നമ്പ്യാൎക്കു് ആ ഊണു് തീരെ പിടിച്ചിരുന്നില്ലെന്നും പറയപ്പെടുന്നു.

പക്കത്തിച്ചോറും കാളൻ കറിയും
ചവ്വച്ചകിണ്ണിയുമെന്നിവയല്ലാ-
തിക്കണ്ടുണ്ടാംക്കൊരു സുഖഭോജന-
മിക്കാലങ്ങളിലില്ലിഹ താത!

എന്ന് ചില തുള്ളലുകളിൽ നമ്പ്യാർ വൎണ്ണിച്ചിട്ടുള്ളത് തൻെറ ഈ പക്കമേളോരുണിനെക്കൂടി സൂചിപ്പിച്ചിട്ടാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എങ്ങനെയായാലും, 940-ാമാണ്ടിടയ്ക്ക് മഹാരാജാവിൻെറ അനുമതിവാങ്ങി നമ്പ്യാർ അമ്പലപ്പുഴയ്ക്കു മടങ്ങി; 945-നോടടുത്തു പേപ്പട്ടിയുടെ വിഷമേററു ചരമഗതിയെ പ്രാപിക്കയും ചെയ്തു. മരിക്കുമ്പോൾ നമ്പ്യാൎക്ക് 60—65 വയസ്സു പ്രായമുണ്ടായിരുന്നു എന്നാണ് ഐതിഹ്യം.

## ബാല്യകവനങ്ങൾ

ദേശസഞ്ചാരംചെയ്തിരുന്നകാലത്തുതന്നെ നമ്പ്യാർ കവിതാനിൎമ്മാണത്തിൽ ഏൎപ്പെട്ടിരുന്നുവത്രെ. ശീലാവതി നാലുവൃത്തം, രുക്മിണീസ്വയംവരം പത്തുവൃത്തം, ഭഗവദ്ദൂത് പതിന്നാലുവൃത്തം, ഭാഗവതം ഇരുപത്തിനാലുവൃത്തം, നളചരിതം കിളിപ്പാട്ട്, ചാണക്യസൂത്രം കിളിപ്പാട്ട് വിഷ്ണുഗീത ഹംസപ്പാട്ട്, ശിവപുരാണം കിളിപ്പാട്ട് എന്നുതുടങ്ങിയ കൃതികൾ ഇക്കാലത്ത് ഉണ്ടാക്കപ്പെട്ടവയാണെന്നാണ് പറയപ്പെടുന്നത്. അത്തുകാലത്ത് തനിക്ക് ആശ്രയമായിത്തീരുന്ന പ്രഭുക്കന്മാരെ കവിതകളിൽ പുകഴ്ത്തുന്ന പതിവ് നമ്പ്യാർ അന്നുതന്നെ തുടങ്ങിയിരുന്നു. വിഷ്ണുഗീതയിൽ ജയന്താലയേശ്വരനെ (പാലിയത്തച്ചനെ) വൎണ്ണിച്ചിട്ടുള്ളത് ഇതിനൊരു ദൃഷ്ടാന്തമാകുന്നു.

മററൊരു നായർ പറഞ്ഞുതുടങ്ങിനാ-
നററമില്ലെൻെറ പരാധീനമിന്നെടോ
വീട്ടു നിറഞ്ഞു കടക്കാരർ വന്നിട്ടു
പാട്ടു കിടക്കുന്നു രാപ്പകലൊക്കവേ
വീട്ടുവാനുള്ളൊരു മാർഗ്ഗവും കണ്ടീല
വീടു വിററാലും കടം പോകയില്ലെടോ

എന്നിങ്ങനെ ഈ വിഷ്ണുഗീതയിൽ കാണുന്ന നായാട്ടു വൎണ്ണന, പിന്നീടു തുള്ളലുകളിൽ പുഷ്ടിച്ചു ഫലിച്ചുകാണുന്ന ആ നിരങ്കുശത്വത്തിൻെറ അങ്കുരസ്ഥാനത്തെ വഹിക്കുന്നുണ്ടെന്നു സൂക്ഷിച്ചുനോക്കിയാൽ കാണാം.

## തുള്ളൽപ്രസ്ഥാനം.

കുഞ്ചൻനമ്പ്യാർ വേറെയും ചില കൃതികളൊക്കെ എഴുതീട്ടുണ്ടെങ്കിലും, തുള്ളൽക്കഥകളോടു ബന്ധപ്പെട്ട നിലയിലാണ് അദ്ദേഹത്തിൻെറ നാമധേയം പ്രസിദ്ധമായിത്തീൎന്നിട്ടുള്ളതു്. തുള്ളൽരീതിയുടെ ഉപജ്ഞാതാവുതന്നെ നമ്പ്യാരാണെന്നാണ് പരക്കെയുള്ള വിശ്വാസം. അതിലേക്ക് ഉപോദ്ബലകമായി ഒരൈതിഹ്യവും പറയപ്പെട്ടുപോരുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽ കൂത്തുപറയുമ്പോൾ പതിവായി മിഴാവുകൊട്ടാനുണ്ടായിരുന്ന ഒരു നമ്പ്യാക്ക് ഒരിക്കൽ ആശൗചംനിത്തം അതിന്നു തരമില്ലാതെവന്നപ്പോൾ പകരമായി ആ കൃത്യം നിൎവ്വഹിക്കുന്നതിന് കുഞ്ചൻനമ്പ്യാർ ക്ഷണിക്കപ്പെട്ടുവെന്നും, ചാക്യാരുടെ കഥാകഥനരീതിയിലുള്ള വിരസതനിമിത്തം ഉറക്കംതൂങ്ങിപ്പോയ നമ്പ്യാക്ക് മിഴാവുകൊട്ടുന്നതിൽ അല്പം പിശകുപററിയതു

കൊണ്ടു ചാക്യാർ നമ്പ്യാരെ സദസ്സിൽവെച്ചുതന്നെ ക്രമത്തിലധികം ആക്ഷേപിച്ചുവെന്നും, അതിന്നു പക രംപോക്കുന്നതിന്നായി അന്നത്തെ രാത്രികൊണ്ടുണ്ടാക്കി പിറേറദിവസം ക്ഷേത്രത്തിൽവെച്ചഭിനയിച്ചതാണ് 'കല്യാണസൌഗന്ധികം' തുള്ളലെന്നും ആണ് ആ ഐതിഹ്യം. ഈ കഥ, കേൾക്കാൻ രസമുള്ളതുതന്നെ. പക്ഷേ, സത്യത്തിൻെറ അംശം അതിൽ എത്രത്തോളം ഉണ്ടെന്നുള്ള കാര്യത്തിൽമാത്രമേ സംശയമുള്ളു. "ദക്ഷൻ ആക്ഷേപിച്ചതുകൊണ്ടു കോപിഷ്ഠനായ ശിവൻ ജട നിലത്തടിച്ചപ്പോൾ വീരഭദ്രൻ ചാടിവീണതുപോലെ; ചാക്യാരാൽ അധിക്ഷിപ്തനായ നമ്പ്യാർ പിറേറദിവസം അമ്പലപ്പുഴ കളിത്തട്ടിൽ കയറിനിന്നപ്പോൾ തുള്ളലിന്നു വേണ്ട സകലസാമഗ്രികളും വന്നുകൂടി എന്നു വാദിക്കുന്നതു് ഭാഷയുടെ പൂർവ്വചരിത്രത്തെക്കുറിച്ചുള്ള ദയനീയമായ അജ്ഞതയെ പ്രദശിപ്പിക്കുകയാകുന്നു" എന്നു് പി. കെ. നാരായണപിള്ള അവർകൾ പറയുന്നതിൽ വളരെ പരമാത്ഥമുണ്ടു്. "തുള്ളലിന്നു വേണ്ട പലതരം വൃത്തങ്ങൾ എവിടെനിന്നു കിട്ടി? തുള്ളലിലെ കവിതാരീതി എവിടെനിന്നുണ്ടായി? ആ രീതി ജനങ്ങൾക്കു് ആദരണീയമായി തോന്നുവാൻ കാരണമെന്തു്?" ഇങ്ങനെയുള്ള പല ദുർഘടപ്രശ്നങ്ങൾക്കും തൃപ്തികരമായ സമാധാനം പറഞ്ഞാൽ മാത്രമേ ഐതിഹ്യവാദികൾക്കു രക്ഷയുള്ളു. അതു സാദ്ധ്യമാണോ?

ഒരു പുതിയ പ്രസ്ഥാനത്തിൻെറ ഉൽപത്തിക്ക് ആവശ്യമായ സകലപരിതഃസ്ഥിതികളും ഒത്തുവന്നപ്പോൾ തുള്ളലുണ്ടായി എന്നുള്ളതാണ് വാസ്തവം. അന്നു ഭാഷാസാഹിത്യത്തിൻെറ സ്ഥിതി എന്തായിരുന്നു? നമ്പൂരിമാരുടെ കുറെ ചമ്പുക്കളും ഏതാനും ആട്ടക്കഥകളും എഴുത്തച്ഛൻെറ കിളിപ്പാട്ടുകളുമല്ലാതെ സാഹിത്യം എന്നു പറയാൻ അന്നു വളരെയൊന്നും ഉണ്ടായിരുന്നില്ല. സാധാരണന്മാൎക്ക് ദുരവഗാഹമായ ചമ്പൂപ്രസ്ഥാനം നമ്പ്യാരെ വളരെയൊന്നും ആകൎഷിച്ചിരിക്കാൻ ഇടയില്ല. ആട്ടക്കാൎക്കും കാഴ്ചക്കാൎക്കും ഒരുപോലെ ജ്ഞാനമുണ്ടായാൽമാത്രം രസപ്രദമായിത്തീരുന്ന കഥകളി പൊതുജനങ്ങളുടെ സാഹിത്യമാണെന്നു കുഞ്ചൻനമ്പ്യാൎക്കു തോന്നിയില്ല. എഴുത്തച്ഛൻെറ വഴിക്കു തിരിഞ്ഞാൽ വിജയം സമ്പാദിക്കാൻ സാധിക്കയില്ലെന്ന് നമ്പ്യാൎക്ക് അനുഭവംകൊണ്ടുതന്നെ മനസ്സിലായിക്കഴിയുകയും ചെയ്തിരുന്നു. ഈ നിലയിൽ, അന്നു പ്രചാരത്തിലിരുന്ന പ്രസിദ്ധ പ്രസ്ഥാനങ്ങൾക്കുള്ള ദോഷങ്ങളെ കഴിയുന്നത്ര പരിഹരിക്കുന്നതും ഗുണങ്ങളെ ഒട്ടുമുക്കാലും പരിഗ്രഹിക്കുന്നതുമായ ഒരു പുതിയ പ്രസ്ഥാനം ആവിൎഭവിക്കേണ്ട ആവശ്യം അപരിത്യാജ്യമായി വന്നുകൂടി. അതിനുവേണ്ടി കുഞ്ചൻനമ്പ്യാർ ചെയ്ത നിരന്തരപരിശ്രമത്തിൻെറ ഫലമാണ് തുള്ളൽപ്രസ്ഥാനം.

ചാക്യാർക്കൂത്തുമായി വളരെക്കാലത്തെ പരിചയമുണ്ടായിരുന്ന നമ്പ്യാൎക്ക്, ആ കഥാകഥനരീതി ജ

നങ്ങളെ ധാരാളമായ ആകർഷിക്കുന്നതു നേരിട്ടു കണ്ടു മനസ്സിലാക്കാൻ സാധിച്ചിരുന്നു. ഫലിതമാണ് അതിനുള്ള കാരണമെന്നും വ്യക്തമായിരുന്നു. പക്ഷെ, സംഗീതവുമായുള്ള അകൽച്ച ആ പ്രസ്ഥാനത്തിന് ഒരു വലിയ കുറവായിരുന്നു. വേഷവിധാനത്തിലും അതിനു പറയത്തക്ക മെച്ചമുണ്ടായിരുന്നില്ല. ഈ മൂന്നു ഘടകങ്ങളും യോജിപ്പിച്ചാൽ ജനസാമാന്യത്തെ കൂടുതൽ ആകർഷിക്കാൻ കഴിയുമെന്നു കുഞ്ചൻനമ്പ്യാർക്കു തോന്നിയിരിക്കണം. അങ്ങനെ, ചാക്യാരുടെ ഫലിതപ്രധാനമായ കഥാകഥനരീതി, കിളിപ്പാട്ടു മുതലായ ഗാനരീതികളിലെ സംഗീതരസം, ആട്ടക്കഥയിലെ വേഷവിധാനവും നൃത്തവാദ്യങ്ങളും—ഇതെല്ലാം യഥോചിതം കൂട്ടിച്ചേർത്തുണ്ടാക്കിയതാണ് തുള്ളൽ. വളരെക്കാലമായി പുരാണകഥകളിൽ വിശ്വസിച്ചു കഴിയുന്ന യാഥാസ്ഥിതികരായ ജനങ്ങളെ പെട്ടെന്ന് ആ പന്ഥാവിൽനിന്നു അകററാൻ ശ്രമിച്ചാൽ, ഒരു പക്ഷേ അതു് വിപരീതഫലത്തെ ച്ചെയ്യുമെന്ന സംശയമുണ്ടായതിനാലായിരിക്കാം, അക്കാര്യത്തിൽ മാത്രം നമ്പ്യാർ ഒരു തനിയാഥാസ്ഥിതികനായിത്തീന്നതു്. എന്നാൽ സന്ദർഭം കിട്ടുന്ന അവസരങ്ങളിലൊക്കെ ചുററും കാണുന്ന കാഴ്ചകളെ തന്റെ കൃതികളിൽ പ്രതിഫലിപ്പിക്കാൻ അദ്ദേഹം മടിച്ചിരുന്നില്ലെന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. പുരാണകഥാകഥനവ്യാജേന തന്റെ ചുററും കാണുന്ന കാഴ്ചകളേയും സംഭവങ്ങളേയും വളരെ തന്മ

യത്വത്തോടുകൂടി—ഏററവും ഹൃദയാകർഷകമായ രീതിയിൽ—ചിത്രീകരിക്കയാണ് വാസ്തവത്തിൽ കുഞ്ചൻനമ്പ്യാർ ചെയ്തിട്ടുള്ളതു്.

തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾ പരിശോധിച്ചാലും തത്സംബന്ധമായ ഉപജ്ഞാതൃത്വമല്ല, പരിഷ്കൎത്തൃത്വം മാത്രമാണ്, നമുക്കു നമ്പ്യാരിൽ കാണാൻ കഴിയുന്നതു്. എന്തുകൊണ്ടെന്നാൽ, അദ്ദേഹം തുള്ളലുകളിൽ ഉപയോഗിച്ചിട്ടുള്ള മിക്ക വൃത്തങ്ങളും അതിനു മുൻപുതന്നെ ഭാഷയിലോ സംസ്കൃതത്തിലോ നടപ്പിലിരുന്നവയാകുന്നു. "മല്ലപ്പൂമ്പൊടിയേററുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം" എന്ന രീതിയിലുള്ള തരംഗിണീവൃത്തമാണ് തുള്ളലിൽ ഏററവും പ്രധാനം. "വന്ദിച്ചേൻ ഗണനായകനാകിയ വാഗ്നാർകോനൊടു വാണിയെ മനസാ" എന്ന നിരണവൃത്തത്തിൽനിന്നു വളരെയൊന്നും ഭിന്നമല്ല ഈ വൃത്തമെന്നുള്ളതു സ്പഷ്ടം. ചമ്പൂകാരന്മാരുടെ ഗദ്യവും ഈ രീതിയിൽത്തന്നെയാകുന്നു. "നാലഞ്ചുഭർത്താവൊരുത്തിക്കുതാനത്രേ നാലുജാതിക്കും വിധിച്ചതല്ലോക്കണം" എന്ന ശീതങ്കൻവൃത്തമാകട്ടെ, "താൻതാൻ നിരന്തരം ചെയ്യുന്ന കൎമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേ വരൂ" എന്നഅയോദ്ധ്യാകാണ്ഡത്തിലെ കാകളീവൃത്തംതന്നെ. "വരുമിഹ സമ്പ്രതി ദുര്യോധനനും പരമസഖൻ മമ പാൎത്ഥൻ താനും" എന്നു പതിന്നാലുവൃത്തത്തിൽ കാണുന്ന വൃത്തവും നമ്പ്യാർ തുള്ളലിൽ അംഗീകരിച്ചിട്ടു

ണ്ടു്. "കായാമ്പൂമലർക്കുള്ളിലായാസം വളർക്കുന്ന" എന്ന വൃത്തം എഴുത്തച്ഛൻെറ കേകാവൃത്തത്തെ നടുവേ മുറിച്ചു രണ്ടാക്കിയതാകുന്നു. "അഞ്ചിതദ്യുതി ചൂതപുഷ്പധനുസ്സേട്ടത്തോരു വീരനാം" എന്ന സംസ്കൃതത്തിലെ മല്ലികാവൃത്തംതന്നെയാണു് "ചന്ദ്രബിംബമെട്ടത്തെനിക്കൊരു ചാണയാക്കി വളയ്ക്കണം" എന്നിങ്ങനെ നമ്പ്യാർ തുള്ളലിൽ ഉപയോഗിക്കുന്നതു്. "ചെമ്പകകമലായതലോചനനഞ്ചിതമഞ്ജുളശീലൻ" എന്ന പതിനാലുവൃത്തത്തിലെ വൃത്തത്തിനും "ഉദ്ധതമതി നരപതിതന്നുടെ വാക്കുകളിങ്ങനെ കേട്ടു" എന്ന കല്യാണസൗഗന്ധികത്തിലെ വൃത്തത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. "ഹരിഹരസുതനയ്യൻ തിരുവടിയടിയൻെറ" എന്ന രീതിയിലുള്ള ഒരു വൃത്തം നമ്പ്യാർ പറയനിലും ശീതങ്കനിലും ഉപയോഗിക്കുന്നുണ്ടു്. ഇതു് അമ്പലപ്പുഴ വേലകളിയുടെ താളരീതിയിലുള്ളതാണെന്നാണറിയുന്നതു്. ഈ രീതിയെ അനുകരിച്ചു് "വെളുത്തേരിൽ പട കേറി മുണ്ടുകീറി തുണി കീറി" എന്നും മററും കുട്ടികൾ അവിടെ കളിയായി പാടാറുണ്ടത്രെ.

ഇവിടെ ഒരു സംഗതികൂടി സ്മരണീയമായിട്ടുണ്ടു്. നമ്പ്യാരുടെ കാലത്തിനു മുൻപുതന്നെ ഒരുതരം തുള്ളൽ രീതി തകഴി ശാസ്താംക്ഷേത്രത്തിൽ നിലവിലിരുന്നിരുന്നു. "അവിടെ 'പടയണി' എന്ന അടിയന്തിരത്തിൽ ഓരോ വേഷക്കാർ പുറപ്പെട്ടുമ്പോൾ ചൊല്ലുവാനായി

ആദ്യം ഉദ്ദേശിച്ചിരുന്ന തുള്ളൽപ്പാട്ടുകൾ കാലക്രമേണ മലയാളത്തിലെ മുഖ്യവിനോദമായിത്തീരുകയാണുണ്ടായതു്. പന്ത്രണ്ടുദിവസം നിലനില്ക്കുന്ന ഈ അടിയന്തിരക്കാലത്തുണ്ടാകുന്ന കളികളിൽ പറയൻ, ശീതങ്കൻ, ചോവൻ, പരദേശി എന്നിങ്ങനെ പല വേഷങ്ങളും പുറപ്പെടുന്നു. ശീതങ്കൻെറ കരുക്കോലയും ഗാനരീതിയും അതിലും കാണുന്നുണ്ടു്. ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നൊക്കെയാണു് അതിനും പറയുക. ഈ 'പടേണി'ക്കു തുള്ളുവാൻവേണ്ടി ഉണ്ടാക്കിക്കൊടുത്ത പേക്കഥകളാണു് പിന്നീടു തുള്ളലായിരൂപാന്തരപ്പെട്ടതു്.

ഭടജനങ്ങടെയിടയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ.

എന്നു നമ്പ്യാർ സഭാപ്രവേശം തുള്ളലിൽ പറഞ്ഞിരിക്കുന്നതു് ഈ പടയണി അടിയന്തിരത്തെക്കുറിച്ചാണെന്നുള്ളതു നിസ്സംശയമാണു്" എന്നു മി: വി. എം. കുട്ടികൃഷ്ണമേനോൻ ബി. ഏ. ഒരിടത്തു പ്രസ്താവിച്ചിട്ടുണ്ടു്. നമ്പ്യാരുടെ കാലത്തിനു മുൻപുണ്ടായ "കൃഷ്ണാർജ്ജുനവിജയം പറക്കുത്തു്" എന്ന ഒരു കൃതി തൻെറ കൈവശം വന്നുചേർന്നിട്ടുണ്ടെന്നും, നമ്പ്യാർ പറയൻ തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾതന്നെയാണു് അതിലും കാണുന്നതെന്നും മഹാകവി ഉള്ളൂർ പറയുന്നു. എന്നുമാത്രമല്ല, കൊ: വ: 919-ലെ (തിരുവനന്തപുരം) മതിലകത്തെ അല്പശി ഉത്സവത്തിനു്, മാ

ത്തുർപ്പണിക്കർ തൻെറ ശിഷ്യനായ ഇട്ടിക്കോതപ്പ ണിക്കരോടുകൂടി തുള്ളൽ കളിപ്പിക്കുവാൻ ചെന്നിരുന്നതായി കൊട്ടാരത്തിലെ കണക്കുകൊണ്ടു കാണുന്നവെന്നും, അതിനടുത്തകാലത്തു് അതു കൂടാതേയും പല തുള്ളൽയോഗക്കാരും അവിടെ ചെന്നിരുന്നുവെന്നുംകൂടി അദ്ദേഹം എഴുതുന്നു. കുഞ്ചൻനമ്പ്യാരുടെ കാലത്തിനു മുൻപുതന്നെ തുള്ളൽരീതി നടപ്പിലിരുന്നിരുന്നുവെന്നും അദ്ദേഹം അതിനെ പരിഷ്കരിച്ചു് പ്രചരിപ്പിക്കമാത്രമേ ചെയ്തിട്ടുള്ളു എന്നുമാണല്ലോ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

## കവിതയ്ക്കുള്ള പ്രത്യേകത

ലളിതമായ ഭാഷ, നിർദ്ദോഷമായ ഫലിതം, മർമ്മവേധിയായ പരിഹാസം, പരിതഃസ്ഥിതികളുടെ പ്രതിഫലനം, സരസമായ വർണ്ണനം, ലളിതങ്ങളായ ലോകോക്തികൾ എന്നിവയാണു് നമ്പ്യാരുടെ കവിതയ്ക്കുള്ള പ്രത്യേകതകൾ.

കാവ്യനാടകാലങ്കാരങ്ങൾ മാത്രമല്ല, വ്യാകരണത്തിലെ ഉപരിഗ്രന്ഥങ്ങൾകൂടി നമ്പ്യാർ വായിച്ചിരുന്നുവെന്നു ധ്രുവചരിതം തുള്ളലിൽനിന്നു തെളിയുന്നുണ്ടു്. അതു് ഒരു വെറും പ്രസ്താവനയല്ലെന്നുള്ളതിനു് 'ഉരുട്ടുള്ളേടത്തങ്ങ് ലുക്കില്ല' എന്നും, 'ജസ്സു ഭിസ്സു തസ്സു ഥസ്സു' എന്നും മററും തുള്ളലുകളിൽ അങ്ങുമിങ്ങും കാണുന്ന പ്രയോഗങ്ങൾ ഒരു നല്ല തെളിവാകുന്നു. വ്യാക

രണത്തിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദി ച്ചവൎക്കല്ലാതെ ഇതു് ഒരിക്കലും സാദ്ധ്യമല്ല. സംസ്കൃത ത്തിൽ ഇത്രമാത്രം പണ്ഡിതനായിരുന്ന നമ്പ്യാർ തുള്ള ലുകളിലെ ഭാഷ അത്രമാത്രം ലളിതമാക്കിയതു് കരുതി ക്കൂട്ടിത്തന്നെയായിരിക്കണം. എഴുത്തച്ഛന്റേയും ന മ്പ്യാരുടേയും കൃതികൾ ഒന്നിച്ചു വായിച്ചുനോക്കിയാൽ മാത്രമേ നമ്പ്യാർ ഇക്കാൎയ്യത്തിൽ കാണിച്ച ഔചിത്യം വേണ്ടപോലെ വെളിപ്പെടുകയുള്ളൂ. 'ഭടജനങ്ങടെ പ ടയണിക്കു്' കേരളഭാഷയായാലേ യോജിക്കയുള്ളൂ എന്നു നമ്പ്യാർതന്നെ ഒരിടത്തു പറഞ്ഞിട്ടുള്ള വരി കൾ മുകളിൽ ഉദ്ധരിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. അതുകൊ ണ്ടു തൃപ്തിവരാഞ്ഞിട്ടെന്നപോലെ,

ഭാഷയായ് പറയാനുമടിയനു സംസ്കൃതത്തിലുമൊന്നുപോൽ
ദോഷഹീനപടുത്വമല്പമുദിപ്പതുണ്ടിവിടിന്നതിൽ
ശേഷിയില്ല ഭടജ്ജനങ്ങൾ ധരിച്ചിടാ കടുസംസ്കൃതം
ഭാഷയായ് പറയാമതിൽ ചില ദൂഷണം വരുമെങ്കിലും

എന്നു് "കീചകവധ"ത്തിൽ അദ്ദേഹം വീണ്ടും പ്രസ്താ വിക്കുന്നു ഇങ്ങനെ പാമരന്മാൎക്കുപോലും സുഗ്രഹമാക ത്തക്കവിധം ലളിതമായ ഭാഷ പ്രയോഗിച്ചതുകൊണ്ടു തന്നെയാണു് നമ്പ്യാർ 'പൊതുജനങ്ങളുടെ കവി' യാ യിത്തീൎന്നതു്.

നമ്പ്യാരുടെ ഫലിതപ്രയോഗപാടവം സുപ്രസി ദ്ധമാണു്. ദീപസ്തംഭത്തെ വൎണ്ണിച്ചു നമ്പ്യാരുണ്ടാക്കിയ പദ്യവും, പാൽപ്പായസം കയ്ക്കുന്നുവെന്നു തമ്പുരാനെ തൃപ്തിപ്പെടുത്താനായി മനസ്സാക്ഷിക്കു വിരോധമായി

മൊഴികൊടുത്ത നമ്പൂരിമാരെ നമ്പ്യാർ ഇളിഭ്യരാക്കിയതും മററും ഇതിലേക്കു നല്ല തെളിവുകളാകുന്നു തുള്ളൽകൃതികളെ ഇത്രമാത്രം ആകർഷകങ്ങളാക്കിത്തീത്തിട്ടുള്ളതുതന്നെ അവയിലെ ഫലിതപ്രയോഗങ്ങളാണെന്നു തീർത്തുപറയാം.

കണ്ണൻവാഴ കണക്കെ തടിച്ചൊരു
പൊണ്ണൻ മാരുതി മലയുടെ മൂട്ടിൽ
കണ്ണുമയങ്ങി വിശന്നു തളർന്നൊരു
മണ്ണിൽ മലർന്നുകിടന്നുഴലുന്നതു

സസന്തോഷം കാണാനാണത്രെ ദുര്യോധനൻ കാട്ടിലേക്കു 'ഘോഷയാത്ര' പുറപ്പെട്ടതു്. സദ്യയുണ്ണാൻപോകുന്ന ബ്രാഹ്മണരുടെ കൂട്ടത്തിൽ കഷണ്ടിത്തലയനായ ഒരാളെ കണ്ടാൽ,

പെരിയൊരു വെയിലാൽ ചുട്ട കഷണ്ടിയി-
ലൊരുപിടി നെല്ലാൽ മലരു പൊരിക്കാം

എന്നു പറയാനാണു് നമ്പ്യാക്കു് തോന്നുന്നതു്. പടകേറിയ കോലാഹലത്തിനിടയിൽ,

കണ്ടച്ചാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകൾ പോയി
ചക്കിപ്പെണ്ണിനു ചരട്ടും മിന്നുമ-
ലക്കിയ തോരൻമുണ്ടും പോയി
നീലിപ്പെണ്ണിനു താലികൾ പോയി

എന്നും മററും വർണ്ണിക്കാനാണു് നമ്പ്യാക്കു തിടുക്കം. സ്വയംവരത്തിനു ചെന്നുകൂടിയ ഒരു കാമകിങ്കരൻ തന്റെ സാമർത്ഥ്യം കാണിക്കുന്നതിനായി മുമ്പിലിരിക്കുന്ന ആളുടെ തലയെ ചെണ്ടയാക്കി '28 കലാശ'

വും കൊട്ടിക്കലാശിപ്പിച്ചപോലും! ത്രിപുരന്മാരുടെ പടയിളക്കത്തിൽ പത്തുന്തറസുരന്മാർ തന്റെ വീടകത്തിത്തകത്തപ്പോൾ "ഉത്തരത്തിൻ മുകളേറിപ്പാത്തുപോലും കുഞ്ഞുരാമൻ കൊത്തിവെച്ച പാവയെന്നങ്ങൊത്തുപോയാരസുരന്മാർ" എന്നാണ്, നായന്മാരുടെ ഭീരുതയെക്കൂടി സൂചിപ്പിച്ചുകൊണ്ട് നമ്പ്യാർ വർണ്ണിച്ചിരിക്കുന്നത്. ശത്രുക്കളെപ്പേടിച്ച് ഉത്തരത്തിന്മേലേറി കൊത്തിവെച്ച പാവപോലെ അനങ്ങാതെയിരിക്കുന്ന 'കുഞ്ഞുരാമ'ന്റെ രൂപം ആരെയാണ് ചിരിപ്പിക്കാത്തത്! നമ്പ്യാരുടെ ഫലിതപ്രയോഗത്തിന് ഇങ്ങനെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും.

നമ്പ്യാരുടെ കവിതകളിൽ കാണുന്ന മറെറാരു പ്രത്യേകത മർമ്മസ്പൃക്കായ പരിഹാസമാകുന്നു.

സമുദായാംഗങ്ങളുടെ ഇടയിൽ കാണുന്ന ചാപല്യങ്ങളേയും കുചേഷ്ടിതങ്ങളേയും പരിഹസിച്ച്, തദ്വാരാ അവയെ പരിഹരിച്ച്, സമുദായശരീരത്തെ അരോഗദൃഢമാക്കിത്തീക്കുന്നതിനുവേണ്ടിയാണ് നമ്പ്യാർ പരിഹാസം പ്രയോഗിച്ചിട്ടുള്ളത്. ധനതൃഷ്ണ, അഹങ്കാരപ്രമത്തത, അസൂയ, കാപട്യം, വഞ്ചന, അവസരസേവാശീലം മുതലായ ദുർഗ്ഗുണങ്ങളെ നമ്പ്യാർ ആക്ഷേപിച്ചിട്ടുള്ളതിനു കണക്കില്ല. ഏതു കഥയിലും നമ്പ്യാർ പരിഹാസത്തിനു സന്ദർഭമുണ്ടാക്കും. ഈ സമ്പ്രദായം ചാക്യാരിൽനിന്നായിരിക്കാം അദ്ദേഹം പഠിച്ചത്. എ

ന്നാൽ തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ നമ്പ്യാരിലെത്തിയപ്പോൾ അതു വളരെ വികസിച്ചു വെന്നു സമ്മതിക്കണം.

കരുണയില്ലാത്ത ഭരണാധികാരികൾ, ഏഷണിക്കാരായ രാജസേവകന്മാർ, കൈക്കൂലിക്കാരും കാമകിങ്കരന്മാരുമായ ഉദ്യോഗസ്ഥന്മാർ, ബഹുഭാര്യത്വം ഒരന്തസ്സാണെന്നു കരുതിയിരുന്ന പ്രഭുക്കന്മാർ, ഭാര്യമാക്കു ദാസ്യപ്രവൃത്തിചെയ്യുന്ന ഭോഷന്മാർ, ഭർത്താക്കന്മാരെ കരങ്ങകളിപ്പിക്കുന്ന ഭാര്യമാർ, കള്ളിനും കുറപ്പിനും വേണ്ടി തോക്കും തുമ്പയും പണയംവെക്കുന്ന നായന്മാർ, കള്ളുകുടിച്ചു തൊള്ളതുറക്കുന്ന ഭടജനങ്ങൾ മുതലായവരെല്ലാം നമ്പ്യാരുടെ പരിഹാസശരത്തിനു ലക്ഷ്യമായിട്ടുണ്ടു്.

സമുദായത്തിൻെറ ആണിക്കല്ലു് സ്ത്രീകളായതു കൊണ്ടായിരിക്കാം അവരെസ്സംബന്ധിച്ചു നമ്പ്യാർ കൂടുതൽ ശ്രദ്ധചെലുത്തിയതു്. ബഹുഭാര്യത്വത്തേയും ബഹുഭർത്തൃത്വത്തേയും നമ്പ്യാർ ഒരുപോലെ വെറുത്തിരുന്നു എന്നു് തുള്ളലുകളിൽനിന്നു കാണാം.

രണ്ടു കളത്രത്തെയുണ്ടാക്കിവെക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും

എന്നു പറയുന്ന കവിതന്നെയാണു്,

നാലഞ്ചു ഭർത്താവൊരുത്തിക്കുതാനതു
നാലു ജാതിക്കും വിധിച്ചതല്ലോക്കണം
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ
വാലുള്ള വാനരന്മാക്കുർ ചിതംവരാ

എന്ന് അധിക്ഷേപിക്കുന്നതും. ജ്യേഷ്ഠാനുജന്മാർക്കുടി ഒരുത്തിയെ ഭാൎയ്യയാക്കിവെച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായം മൃഗങ്ങൾപോലും വെറുക്കുന്ന ഒന്നാണെന്നുള്ള വാഗസ്ത്രവും, അന്നു ബഹുഭൎത്തൃത്വം ആചരിച്ചിരുന്ന വല്ലകൂട്ടരേയും ഉദ്ദേശിച്ചു പ്രയോഗിച്ചതായിരിക്കണം. *

ഭാൎയ്യമാരുടെനേരെ എപ്പോഴും ദുർമ്മുഖംകാട്ടുന്ന ഭൎത്താക്കന്മാരെപ്പററി,

കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം
എടുത്തെന്നാലതും കുററം എടുക്കാഞ്ഞാലതും കുററം
കൊടുത്തെന്നാലതും കുററം കൊടുക്കാഞ്ഞാലതും കുററം.

എന്നിങ്ങനെയാണ് ശീലാവതിചരിതത്തിൽ നമ്പ്യാർ വൎണ്ണിക്കുന്നത്. അതുപോലെതന്നെ,

അച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം

എന്നു വൎണ്ണിക്കാനും നമ്പ്യാർ മടിച്ചിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ സമുദായത്തിൻെറ സുസ്ഥിതിയായിരുന്നു നമ്പ്യാരുടെ പരിഹാസത്തിൻെറ പരമലക്ഷ്യം.

ചുററുപാടുകളെ കവിതയിൽ പ്രതിഫലിപ്പിക്കുന്നതിനു നമ്പ്യാരോളം സന്നദ്ധത കാണിച്ചിട്ടുള്ള കവികൾ നമ്മുടെ ഇടയിൽ അധികംപേരില്ല. അയോദ്ധ്യയിലും അളകാപുരിയിലും, ലങ്കയിലും ദ്വാരകയിലും, എന്നുവേണ്ട സ്വൎഗ്ഗത്തിലും പാതാളത്തിലും, എല്ലാം

---

* ചിലരുടെ ഇടയിൽ വളരെ അപൂൎവ്വമായിട്ടാണെങ്കിലും, ഈ സമ്പ്രദായം ഇന്നും നടപ്പിലുണ്ട്.

കേരളീയർതന്നെ. കേളച്ചാരും കാളിപ്പെണ്ണും, കേള നം കോന്തനും, ഇച്ചിരിയും ഇട്ടുണ്ണീലിയും, പാട്ടരും പ ണിക്കരച്ചനും, അവിടങ്ങളിലൊക്കെ ചെന്നു ചേൎന്നിട്ടു ണ്ടു്. അവിടത്തെ രാജാക്കന്മാരുടെ വേഷഭൂഷാദികളും ആചാരങ്ങളും കേരളത്തിൽ കാണുന്നതുതന്നെ. ദ്വാര കാപുരിയിൽ സൈന്യശേഖരം നടത്തുമ്പോൾ 'നാട്ടി ലിരിക്കും നായന്മാരെ' ക്കൂടാതെ,

പട്ടാണികൾ പല കതിരക്കാരും
കോട്ടപ്പടിയിൽ കാവൽക്കാരും
കാട്ടാളന്മാർ മുക്കോപ്പരിഷകൾ
കൊട്ടക്കാരന്മാരും പലവക
നസ്രാണികളും ജോനകർ പത്തു സ
ഹസ്രമധികമിഹ വന്നീടേണം

എന്നാണ് 'സർവ്വസേനാധിപ' നായ നീലാംബരൻ പ്ര ഖ്യാപനം ചെയ്യുന്നതു്. ദുര്യോധനൻ സേനകൾക്കു സ ദ്യനൽകിയതിനുള്ള വിഭവങ്ങൾ എരിശ്ശേരിയും പുളി ശ്ശേരിയും ഓലനും കാളനും ചക്കപ്രഥമനും പാൽപ്പാ യസവും മററും ആയിരുന്നുവത്രെ. ചിലൎക്കു "കടൽവാ ഴയ്ക്കാക്കറി"യും ഉണ്ടായിരുന്നുപോലും! ഹംസം കുണ്ഡി നത്തിലേക്കു പറന്നുപോകുന്നവഴിക്കു കണ്ട കാഴ്ചകളെ വൎണ്ണിക്കുമ്പോൾ "വീടുകളിൽ ചില നായന്മാരുടെ മൂഢ തകൊണ്ടൊരു ഘോഷം കണ്ടു"—"അച്ചികളോടു കല മ്പിച്ചില കലമെച്ചിലിലിട്ടു തകൎക്കുണകണ്ടു" എന്നും മററും പറയാൻ നമ്പ്യാൎക്കു് ഒരു മടിയുമില്ല.

അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നമ്പൂരാരുടെ ഭവനം ചുട്ടും

എമ്പ്രാന്തിരിയെത്താഡിച്ചും പുന-
രമ്പലവാസികളെക്കൊലചെയ്യും

മററുമാണ് രാവണസൈന്യം ശത്രുരാജ്യങ്ങളിൻ ആക്രമണം നടത്തിയതു്. നമ്പ്യാരുടെ 'രുക്മിണീസ്വയംവരം' വായിച്ചാൽ, അതു് അമ്പലപ്പുഴയോ തിരുവനന്തപുരത്തോ നടക്കുന്ന ത്രുത്താലിചാർത്താണെന്നേ നമുക്കു തോന്നുകയുള്ളൂ. തൻെറ ചുററുപാടുകളെ വിസ്മരിച്ചു് കവിതയെഴുതാൻ കുഞ്ചൻനമ്പ്യാർക്കു് കഴിഞ്ഞിരുന്നില്ലെന്നാണല്ലൊ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

സൂക്ഷ്മസ്വഭാവംവർണ്ണിച്ചു് വർണ്ണ്യവിഷയത്തിനു തന്മയത്വം വരുത്തുക എന്നുള്ളതാണ് നമ്പ്യാർക്കുള്ള മറെറാരു പ്രത്യേകത. പ്രകൃതിയിലെ കാഴ്ചകൾ, ജന്തുക്കളുടെ ആകൃതിയും പ്രത്യേകസ്വഭാവവും, എന്നിവ വർണ്ണിക്കുന്നതിൽ നമ്പ്യാർക്കു് ഒരു പ്രത്യേകപാടവംതന്നെയുണ്ടായിരുന്നു. കല്യാണസൗഗന്ധികത്തിലെ കദളീവനവർണ്ണനം, ഹനുമാൻെറയും വേടന്മാരുടേയും ആകൃതിയും പ്രകൃതിയും, മുതലായവ ഇതിന് സജീവോദാഹരണങ്ങളാകുന്നു.

ഒന്നു കുടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകും വീശിയിരുന്നു
ചിറകിനകത്തു കടിച്ചുകിടക്കും
ചെറുചെറുപേൻ കൊതുകുകളീച്ചകൾ പുഴവും
തിറവിയ കൊക്കുകൾകൊണ്ടു കടിച്ചു
കൊറുകൊറെയങ്ങു കൊറിച്ചുതുടങ്ങി
ഒരുകാൽകൊണ്ടു ശിരസ്സിൽ പരിചൊടു
ചൊറികിത്തത്തി നടന്നുതുടങ്ങി.

നളനിൽനിന്നു വിമുക്തിനേടിയ ഹംസത്തിൻെറ ഈ വർണ്ണനയിൽനിന്ന് നമ്പ്യാരുടെ പ്രകൃതിനിരീക്ഷണപാടവം നല്ലപോലെ തെളിയുന്നുണ്ട്. ഇതുപോലെയുള്ള രസികൻവർണ്ണനകൾ തുള്ളലുകളിൽനിന്ന് എത്രവേണമെങ്കിലും ഉദ്ധരിക്കാൻ കഴിയും.

തുള്ളലുകളിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ലളിതങ്ങളായ ലോകോക്തികളും ജനസാമാന്യത്തിൻെറ ഇടയിൽ ധാരാളം സ്വാധീനശക്തി ചെലുത്തീട്ടുണ്ട്. അവയിലെ പല വരികളും പഴഞ്ചൊല്ലുകളെപ്പോലെയായിത്തീൎന്നിട്ടുണ്ടെന്നുകൂടി പറയാം. ഈ ഭാഗം അധികം വിസ്തരിക്കണമെന്നില്ല. ചില ലോകോക്തികൾ താഴെ ഉദ്ധരിക്കാം:—

1, മല്ലപ്പൂമ്പൊടിയേററു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം

2. കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം

3. പണമെന്നുള്ളതു കയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും

4. കയ്യിൽ കിട്ടിയ കനകമുപേക്ഷി-
ച്ചിയ്യം കൊൾവാനിച്ഛിക്കേണ്ട.

5. തരുണീതരുണന്മാരന്യോന്യം
തരമായ് വരുവാൻ ദുൎഘടമത്രെ.

6. അശനാക്ഷരമൊന്നു പിഴച്ചാ-
ലമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്

7. വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ടും

8. കൂനൻ മദിക്കുകിൽ ഗോപുരം കുത്തുമോ?

II

# സഭാപ്രവേശം.

## മൂലകഥയിൽനിന്നുള്ള വ്യത്യാസങ്ങൾ.

സഭാപ്രവേശം തുള്ളലിലെ കഥ മഹാഭാരതം സഭാപൎവ്വത്തിൽ ഒന്നുമുതൽ നാല്പത്തേഴുവരെ അദ്ധ്യായങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. ഖാണ്ഡവദാഹാനന്തരം അൎജ്ജുനനും കൃഷ്ണനും മയനും കൂടി കാളിന്ദീതീരത്തിൽ ചെന്നു വിശ്രമിച്ചു എന്നു പറഞ്ഞുകൊണ്ടാണു് ആദിപൎവ്വം അവസാനിക്കുന്നതു്. "ഇക്രുദ്ധകൃഷ്ണങ്കൽനിന്നും കത്തുംവഹ്നിയിൽനിന്നുമേ അങ്ങെന്നെക്കാത്തു കൗന്തേയ ചൊല്ക, ചെയ്യേണ്ടതെന്തു ഞാൻ?" എന്നു മയൻ അൎജ്ജുനനോടു ചോദിക്കുന്നതായി വിവരിച്ചുകൊണ്ടു് സഭാപൎവ്വം ആരംഭിക്കുകയുംചെയ്യുന്നു. തനിക്കു യാതൊരുപകാരവും ചെയ്യേണ്ടതില്ലെന്നായിരുന്നു അൎജ്ജുനന്റെ മറുപടി. "പ്രീതിപൂൎവ്വം കുറഞ്ഞൊന്നു ചെയ്യാനിച്ഛിപ്പതുണ്ടു ഞാൻ" എന്നു മയൻ വിണ്ടും ഉണൎത്തിച്ചു. പ്രാണാപായത്തിൽനിന്നു താൻ രക്ഷിച്ച ഒരാളിൽനിന്നു് ഒരു പ്രത്യുപകാരം ഇച്ഛിക്കുന്നതു ശരിയല്ലെന്നും, എന്തെങ്കിലും ചെയ്തേ മതിയാവൂ എന്നു നിൎബ്ബന്ധമുണ്ടെങ്കിൽ ശ്രീകൃഷ്ണന്നു് ഏതെങ്കിലും ഒരു ഉപകാരം ചെയ്തുകൊടുത്താൽ മതിയെന്നും, അതു തനിക്കു ചെയ്തതായി താൻ വിചാരിച്ചുകൊള്ളാമെന്നും

അജ്ജുനൻ അഭിപ്രായപ്പെട്ടു. എന്താണ് താൻ ചെയ്യേണ്ടതെന്നുള്ള മയൻെറ ചോദ്യത്തിന്,

കെല്പിൽ പ്രിയം ചെയ്യുവാൻ നീ ശില്പിവയ്യ നിനയ്ക്കിലോ
ധമ്മരാജന്നു തക്കൊന്നായങ്ങു ചിന്തിച്ചു ദാനവ
മനുഷ്യലോകേ മററാരുമീ നിലയ്ക്കൊന്നു തീക്കവാൻ
നോക്കിയാൽ പററിടാത്തോരു ശുഭയാം സഭ തീക്കെടോ.

എന്നായിരുന്നു ശ്രീകൃഷ്ണൻെറ മറുപടി. അങ്ങനെയാണ് മയൻ "പാണ്ഡവന്മാക്കു തക്കോരു സഭ തീപ്പാനൊരുങ്ങിയ"തു്. "ഭൂരിദ്വിജവരന്മാക്കു പരമാന്ന"വും മററും കൊടുത്തുകൊണ്ടു് ഒരു ശുഭമുഹൂത്തത്തിൽ മയൻ "പത്തു കിഷ്കുസഹസ്രം ചുററളവിൽ കുററിനാട്ടി."

ഈ ഘട്ടത്തിൽ ധമ്മപുത്രരോടനുവാദം വാങ്ങി കൃഷ്ണൻ ദ്വാരകയിലേയ്ക്കു പോയി. സഭാസ്ഥാനത്തിൻെറ ജോലി മുറയ്ക്കു നടന്നുകൊണ്ടിരുന്നു. 'പതിന്നാലു മാസംകൊണ്ടാണ് അതിൻെറ പണി തീന്നതു്. അനേകായിരം ബ്രാഹ്മണക്കു ഭക്ഷണംകൊടുത്തു് പാണ്ഡവന്മാർ സഭാപ്രവേശംനടത്തി. സഭ്യയുടെ വിഭവങ്ങളെപ്പററി വ്യാസൻ വണ്ണിക്കുന്നതു കേൾക്കേണ്ടതാണ്.

പിന്നെ പ്രവേശിച്ചിതതിൽ മന്നവൻ ധർമ്മനന്ദനൻ
പതിനായിരമങ്ങു ഋഷീവ്വാനേക്ഷ്മിക്കൊട്ടുത്തു താൻ.
നെയ്യും പായസവും നല്ല തേനും കൂട്ടിക്കലത്തുടൻ
ഭക്ഷ്യങ്ങൾ ഫലമൂലം മാൻ പന്നി മാംസങ്ങളെന്നിവ

..........................................................

ഉണപ്പുടകളും നാനാജാതി പൂക്കളുമങ്ങനെ
കൊടുത്തു നാനാദേശാപൂവിപ്രരെത്തുപൂരാക്കിനാൻ.

അങ്ങനെയിരിക്കെ, ഒരിക്കൽ നാരദൻ ധൎമ്മപുത്രരെക്കാണുന്നതിനായി വന്നു. നൂററിൽപരം പദ്യങ്ങളിൽ നീണ്ടുനില്ക്കുന്ന ഒരു കുശലപ്രശ്നത്തോടുകൂടിയാണ് ആ ദേവൎഷി സംഭാഷണമാരംഭിച്ചതു്. ആ ഭാഗം വായിക്കുന്ന ഒരാൾക്കു് നാരദന്റെ രാജ്യതന്ത്രജ്ഞതയിൽ അത്ഭുതം തോന്നാതിരിക്കയില്ല. അങ്ങമിങ്ങുംനിന്നു ചില പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

"തനിക്കൊക്കും വൃദ്ധർ ശുദ്ധരറിവേകാൻ മതിന്നവർ
കുലീനർ കൂറുള്ളവർകളല്ലീ നിൻ മന്ത്രിമാർ നൃപ!
മന്ത്രസംവരണത്തോടും ശാസ്ത്രജ്ഞർ തവ മന്ത്രികൾ
രാഷ്ട്രം രക്ഷിച്ചിടുന്നില്ലേ മുടിപ്പീലല്ലി വൈരികൾ?"

"ചെറുപ്പക്കാരെ നീ യോധമുഖ്യരായ് വെപ്പതില്ലയോ
ആയിരം മൂർഖരേ വിററും വാങ്ങുന്നില്ലേ വിദഗ്ദ്ധനേ?"

"പിതൃപൈതാമഹന്മാരായ് ഛലമററ വിശുദ്ധരായ്
മുഖ്യമന്ത്രികളേ വെയ്പീലല്ലി മുഖ്യക്രിയയ്ക്കു നീ
ഉദ്വേഗം പ്രജകൾക്കേകുന്നീലല്ലി തീക്ഷ്ണ ശിക്ഷയാൽ?"

"ധൃഷ്ടൻ ശൂരൻ ബുദ്ധിശാലി ധീരൻ ശുചി കുലോന്നതൻ
കൂറുള്ളോനും ദക്ഷനുമല്ലല്ലി നിൻ പടനായകൻ?
നിൻപടത്തലവന്മാരാം വൻപർ യുദ്ധവിശാരദർ
ദൃഷ്ടാപദാനർ വീരന്മാരേററം മാനിതരല്ലയോ?
സാപ്പാടുമാശ്ശമ്പളവും പടജ്ജനമതിന്നു നീ
കാലേ യഥോചിതം നല്കുന്നീലേ താമസമെന്നിയേ?
ഇവർ ചോറും ശമ്പളവും നല്കാൽ താമസമാക്കിയാൽ
ദരിദ്രൻ സ്വാമിയെന്നോക്കുമതേററവുമനൎത്ഥമാം"

"തൊണ്ടിയോടും തസ്കരനെ വെളിവായിപ്പിടിക്കിലും
തജ്ജ്ഞന്മാരിഹ ലോഭത്താൽ വിടുന്നില്ലല്ലി മന്നവ!
ആഢ്യന്റേയും ദരിദ്രൻതന്റെയും കാൎയ്യങ്ങളിൽ പ്രഭോ!
തെററായ് വിധിക്കുന്നില്ലല്ലീ കോഴ വാങ്ങിച്ച മന്ത്രിമാർ?"

"ദുൎഗ്ഗത്തിലൊക്കയും വിത്തധാന്യായുധജലങ്ങളും
യന്ത്രങ്ങളും പൂൎണ്ണമല്ലേ ശില്പിവില്ലാളിവീരരും?"

കോട്ട കൊത്തളങ്ങൾ സൂക്ഷിച്ചു രക്ഷിക്കുന്നില്ലേ, ചുങ്കക്കാർ അനാവശ്യമായി ജനങ്ങളെ ബുദ്ധിമുട്ടിക്കാറുണ്ടോ, ഉദ്യോഗസ്ഥന്മാരെ സ്ത്രീകൾ വഴിപിഴപ്പിക്കാറുണ്ടോ, എന്നു തുടങ്ങി അനവധി ചോദ്യങ്ങൾ നാരദൻ ഇതുകൂടാതെയും ചോദിക്കുന്നുണ്ട്. ഇതിനൊക്കെ മറുപടി പറഞ്ഞതിനുശേഷം, തൻെറ പുതിയ സഭയോടു തുല്യമായ ഒരു സഭ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ എന്നു ധൎമ്മപുത്രൻ നാരദനോടു ചോദിക്കുന്നു. പിന്നെ നാരദൻ ഓരോ ദിക്കിൽ കണ്ടിട്ടുള്ള സഭകളുടെ വൎണ്ണനമായി. ബ്രഹ്മാവു്, യമൻ, ഇന്ദ്രൻ, വരുണൻ, വൈശ്രവണൻ എന്നിവരുടെ സഭകളെ ഓരോ അദ്ധ്യായംകൊണ്ടാണു് നാരദൻ വൎണ്ണിക്കുന്നതു്. ഒടുവിൽ,

ഇച്ചൊന്നൊരസ്സഭകളെക്കണ്ടേൻ ഭാരത! വാനിൽ ഞാൻ
മന്നിലീ നിൻ സഭയതിലൊക്കെയും മെച്ചമാണെടോ

എന്നു പറഞ്ഞു നാരദൻ ആ വൎണ്ണനം അവസാനിപ്പിക്കുന്നു. ഇന്ദ്രൻെറ സഭയെപ്പററി വൎണ്ണിക്കുന്ന കൂട്ടത്തിൽ ഹരിശ്ചന്ദ്രമഹാരാജാവു് അവിടെ ഇന്ദ്രൻെറ അൎദ്ധാസനത്തിന്നവകാശിയായി സസുഖം വാഴുന്നു എന്നു നാരദൻ പറഞ്ഞിരുന്നു. അതിനുള്ള കാരണം ധൎമ്മപുത്രൻ ചോദിക്കുകയും, രാജസൂയം കഴിച്ചതിൻെറ ഫലമായിട്ടാണു് ആ രാജാവിനു് ആ പദവി കിട്ടിയതെന്നു നാരദൻ മറുപടി പറകയും ചെയ്യുന്നു. അതോ

ട്ടക്രൂടി താൻ ദേവലോകത്തുനിന്ന പുറപ്പെട്ട അവസരത്തിൽ സ്വൎഗ്ഗവാസിയായ പാണ്ഡുമഹാരാജാവ് ധൎമ്മപുത്രരെ അറിയിക്കുന്നതിനായി തന്നെ ഏല്പിച്ച ഒരു സന്ദേശവും നാരദൻ അറിയിക്കുന്നു. ധൎമ്മപുത്രൻ താമസിയാതെ ഒരു രാജസൂയം ചെയ്യണമെന്നുള്ളതായിരുന്നു ആ സന്ദേശം.

പുത്രൻ നീയീമഖം ചെയ്യാൽ ഹരിശ്ചന്ദ്രൻകണക്കു ഞാൻ
നന്ദിപ്പനൊരുട്ടറെ വഷം ദേവരാജസഭാന്തരേ

എന്നുകൂടി പാണ്ഡു പറഞ്ഞയച്ചിരുന്നു. ഈ സന്ദേശവും കൂടി അറിയിച്ച നാരദൻ മടങ്ങിപ്പോയി. ധൎമ്മപുത്രൻ രാജസൂയത്തെപ്പററി അനുജന്മാരോടും മററും ആലോചിക്കുന്നതാണ് അടുത്ത ഭാഗം. ശ്രീകൃഷ്ണനേയും ക്ഷണിച്ചുവരുത്തി. ദീൎഘമായ ആലോചനയ്ക്കുശേഷം രാജസൂയം കഴിക്കാൻതന്നെ എല്ലാവരുംകൂടി തീരുമാനിച്ചു. അൎജ്ജുനനും ഭീമനും ദിഗ്വിജയത്തിനു പുറപ്പെട്ടു. ജരാസന്ധവധവും മററും നടക്കുന്നതു് ഈ ഘട്ടത്തിലാണ്. ദിഗ്വിജയം കഴിഞ്ഞു രാജസൂയം തുടങ്ങി. ക്ഷണിക്കപ്പെട്ടതനുസരിച്ചു നൂററവരും യാഗത്തിനു വന്നെത്തി. ശകുനിയും കൎണ്ണനും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. രാജസൂയത്തിൽ അൎഘ്യദാനത്തെപ്പററി തക്കമുണ്ടാവുകയും അതു ശിശുപാലവധത്തിൽ ചെന്നവസാനിക്കുകയുംചെയ്തു.

രാജസൂയം ഭംഗിയായി കഴിഞ്ഞുകൂടി. ക്ഷണിക്കപ്പെട്ടവർ മടങ്ങി. തിരികെ പോകുന്നതിനു മുൻപായി

ധർമ്മപുത്രരുടെ പുതിയ സഭാസ്ഥാനം ഒന്നു നടന്നു കണ്ടു കളയാം എന്നു തീരുമാനിച്ച് ദുര്യോധനൻ ശകുനിയോടുകൂടി പുറപ്പെട്ടു.

സ്ഫടികക്കൽത്തളംപുക്കു വെള്ളമെന്നു നിനച്ചുടയാൽ
ചെരിച്ചു കേററീ വസ്ത്രത്തെ മന്നൻ ബുദ്ധിഭ്രമത്തിനാൽ
പിന്നെയും സ്ഫാടികജലം സ്ഫാടികാബ്ജങ്ങളെന്നിവ
എഴുംകുളം തളം താനെന്നോർത്തു ചാടീ സവസ്ത്രനായ്
ദുര്യോധനനെ വെള്ളത്തിൽ വീണുകണ്ടു മഹാബലൻ
പൊട്ടിച്ചിരിച്ചിതാബ് ഭീമൻ ചിരിച്ചു കണ്ടു ഭൃത്യരും

........................................................

സ്ഫടികംകൊണ്ടുള്ളവാതിലടച്ചിട്ടാവഴിക്കവൻ
ചെന്നു കേറിത്തലയലച്ചുലഞ്ഞങ്ങനെ നിന്നുപോയ്
സ്ഫടികക്കൽവാതൽ ചാരീട്ടുള്ള മററ വഴിക്കവൻ
കൈകൊണ്ടുന്തിക്കടന്നിട്ടു മുഞ്ഞികുത്തി മറിഞ്ഞുപോയ്.
തുറന്നിട്ടോരു വാതിൽക്കൽച്ചെന്നുടൻ പിന്നെയായവൻ
അടച്ചിട്ടുണ്ടെന്നുവെച്ചു പിന്നോക്കാതന്നെ മാറിനാൻ.

ഇതാണ് സഭാസ്ഥാനസന്ദർശനത്തിനു പുറപ്പെട്ട ദുര്യോധനനുണ്ടായ അനുഭവം. ഭീമനും സഹോദരന്മാരും കണ്ടുനിന്ന മററുള്ളവരും ഇതു കണ്ടു ചിരിച്ചതിൽ അത്ഭുതപ്പെടാനില്ലല്ലോ. പാണ്ഡവന്മാരുടെ ഉൽക്കർഷത്തിൽ പണ്ടുതന്നെ അസൂയാലുവായ ദുര്യോധനന് ഇതു കൂട്ടതൽ സങ്കടത്തിനു കാരണമായിത്തീൎന്നു.

പാർത്ഥന്മാരെത്തുഷ്ടരായും മന്നോരെക്കീഴടക്കിയും
ആബാലവൃദ്ധം മാലോകരെല്ലാം നന്ദിച്ചിണങ്ങിയും
പാർത്തുകണ്ടാ മാന്യപാണ്ഡുപുത്രമാഹാത്മ്യമോർത്തഹോ
ദുര്യോധനൻ ധാർത്താരാഷ്ട്രൻ വൈവർണ്യംപൂണ്ടിതേററവും.

ഈ വല്ലായ്മക്കുള്ള കാരണമെന്താണെന്നു ശകുനി അന്വേഷിച്ചു. ശത്രുക്കളായ പാണ്ഡവന്മാരുടെ ഇത്ത

രത്തിലുള്ള ഉയച്ച് കണ്ടുകൊണ്ടു താൻ ജീവിക്കണമെന്നു വിചാരിക്കുന്നില്ലെന്നും, തീയിൽ ചാടിയോ വിഷം കുടിച്ചോ ആത്മഹത്യചെയ്യാനാണു് താൻ തീരുമാനിച്ചിരിക്കുന്നതെന്നും ആയിരുന്നു ദുര്യോധനൻെറ മറുപടി. ശകുനി ഭാഗിനേയനെ ആ സാഹസത്തിൽനിന്നു പിൻതിരിപ്പിക്കുകയും, താൻ കള്ളച്ചൂതിൽ ധർമ്മപുത്രരെ തോല്പിച്ച് രാജ്യവും ധനവും അപഹരിച്ചേക്കാമെന്നുറപ്പുപറയുകയും ചെയ്തു. അതിനെത്തുടർന്നുണ്ടായ ഗൂഢാലോചനയുടെ ഫലമായിട്ടാണു്, ഭാരതയുദ്ധത്തിനു നിദാനമായ ദ്യൂതക്രീഡ നടക്കുന്നതു്. അങ്ങനെ പോകുന്നു ആ കഥ.

എഴുത്തച്ഛൻ വളരെ സംഗ്രഹിച്ച് ഇതേരീതിയിൽ കഥ വിവരിക്കുന്നു. സംക്ഷേപിക്കേണ്ടിവന്നതുകൊണ്ടായിരിക്കാം, അർജ്ജുനൻ മയൻെറ അപേക്ഷയെ ഉപേക്ഷിച്ച ഭാഗവും മററും കിളിപ്പാട്ടിൽ കാണാത്തതു്. "മായാമയനാം മയൻ ധർമ്മനന്ദനനായങ്ങൊരു സഭ നിർമ്മിച്ചു നൽകിനാൻ" എന്നുമാത്രമേ എഴുത്തച്ഛൻ പറയുന്നുള്ളു. എന്നാൽ രാജസൂയത്തിൻെറ ആലോചന ധർമ്മപുത്രർക്കു തന്നെത്താനുണ്ടായതാണെന്നാണു് എഴുത്തച്ഛൻ പറയുന്നതു്.

കാലദേശാവസ്ഥകൾക്കനുരൂപേണ
കാലാത്മജനാമജാതശത്രുപ്രഭു
രാജപ്രവരനായ് വാഴുന്നകാലത്തു
രാജസൂയം വേണമെന്നു തോന്നീയുള്ളിൽ.

അങ്ങനെയിരിക്കുന്നകാലത്താണത്രെ നാരദൻ അവിടെ എത്തിച്ചേൎന്നതു്. "രാജസൂയംചെയ്യാനാഗ്രഹമുണ്ടെന്നു രാജാവു മാമുനിയോടു പറഞ്ഞപ്പോൾ" സ്വൎഗ്ഗത്തിൽനിന്നു പാണ്ഡു പറഞ്ഞയച്ച തൽസംബന്ധിയായ സന്ദേശം നാരദൻ ധൎമ്മപുത്രരെ അറിയിക്കുന്നു. (മൂലത്തിലെ സുവിസ്തൃതമായ നാരദന്റെ അന്വേഷണങ്ങളൊന്നും കിളിപ്പാട്ടിൽ കാണുന്നില്ല.) അങ്ങനെ രാജസൂയത്തിന്റെ കാൎയ്യം തീരുമാനിക്കപ്പെടുന്നു. മററു ഭാഗങ്ങളിൽ പറയത്തക്ക വ്യത്യാസമൊന്നും കാണുന്നില്ല. മയൻ തീൎത്ത സഭാസ്ഥലത്തിൽ ദുൎയ്യോധനനു പററിയ സ്ഥലജലഭ്രമവും മററും ഏകദേശം മൂലത്തിലെപ്പോലെതന്നെ കിളിപ്പാട്ടിലും കാണുന്നു.

മായാമയനാം മയൻ പണിചെയ്യോരു
തോയാകരം നിലമെന്നു നിരൂപിച്ചു,
പാരാതെ ചെന്നുടൻ വാളുമായ് ചാടിനാൻ
വാരിയിൽ പട്ടുമുടുത്തു സുയോധനൻ.
ആരും കാണാതെ ചിരിച്ചിതെല്ലാവരും
പാരം ചിരിച്ചിതു ഭീമനതുനേരം
നാണവുംപൂണ്ടഭിമാനക്ഷയത്തോടു-
മാനനവും താഴ്ത്തിയാരെയും നോക്കാതെ
പോയീ സുയോധനനന്നു തുടങ്ങീട്ടു
കായം മെലിഞ്ഞു പനിയുഃ പിടിച്ചു തേ.
.................................

ധൎമ്മജൻതന്റെ ധനവും പ്രതാപവും
നന്മയും കണ്ടു സഹിയാഞ്ഞതുകാലം
താണിതു ബുദ്ധി തളൎച്ചയും പാരമാ-
യുണ്ണമുറക്കവുമില്ലാതെ വന്നിതു.

ഇങ്ങനെയാണ് എഴുത്തച്ഛൻ ആ ഭാഗം അവസാനിപ്പിക്കുന്നത്. തുടർന്നുള്ള ചൃത്തുകളിയും, മററും മൂലത്തെ അനുസരിച്ചുതന്നെ.

കുഞ്ചൻനമ്പ്യാർ കഥാപ്രതിപാദനത്തിൽ ആദ്യവസാനം പുതിയ ഒരു രീതിയാണ് അംഗീകരിച്ചിട്ടുള്ളത്. പാണ്ഡവന്മാർ ഇന്ദ്രപ്രസ്ഥത്തിൽ സസുഖം വാണുകൊണ്ടിരിക്കുന്നകാലത്ത്,

വാസവൻെറ പുത്രനായോരജ്ജ്വനൻ വാണിരിക്കുന്ന
വാസഗേഹേ വന്നു കൂപ്പീ മയനാം ദാനവശ്രേഷ്ഠൻ.

എന്നാണല്ലോ തുള്ളലിൻെറ ആരംഭംതന്നെ. അതുകൊണ്ടായില്ല. അജ്ജുനൻ, മയനു സ്വാഗതം പറയുകയും വരവിന്നുള്ള കാരണം ചോദിക്കയും കണ്ടതിലുള്ള സന്തോഷാധിക്യം പ്രകടിപ്പിക്കയും ചെയ്യുന്നു. ഇതിൽനിന്നൊക്കെ ധ്വനിക്കുന്നത് അവർ തമ്മിൽ കണ്ടിട്ടു വളരെനാളായിട്ടുണ്ടെന്നാണല്ലോ. "ഖാണ്ഡവം കാനനം പാടേ ചുട്ടെരിച്ചില്ലയോ മുന്നം" എന്നു മയൻ ചോദിക്കപോലും ചെയ്യുന്നു. മൂലത്തിലെ കഥ ഇതിനു നേരെ വിപരീതമാണെന്നു നാം കണ്ടുകഴിഞ്ഞു. സഭാപ്രവേശം മറെറാരു കഥയുടെ തുടച്ചയാണെന്നു വരുത്താതെ ഒരു പ്രത്യേകകഥയാക്കി നിറുത്തിയാൽ ഉണ്ടാകാവുന്ന കലാപരമായ മേന്മയെ ഉദ്ദേശിച്ചായിരിക്കാം കുഞ്ചൻനമ്പ്യാർ ഇങ്ങനെ ചെയ്തത്. ആ ഉദ്ദേശം ഫലിച്ചിട്ടില്ലെന്നു പറയാനും നിവൃത്തിയില്ല.

മയൻെറ നീണ്ട സംഭാഷണം മുഴുവൻ നമ്പ്യാരുടെ മനോധൎമ്മസന്താനമാണ്. "പാമ്പിനെപ്പാൽകൊടുത്തോനെപ്പാഞ്ഞുവന്നു കടിക്കുട്ടും ചേമ്പിനു നെയ്യൊഴിച്ചാകിൽ ചൊറിഞ്ഞു കൂട്ടുവാൻ മേലാ", "ആനവിററു പണമുണ്ടാക്കുന്നാവരെത്തെളിയിപ്പാൻ ചേനവിററു പൊറുക്കുന്ന ചങ്ങാതി മതിയാമോ?" എന്നു തുടങ്ങിയ അമൂല്യങ്ങളായ ആപ്തവാക്യങ്ങൾ അതിൽ കാണാം. മയൻ മനുഷ്യരെ തരംതിരിച്ച്, ദുർജ്ജനങ്ങളുടെ സ്വഭാവത്തെ വൎണ്ണിച്ച്, പതുക്കെ കൌരവരുടെ കുചേഷ്ടിതങ്ങളിലേക്കു കടക്കുന്നു. ദുൎയ്യോധനൻെറ ദുരാശ, ശകുനിയുടെ ദുരുപദേശം, കുരുടനായ കാരണവരുടെ കൌടില്യം മുതലായതു വിവരിക്കുന്നതുകൊണ്ടു തൃപ്തിപ്പെടാതെ, ആ ദാനവാശാരി,

എണ്ണങ്ങൾ വളരെയുണ്ടാകുമ്പോളവൎക്കെല്ലാം
പെണ്ണുങ്ങളഞ്ചുമെട്ടും പ്രത്യേകമുണ്ടുപോലും
അണ്ണൻെറ കളത്രമേതനുജൻെറ കളത്രമേ-
തെന്നുള്ള വിഭാഗങ്ങളവിടെക്കാൺകയില്ലിപ്പോൾ

എന്നതുവരെ എത്തിച്ചേരുന്നു. അതുകഴിഞ്ഞ് മുൻകരുതലെന്നനിലയിൽ രാജ്യതന്ത്രവിഷയകമായ ചില ഉപദേശങ്ങൾ നൽകാനും മയൻ മടിക്കുന്നില്ല. "കോട്ടവാടങ്ങൾ കിടങ്ങു കൊത്തളമിത്തരങ്ങളുറയ്ക്കണം;കോട്ടമരുതൊരുടിക്കിലും കരുതീട്ടുതന്നെ വസിക്കണം" (P. 9.) എന്നും മററുമുള്ള ഭാഗങ്ങൾ മഹാഭാരതത്തിലെ നാരദൻെറ വാക്കുകളെ അനുസ്മരിപ്പിക്കുന്നു.

സഭാനിർമ്മാണകാര്യത്തിൽ നമ്പ്യാരുടെ അർജ്ജുനന് അനുമതിചോദിക്കേണ്ടതു് ധർമ്മപുത്രരോടാണ്; കൃഷ്ണനുമായി അർജ്ജുനൻ ഇടപെടുന്നതേയില്ല. നിർമ്മാണരീതിയിലും വ്യത്യാസമുണ്ടു്. കോടാലികൊണ്ടു മയൻ നിലത്തു വെട്ടിയ ഉടനേ കെട്ടിടങ്ങൾ ഓരോന്നായി പൊന്തിവന്നുവെന്നാണ് നമ്പ്യാർ പറയുന്നതു്. എന്നു മാത്രമല്ല, സഭാനിർമ്മാണത്തിനു തങ്ങൾ എന്തെല്ലാം ഒരുക്കങ്ങളാണ് ചെയ്യേണ്ടതെന്ന് അർജ്ജുനൻ ചോദിച്ചപ്പോൾ, യാതൊരു ഒരുക്കങ്ങളും ആവശ്യമില്ലെന്നും "രണ്ടുനാലുദിവസത്തെബ്ഭക്ഷണം മാത്രമേ വേണ്ടു" എന്നുമാണല്ലോ മയൻ മറുപടി പറഞ്ഞതു്. സഭാനിർമ്മാണത്തിന് അത്ര ചുരുങ്ങിയ സമയം മാത്രമേ മയനു വേണ്ടിവന്നുള്ളു. അസുരശില്പിക്ക് ഒരു സഭാനിർമ്മാണത്തിന് "പതിന്നാലുമാസം" സമയം അനുവദിക്കുന്നതു ശരിയല്ലെന്നായിരിക്കാം നമ്പ്യാരുടെ അഭിപ്രായം. അത്ര അധികം സമയം വേണമെന്നുണ്ടെങ്കിൽ മയനും നമ്മുടെ ആശാരികൾക്കും തമ്മിൽ എന്താണൊരു വ്യത്യാസം? സഭാവർണ്ണനം നമ്പ്യാരുടെ കവനകലാകുശലതയ്ക്കു് അനുരൂപമായിട്ടുണ്ടു്. ആ ഭാഗം മുഴുവൻ നമ്പ്യാരുടെ മനോധർമ്മസന്താനമാണെന്നുള്ള വാസ്തവംകൂടി ഈ അവസരത്തിൽ ഓർക്കേണ്ടതാണ്.

തുള്ളലിൽ, സഭാസ്ഥാനത്തെപ്പററി ദുര്യോധനനും കൂട്ടുകാരും ആദ്യമായി അറിയുന്നതു് ഹസ്തിനപുരത്തിലെ ഊട്ടുപുരയിലെത്തിയ ബ്രാഹ്മണരുടെ സംഭാഷണ

ത്തിൽനിന്നാണ്. ആ വഴിക്കാണ് അതൊന്നു കണ്ടാൽ കൊള്ളാമെന്നുള്ള മോഹം ആ കൌരവരാജാവിന്നുണ്ടായത്. രാജസൂയത്തിൻെറ കാൎയ്യംതന്നെ നമ്പ്യാർ ശബ്ദിക്കുന്നില്ല. ഇതും മനഃപൂൎവ്വം വരുത്തിയ മാററമാണെന്നുവേണം വിചാരിക്കാൻ. രാജസൂയത്തെപ്പററി പറഞ്ഞാൽ കഥ നീണ്ടുപോകുമെന്നുള്ള വിചാരമായിരിക്കണം ഇതിന്നു കാരണം. ജരാസന്ധവധം, ശിശുപാലവധം മുതലായ അനവധി പ്രധാനസംഭവങ്ങൾ അതിനിടയ്ക്കു നടക്കുന്നുണ്ടല്ലൊ. നാരദനെ നമ്പ്യാർ തീരെ അവഗണിച്ചിരിക്കുന്നു. മൂലത്തിൽ നാരദനെ പ്രവേശിപ്പിക്കുന്നത് രാജസൂയപ്രസ്താവം കൊണ്ടുവരുന്നതിന്നുവേണ്ടിയാകയാലും, തുള്ളലിൽ രാജസൂയത്തെപ്പററിയുള്ള പ്രസ്താവം വേണ്ടെന്നുവെച്ചതിനാലുമായിരിക്കാം നമ്പ്യാർ നാരദനെ പ്രവേശിപ്പിക്കണ്ട എന്നു തീരുമാനിച്ചത്.

സഭാസ്ഥാനത്തിലെത്തിയ ദുൎയ്യോധനനു പററിയ അമളികളെല്ലാം മൂലത്തിലുള്ളതുതന്നെ. കുഞ്ചൻനമ്പ്യാരുടെ തൂലികയിൽക്കൂടി പുറത്തുവന്നാലുള്ള മെച്ചം അതിൽ കാണാമെന്നുമാത്രം. "മാനിനിമാർ മണിയാളാം ദ്രൗപദിയും കരംകൊണ്ടങ്ങാനനത്തേ മറച്ചാശു മന്ദഹാസം ചെയ്തുമെല്ലേ" എന്ന വികടക്കൈ മൂലത്തിലില്ലാത്തതാണുതാനും. ഒരു സ്ത്രീയെക്കൊണ്ടുകൂടി ചിരിപ്പിച്ചാലല്ലേ, ദുരഭിമാനനിധിയായ ദുൎയ്യോധനൻെറ അമർഷത്തിന്നു ശക്തികൂടുകയുള്ളു! അതുപോലെ സംഭ

വിക്കയുംചെയ്ത 'കനക്കേടും മാനക്കേടും' പററിയതോ ത്തു കോപവും താപവും സഹിക്കവഹിയാതെയാണു് ദുര്യോധനൻ ഹസ്തിനപുരിയിലേക്ക മടങ്ങിയതു്. ഹസ്തി നപുരത്തിലെത്തിയതിനുശേഷം "ഭായ്യമാരോടേ രമി ച്ചു കൌരവശ്രേഷ്ഠൻ" എന്നുമാത്രം പറഞ്ഞു നമ്പ്യാർ കഥ അവസാനിപ്പിച്ചതു്, ആ കൌരവരാജാവിനെ മനഃപൂർവ്വം ആക്ഷേപിക്കാനായിട്ടല്ലെങ്കിൽ, പിന്നെ എന്തിനായിരിക്കാം?

## മററു പുതുമകൾ.

കുഞ്ചൻനമ്പ്യാരുടെ കവിതയ്ക്കുള്ള ജീവൻതന്നെ ഫലിതവും പരിഹാസവുമാണല്ലൊ. ഏതു കഥയിലും നമ്പ്യാർ അവയ്ക്കു സ്ഥാനമുണ്ടാക്കാതിരിക്കയില്ല. അ തിനുവേണ്ടി കഥയിൽ എന്തെല്ലാം പുതുമകൾ വരു ത്തുന്നതിനും ആ വിനോദരസികനു യാതൊരു മടിയു മില്ല. സഭാപ്രവേശത്തിലും ഇതിനു ധാരാളം ദൃഷ്ടാന്ത ങ്ങൾ കാണാം.

മയൻെറ പ്രവേശം ഖാണ്ഡവദാഹം കഴിഞ്ഞു് വളരെക്കാലത്തിനുശേഷമാക്കിയതുതന്നെ ഇതിനുവേ ണ്ടിയാകുന്നു. കൌരവന്മാരുടെ കുചേഷ്ടിതങ്ങളെ മയ നെക്കൊണ്ടു വർണ്ണിപ്പിക്കണമെങ്കിൽ അങ്ങനെ ചെയ്താ ലല്ലേ സാധിക്കൂ! അതിനു മുഖവുരയായി സജ്ജനദുർ ജ്ജനവിവേചനം മുതലായതു നടത്തുകയും ചെയ്യാമ ല്ലൊ. നമ്പ്യാരുടെ വ്യക്തിത്വം പ്രസ്പഷ്ടമാകുന്നതു് ഇത്തരം ഭാഗങ്ങളിലാണുതാനും.

"കൃഷ്ണ രാമ മുകുന്ദ മാധവ വാസുദേവ നമോസ്തുതേ" എന്നു തുടങ്ങിയ ധമ്മപുത്രരുടെ സ്തുതിയും, "പദ്മമണ്ഡ ഹ ണമോ ണമോ തുരസ്ഡ·പങ്കയക്ഖ ണമോ ണമോ" എന്നിത്യാദി പ്രാകൃതസ്തോത്രവും, സന്ദർഭോചിതമായി നമ്പ്യാർ കൂട്ടിച്ചേർത്തതാകുന്നു. അവസരം കിട്ടുമ്പോഴൊക്കെ ഇത്തരം ഈശ്വരസ്തുതികൾ—മൂലത്തിൽ അവയുടെ സൂചനപോലും ഇല്ലാത്ത സ്ഥലങ്ങളിൽപ്പോലും—കുഞ്ചൻനമ്പ്യാർ പ്രയോഗിക്കാറുണ്ടെന്നുള്ളതിനു മിക്ക തുള്ളലുകളിലും ഉദാഹരണങ്ങൾ കാണാം. "കായാമ്പൂമലർകുള്ളിലായാസം വളർക്കുന്ന കായാ! കാർമുകിൽവർണ്ണ! മായാമാനുഷ! കൃഷ്ണ!" എന്നു തുടങ്ങി നമ്പ്യാരുടെ പ്രഥമകൃതിയായ കല്യാണസൌഗന്ധികത്തിൽ ഇത്തരംതന്നെ ഒരു സ്തോത്രം കാണാം. ഈശ്വരഭക്തിക്കു സർവ്വപ്രാധാന്യം കല്പിച്ചുകൊണ്ടു കഥാകഥനം നടത്തുന്ന ചാക്യാരിൽനിന്നായിരിക്കാം നമ്പ്യാർ ഈ രീതി സ്വീകരിച്ചത്.

അഹങ്കാരം എവിടെക്കണ്ടാലും അതിന്റെ തലയിൽ ഒരു കൊട്ടുകൊട്ടാതെ നമ്പ്യാർ അടങ്ങുകയില്ല. അദ്ദേഹം സ്വതേ പാണ്ഡവപക്ഷപാതിയാണെങ്കിലും ഭീമന്റെ ഗർവ്വ് അല്പം കടന്നുപോയി എന്നു അദ്ദേഹത്തിനു തോന്നിയതുകൊണ്ടാണ് കല്യാണസൌഗന്ധികത്തിൽ ആ ഗദായുധന്റെ ദുരഹങ്കാരം അല്പമൊന്ന് അടക്കിവെക്കാൻ ആ കവിശ്രേഷ്ഠൻ തീരുമാനിച്ചത്. പാഞ്ചാലി സൌഗന്ധികപുഷ്പം കൊണ്ടുവന്നു തര

ണമെന്ന് ആവശ്യപ്പെട്ട ഉടനേതന്നെ, വരാവുന്ന ആപത്തുകളെപ്പററി ആലോചിക്കപോലും ചെയ്യാതെ, ഗദയുമെടുത്തു ചാടിപ്പുറപ്പെട്ട ഭീമസേനനെ "ആച്ഛിക്കമാസ്യപ്രവൃത്തിചെയ്യുന്നവൻ കൊച്ചിക്കപോയങ്ങു തൊപ്പിയിട്ടീടണം" എന്നതുവരെ നമ്പ്യാർ അധിക്ഷേപിക്കുന്നു. പാണ്ഡവന്മാരുടെനേരെ ഈവിധം പെരുമാറിയ കവി കൌരവന്മാരുടെകാര്യത്തിൽ എന്താണ് ചെയ്യുക എന്നു പ്രത്യേകം പറയേണ്ടതുണ്ടോ? സഭാപ്രവേശം എഴുതിയതുതന്നെ കൌരവജ്യേഷ്ഠനെ നല്ലപോലെ ഒന്നു കളിയാക്കിവിടാനല്ലേ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. കഥാഘടനയിൽ അതിന് അനുകൂലമായവിധം പല മാററങ്ങളും വരുത്തിയിരിക്കുന്നതു നോക്കുക. കഥ പത്തുനാല്പതദ്ധ്യായങ്ങളിലായി വ്യാപിച്ചുകിടക്കുന്ന മൂലത്തിൽ ദുര്യോധനനെ നാം കാണുന്നതു് അവസാനത്തെ ഒരദ്ധ്യായത്തിൽ മാത്രമാണ്. അയാൾ ഒന്നു വന്നു മുഖംകാണിക്കുന്നു; ഉടനെ നാണംകെട്ടു പിൻവാങ്ങുകയും ചെയ്യുന്നു. തുള്ളലിലെ സ്ഥിതി അതല്ല. ഊട്ടുപുരയിൽ പോയി മറഞ്ഞിരുന്ന് പാന്ഥന്മാരുടെ സംഭാഷണം ശ്രദ്ധിക്കുന്ന അവസരംമുതൽ, സഭാസ്ഥാനത്തിലെ സ്ഥലജലഭ്രമം നിമിത്തം കനക്കേടും മാനക്കേടും സംഭവിച്ചു് ഹസ്തിനപുരത്തിലേക്കു മടങ്ങുന്നതുവരെ, ആ ദുരഹങ്കാരിയെ—ആ അസൂയാകുക്ഷിയെ—നാം നിരന്തരം കണ്ടുമുട്ടുന്നു. ഓരോ ഘട്ടത്തിലും സുജനതയിൽ ഓരോ പടി താഴ്ത്തി താഴ്ത്തിക്കൊണ്ടാണ് നമ്പ്യാർ ആ പാത്രത്തെ അവത

രിപ്പിക്കുന്നതു്. പാണ്ഡവന്മാരുടെ വർത്തമാനം കേട്ട ഉടനെതന്നെ ദുര്യോധനനു 'തലവേദന' തുടങ്ങുന്നു. ദുർജ്ജനങ്ങൾക്കു് മററുള്ളവരുടെ മേന്മകണ്ടാൽ സാധാരണ മായുണ്ടാകാറുള്ള ഒരു സുഖക്കേടാണതു്. ആ രാത്രി അയാൾക്കുറക്കം വരുന്നില്ല. ഒരുവിധം നേരം വെളുപ്പിക്കുന്നു എന്നുമാത്രം. പ്രഭാതമായ ഉടനെ അയാൾ ചെയ്യുന്നതു് അനുജന്മാരെയൊക്കെ വിളിച്ചു വരുത്തുകയാണു്. ആ ഘട്ടത്തിൽ,

> ദുർമ്മുഖ ദൂഷണ ദുസ്സാസന ദുശ്ശശപരാ വാടാ
> ധർമ്മജൻേറ പുരം തന്നിലുണ്ടുപോലത്ഭുതം കിഞ്ചിൽ
> വെണ്മഴുകൊണ്ടുവനിയിൽ വെട്ടിപോൽ ദാനവാശാരി
> വെണ്മചേരും സഭാസ്ഥാനം തീർന്നുപോലപ്പോഴേ തന്നേ

എന്നും മററും പറയുന്നിടത്തു് ആ അസൂയാലു കാണിക്കുന്ന സംഭ്രമം കണ്ടാൽ ആരാണു് ചിരിച്ചുപോകാത്തതു? "ഭോഷ്കുതന്നെ വഴിപോക്കർ പറഞ്ഞതന്നെന്റേ പക്ഷം" എന്നു പറഞ്ഞു ദുര്യോധനൻ സ്വയം സമാധാനിക്കാൻ നോക്കുന്നുണ്ടെങ്കിലും, അടുത്ത ക്ഷണത്തിൽത്തന്നെ "വർണ്ണിതമാം സഭാസ്ഥാനം ചെന്നു കണ്ടുവരേണ്ടയോ?" എന്നു ചോദിക്കുകയുംചെയ്യുന്നു. ഈ ഭാഗങ്ങളിലൊക്കെ നമ്പ്യാർ ദുര്യോധനനെ മാനസികമായി. വളരെ വളരെ അധഃപതിപ്പിച്ചിട്ടുണ്ടു്.

ദുര്യോധനൻെറ വങ്കത്തം അതിൻെറ പൂർണ്ണരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു് അയാൾ സുന്ദരവേഷംകെട്ടുന്ന ഘട്ടത്തിലാണു്. പാണ്ഡവന്മാർ താമസിക്കുന്ന സ്ഥലത്തിന്നടുത്തെത്തിയപ്പോൾ, പെട്ടി പെട്ടകം മുതലായ

തൊക്കെ തുറപ്പിച്ച് "പട്ടും പട്ടുറുമാലും ചേലയും" മ റവും പുറത്തെടുത്ത് "എട്ടു രണ്ടു മുഴത്തിലുള്ളൊരു പട്ടുത്തരഞ്ഞാണവും ഇട്ടു പട്ടുറുമാലു.കെട്ടിമുറുക്കി നല്ലൊരു തൊങ്ങലും" വെച്ച് കണ്ണാടിയെടുത്ത് "പല്ലിളിച്ചു നോക്കി രസിക്കുന്ന" ആ ചിത്രം വായനക്കാരുടെ മനോദൃഷ്ടിയിൽനിന്ന് അത്രവേഗം മറഞ്ഞുപോകുന്ന ഒന്നല്ല. സഭയിൽചെന്നാൽ സൂക്ഷിച്ചു പെരുമാറണമെന്നും, താൻ ചെയ്യുന്നതു നോക്കി അതുപോലെ പ്രവർത്തിച്ചാൽ അബദ്ധം പററുകയില്ലെന്നും അനുജന്മാർക്കു മുന്നറിവു നൽകുന്ന ദുര്യോധനൻ, ഒടുവിൽ വെള്ളമില്ലാത്ത ദിക്കിൽ വെള്ളമുണ്ടെന്നു ഭ്രമിച്ച് "വീരാളിപ്പട്ടു ചൊരച്ചുകയററി വീരൻ പതുക്കെപ്പദംകൊണ്ടു തപ്പി"യതും, അതുകണ്ട്,

> "പിൻപിൽ നടക്കുന്ന തമ്പിമാരെല്ലാം
> മുൻപിൽ നടക്കുന്ന ചേട്ടനെപ്പോലേ
> ചന്തത്തിലുള്ളൊരു പട്ടുമയത്തി
> കന്തിച്ചു കന്തിച്ചു യാത്ര തുടങ്ങി"

യതും മററും വായനക്കാരെ ചിരിപ്പിച്ചു മണ്ണുകപ്പിക്കുന്ന ഭാഗങ്ങളാകുന്നു. ഇവിടെ കവി ദുര്യോധനനെ എത്രമാത്രം പരിഹാസപാത്രമാക്കീട്ടുണ്ടെന്നുള്ളതിനു കണക്കില്ല. ഇതുകൊണ്ടൊന്നും പോരാഞ്ഞിട്ടാണ് ഭീമസേനനെക്കൊണ്ട് ആ ധൃതരാഷ്ട്രപുത്രനെ കളിയാക്കിക്കുന്നതു്. വെള്ളമുള്ള ദിക്കിൽ വെള്ളമില്ലെന്നു വിചാരിച്ചു ചെന്നുചാടിയ കൗരവജ്യേഷ്ഠൻ "വെള്ളം കുടിച്ചും കിതച്ചും പതച്ചും" വിഷമിക്കുന്നതു കണ്ടു വൃകോദരൻ, "രണ്ടു കരംകൊണ്ടു കൊട്ടിച്ചിരിച്ച്"

"നിങ്ങടെ രാജ്യത്തിൽ വെള്ളം കുടിപ്പാ-
നെങ്ങുമൊരേടത്തുമില്ലായ്കകൊണ്ടോ?
ഞങ്ങടേ നാട്ടിലെത്തോട്ടിലേ വെള്ളം
അങ്ങുള്ള വെള്ളത്തേക്കാൾ ഗുണമെന്നോ?"

എന്നാണത്രെ ചോദിച്ചതു്. ഈ ചോദ്യം 'അല്പം കടന്നുപോയില്ലേ' എന്നു സംശയം. ഈ വക പരിഹാസങ്ങൾക്കൊക്കെ മകുടം ചാർത്തുന്നതാണു്, അസഹനീയമായ അപമാനമേററു പ്രതീകാരബുദ്ധിയോടുകൂടി ഹസ്തിനപുരത്തിലേക്കു മടങ്ങിയ കൗരവരാജാവു് 'ഭാര്യമാരോടേ രമിച്ചു' എന്നു പറയുന്ന ഭാഗം. അതു വായിച്ചാൽ, എത്ര പരിഹസിച്ചിട്ടും തൃപ്തിവരാതെ ദുര്യോധനനെ നോക്കി കൊഞ്ഞനംകാണിക്കുന്ന നമ്പ്യാരെയാണു് സഹൃദയന്മാർ മനോദൃഷ്ടിയിൽ കാണുക!

സഭാപ്രവേശത്തിനുമുൻപു് പാണ്ഡവർ ഒരു ബ്രാഹ്മണസദ്യ നടത്തിയതായി മൂലത്തിൽ വർണ്ണിക്കുന്നുണ്ടു്. അതിനുപകരം ബ്രാഹ്മണരെക്കൊണ്ടു് ഇന്ദ്രപ്രസ്ഥത്തിലെ നിത്യസ്സദ്യയെയാണു് നമ്പ്യാർ വർണ്ണിപ്പിക്കുന്നതു്. തുള്ളൽക്കവി പഥികബ്രാഹ്മണരെ സൃഷ്ടിച്ചതിൽ ഒരു പക്ഷെ ഈ ഉദ്ദേശവും അടങ്ങിയിരിക്കാം. സദ്യയെ വർണ്ണിക്കുവാനുള്ള പരമാധികാരികൾ അവരാണല്ലൊ.

## കേരളീയത.

നമ്പ്യാരുടെ കേരളീയത്വം ഏതു തുള്ളലിലും തെളിഞ്ഞുകാണാമെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. 'സഭാപ്രവേശം' അതിനു് ഒരു പ്രസ്പഷ്ടോദാഹരണമാകുന്നു. കഥ നടക്കുന്ന ഇന്ദ്രപ്രസ്ഥവും ഹസ്തിനപുരവും

കേരളത്തിന്റെ ഒരു ഭാഗമാണന്നേ തുള്ളൽ വായിച്ചാൽ തോന്നുകയുള്ളു. കഥയുടെ ആരംഭംമുതൽ അവസാനംവരെ ഈ പ്രതീതി നീണ്ടുനില്ക്കുന്നുണ്ടുതാനും. മയൻ ഹസ്തിനപുരത്തെ സ്ഥിതിഗതികളെ വർണ്ണിക്കുന്നതാണല്ലൊ കഥയുടെ ആദ്യഘട്ടം. കൌരവന്മാർ ഭാര്യമാൎക്ക് 'ഉടുക്കാനും തേക്കാനും' കൊടുത്തു മുടിഞ്ഞു പോകുന്നുവെന്നു പറയുന്ന ദിക്കിൽ കേരളത്തിലെ പണ്ടത്തെ "സംബന്ധ"ത്തെയാണു് നമ്പ്യാർ ഉദ്ദേശിച്ചിട്ടുള്ളതു്. മക്കത്തായികളുടെ ഇടയിൽ "ഉടുക്കാനും തേക്കാനും കൊടുക്ക എന്നു പറയുന്ന പതിവുതന്നെയില്ല. അതുപോലെ സഭാസ്ഥാനത്തിന്റെ മഹിമയെപ്പററി വർണ്ണിക്കുന്ന ഘട്ടത്തിൽ "ഓതിക്കനമ്പൂരിമാരെങ്കിലുമങ്ങു ബോധിക്കാത്തുള്ളിൽ കടപ്പാൻ മേലാ" എന്നു പറയുന്നിടത്തും കവി അറിയാതെതന്നെ അദ്ദേഹത്തിന്റെ കേരളീയത്വം തെളിഞ്ഞുപോകുന്നു.

പഥികബ്രാഹ്മണരുടെ പ്രവേശഘട്ടമായപ്പോഴേക്കും എല്ലാം തനിക്കേരളംതന്നെയായിത്തീൎന്നു. "പട്ടന്മാർ പരിപ്പുകാർ മടപ്പള്ളിദ്വിജന്മാരും" ആണു് ഹസ്തിനപുരത്തിലെ ഊട്ടുപുരയിൽ കയറി ഇലവെക്കുന്നതു്. ഇന്ദ്രപ്രസ്ഥത്തിലെ സദ്യയ്ക്കുള്ള വട്ടത്തിൽ വലിയപപ്പടം, ചെറിയപപ്പടം, വേപ്പിലക്കട്ടി, പുളിഞ്ചേരി, ഓലൻ, കാളൻ മുതലായവ ഉൾപ്പെട്ടിട്ടില്ല. അട, ദോശ, വട, ഇഡ്ഡലി മുതലായവയാണു് അവിടത്തെ ഞായറാഴ്ച ഒരിക്കൽക്കാൎക്കുള്ള വട്ടങ്ങൾ. അതുപോലെ

അവിടത്തെ ആഘോഷങ്ങളുടെ കൂട്ടത്തിൽ, "ചന്തമേറിന ചാക്കിയാരുടെ കൂത്തും" പാഠകവും "പാണ്ടിമേളവും ഉരുട്ടുചെണ്ടയും" മററും ഉൾപ്പെട്ടുന്നുണ്ട്. ഇതൊക്കെ കേരളത്തിൽമാത്രം നടപ്പുള്ള ഏർപ്പാടുകളാണെന്നുള്ള വസ്തുത നമ്പ്യാർ തീരെ വിസ്മരിച്ചിരിക്കുന്നു.

ഇന്ദ്രപ്രസ്ഥത്തിലേക്കുള്ള യാത്രയിൽ "ആയുധമെടുത്തുകൊണ്ടായിരത്തിരുന്നൂറു നായന്മാരകമ്പടിയായ് മുന്നിൽനടക്കേണ"മെന്നാണ് ദുര്യോധനൻെറ കല്പന. ഊട്ടിലുണ്ണാൻമാത്രം കൊള്ളാവുന്ന നാട്ടുപട്ടന്മാർ കൂട്ടത്തിൽ ചെല്ലേണ്ട ആവശ്യമില്ലെന്ന് ആ കൌരവരാജാവു പ്രത്യേകം ശാസിക്കുന്നു.

പെട്ടകം പെട്ടിയും കെട്ടിച്ചുമപ്പാൻ പുള്ളരും കുട്ടി-
പ്പട്ടരും വെററിലസ്സഞ്ചിക്കാരനും കാരിയക്കാരും
എട്ടുപത്തു കടക്കാരുമഞ്ചുപത്തു വരിദയാല-
ക്കെട്ടെട്ടുകളും ഭടന്മാരുമായിരം നായരും വേണം.

ഇതും ആ കൌരവജ്യേഷ്ഠൻെറ കല്പനയിൽ പെട്ടതാണ്. യാത്രാമദ്ധ്യേ നടക്കുന്ന നായാട്ടിൽ പങ്കുകൊള്ളുന്നതും നായന്മാർതന്നെ. "നായാട്ടും മതിയാക്കി നായന്മാരിഹ പോന്നു" എന്നാണ് നമ്പ്യാർ പറയുന്നത്.

കേരളീയത്വം സ്പഷ്ടമായി തെളിഞ്ഞുകാണാവുന്ന ഭാഗങ്ങൾ മാത്രമേ ഇവിടെ എടുത്തുകാണിച്ചിട്ടുള്ളു. പദപ്രയോഗങ്ങൾ, ചില ആചാരവിശേഷങ്ങൾ മുതലായവയിൽനിന്ന് കേരളീയത്വം ഊഹിക്കാവുന്ന ഭാഗങ്ങൾ ഇതിനുപുറമേയും ധാരാളമുണ്ട്. ഹസ്തിനപുരത്തിലെ ഊട്ടുപുരയിൽ സദ്യയ്ക്കുകൂടിയവരൊക്കെ ചോ

ഴിയബ്രാഹ്മണരായിരുന്നുവെന്നു ദുര്യോധനൻ പറയുന്ന തും, യാത്രയ്ക്കൊരുങ്ങിവന്ന ആളുകളുടെ കൂട്ടത്തിൽ, "കുറുപ്പന്മാരും പണിക്കന്മാരും കണക്കപ്പിള്ളമാരും" മററുമുണ്ടായിരുന്നു എന്നു വർണ്ണിച്ചിട്ടുള്ളതും മററും ഇ തിനുദാഹരണമാകുന്നു.

അമ്പലപ്പുഴ, തിരുവനന്തപുരം എന്നീ രാജധാനി കളിൽ നമ്പ്യാർ കണ്ടും കേട്ടും പരിചയിച്ച സംഗതി കളാണു് വാസ്തവത്തിൽ തുള്ളലുകളിൽ പ്രതിഫലിച്ചു കാണുന്നതു്. സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചുനോക്കുന്ന ഒരു നിരൂപകനു, ചരിത്രപരമായും സാമുദായികമായും പല സംഗതികളും തുള്ളൽകൃതികളിൽനിന്നു കണ്ടുപിടി ക്കാൻ കഴിയും. ആ പരമാർത്ഥത്തിൻെറനേരെ കണ്ണട ച്ചുകളയുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

## തുള്ളൽവൃത്തങ്ങൾ.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളൽ മൂന്നുതരമുണ്ടു്. ശീതങ്കൻ, പറയൻ എന്നീ പേരുകൾ അമ്പലപ്പുഴയിലെ വേലകളിയിൽനിന്നു പകർന്നതായി രിക്കാമെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വളരെ പ തിഞ്ഞമട്ടിൽ പാടേണ്ടതു പറയൻതുള്ളലാണു്. ശീത ങ്കനു് അതിനേക്കാൾ വേഗംകൂടും. കൂട്ടത്തിൽ വേഗം പാടാവുന്നതു് ഓട്ടൻതുള്ളലാകുന്നു. അതുകൊണ്ടുത ന്നെയായിരിക്കാം അതിനു് ആ പേരു കിട്ടിയതു്.

സഭാപ്രവേശം, 'പറയൻ തുള്ളൽ' വർഗ്ഗത്തിൽ പെട്ടതാകുന്നു. പ്രസ്തുത കൃതിയിൽ മല്ലിക, കൃശമദ്ധ്യ,

വക്ത്രം, കല്യാണി, കാകളി, മഞ്ജരി എന്നീ വൃത്തങ്ങളാണു് പ്രാധാന്യേന പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്. മററു ചില വൃത്തങ്ങളും അവിടവിടെ പ്രയോഗിക്കപ്പെട്ടിട്ടില്ലെന്നില്ല. ഈ വൃത്തങ്ങളുടെയെല്ലാം ലക്ഷണവും ഉദാഹരണവും താഴെ ചേർക്കുന്നു.

രം സജം ജഭരേഫമിഗ്ഗണയോഗമത്ര ഹി **മല്ലികാ**

ഇതു് ഒരു സംസ്കൃതവൃത്തമാകുന്നു. സംസ്കൃതവൃത്തങ്ങൾ അക്ഷരപ്രധാനങ്ങളാണെന്നുള്ളതു സുവിദിതമാണല്ലൊ. കുഞ്ചൻനമ്പ്യാർ അതിനെ മാത്രാപ്രധാനമായിട്ടും പ്രയോഗിച്ചിട്ടുണ്ടു്; അതിൽത്തന്നെ പല വൈചിത്ര്യങ്ങളും കാണിച്ചിട്ടുമുണ്ടു്. താഴെ കാണിക്കുന്ന ഉദാഹരണങ്ങൾ നോക്കുക.

1. എന്തിനിത്ര പറഞ്ഞു ദാനവനെന്തു സംഗതിയെന്നു നീ
   ചിന്തിയാത്തവനല്ല നിങ്ങടെ ബന്ധു ഞാനസുരൻ മയൻ
2. തിരുവനന്തപുരേ വിളങ്ങിന പത്മനാഭ നമോസ്തുതേ
   തരുണജലധരനികരതുലിതകളേബരായ നമോസ്തുതേ
3. ഫലിതമൊരുവക പറകയും ചിലതുറകയും ചിലർ മറകയും
   പലരുമിഹ ഭുവി നിറകയും ചിലർ വിറകയും രസമറികയും
4. അന്ധനരവരവചനമിങ്ങനെ കേട്ടു സപദി സുയോധനൻ
   അന്ധമതി ശഠശകുനി കർണ്ണ സമാകുലൻ സുമഹാധനൻ
5. മന്ദമൻപിലണിഞ്ഞു സുന്ദരസുഭഗരൂപി സുയോധനൻ
   സ്വർണ്ണമണിമയമകുടകടകകിരീട ഭൂഷണഭൂഷിതൻ.

അടിയൊന്നിലെഴുത്തേഴ നാലിലോ അഞ്ചിലോ ലഘു
മററുള്ളതെല്ലാം ഗുരുവാം **കൃശമദ്ധ്യാ**ഖ്യയാമിതു്

ഉദാ:— മാത്തുരംബികേ നിന്നെയു്
പാർത്തു ഞാൻ വണങ്ങുന്നേൻ.

ആദ്യക്ഷരം കഴിഞ്ഞിട്ടു നസകാരങ്ങൾ കൂടാതെ
നാലിൻശേഷം യകാരത്തെച്ചെയ്താൽ വക്ത്രമെന്നു
[ഷ്ടപ്പിൽ

ഉദാ:— കുറവില്ലാത്തൊരു കിള്ളി-
കുറിശ്ശി ശ്രീമഹാദേവൻ.

കൃശമദ്ധ്യയെ വക്ത്രത്തോടു കലർത്തിയും പ്രയോ
ഗിക്കാറുണ്ട്. സഭാപ്രവേശത്തിൽ അത്തരത്തിലുള്ള
കൂട്ടിക്കലർപ്പുവൃത്തമാണ് അധികം കാണുന്നതു്.

ഉദാ:— ശ്രീചാരുസചത്രുപൻെറ
ചരണാംഭോരുഹം കൂപ്പി

കല്യാണി തഗണം മൂന്നു ഗുരു രണ്ടൊടുചേരുകിൽ
ഇതു് ഇരുപത്തിനാലുവൃത്തത്തിലെ "കല്യാണ
രൂപീ വനത്തിന്നു പോവാൻ" എന്ന രീതിയിലുള്ള
വൃത്തമാകുന്നു.

ഉദാ:— ധർമ്മതനൂജൻെറ മാനസന്തന്നിൽ
സമ്മോദമേററം വളൎന്നുകിളൎന്നു.

കല്യാണിവൃത്തത്തിലെ പഞ്ചമാത്രാത്മകമായ
ആദ്യത്തെ ഗണം മാത്രാപ്രധാനമാക്കിയും നമ്പ്യാർ
പ്രയോഗിച്ചിട്ടുണ്ട്.

ഉദാ:— നലമോടു പൊൻനൂൻ കുതിച്ചങ്ങുചാടി
നിലവിട്ടു വെള്ളത്തിൽ വീണാശു മുങ്ങി

മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തുള്ളീരടിക്കു ചൊല്ലാം കാകളിയെന്നുപേർ

ഉദാ—: വീട്ടും കുടികളും നാടും നഗരവും
തോട്ടം പുഴകളും കാടും മലകളും

സ്ലഥകാകളിവൃത്തത്തിൽ രണ്ടാംപാദത്തിലന്ത്യമാം
രണ്ടക്ഷരംകുറഞ്ഞീടിലതു **മഞ്ജരി**യായിടും

കൃഷ്ണഗാഥയിലെ വൃത്താതന്നെയാണിതു്. തുള്ളലുകളിൽ ഇതു് സാധാരണമായി പ്രയോഗിക്കാറില്ല.

ഉദാ:— സാദരമേവം പറഞ്ഞു മയൻ ഗുരു-
പാദസരോജങ്ങളോത്തുടനേ.

വൃത്തമഞ്ജരിയിലെ ലക്ഷണപരിധിയിൽ പെടാത്ത ചില വൃത്തങ്ങൾ സഭാപ്രവേശത്തിലും കാണുന്നുണ്ടു്. "മാരസമ! സുകമാര! പശുകുമാര! യദുകലവീര! (p. 16.) "വിളിച്ചും തെളിച്ചും കനിവൊടു കളിച്ചും പുളച്ചും നലമൊടു" (p. 28),മുതലായ വരികൾ ഇതിനുദാഹരണമാകുന്നു. "കടന്നു നടന്നു വാപീ തടവുമിടവും നല്ല' (p. 32) എന്ന വരികളിലെ വൃത്തവും വ്യക്തമാകുന്നില്ല. വളരെ ക്ലേശിച്ചാൽ വക്ത്രത്തിൽ ഉൾപ്പെടുത്താമായിരിക്കാം. സഭാപ്രവേശത്തിൽ മാത്രമല്ല, മററു തുള്ളലുകളിലും ഇതുപോലെ ലക്ഷണസമന്വയം സാധിക്കാത്ത പല വൃത്തങ്ങളും കാണുന്നുണ്ടു്. മററു വൃത്തങ്ങളുടെ അനുഭവം വെച്ചുനോക്കിയാൽ, അന്നു നാടോടികളായിരുന്ന വല്ല ഗാനരീതികളേയും പകത്തുകയോ പരിഷ്കരിക്കയോ ചെയ്തതിൻെറ ഫലമായി തുള്ളലിൽ കടന്നുകൂടിയതായിരിക്കാം ഈ വക വൃത്തങ്ങളും. അവയുടെ ലക്ഷണനിർണ്ണയം ഇനി സാധിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

# സഭാപ്രവേശം.

(പറയൻതുള്ളൽ)

നമസ്തേ വിഘ്നരാജാവേ! നമസ്തേ വിശ്രുതാത്മാവേ!
നമസ്തേ വിശ്വധാതാവേ! നമസ്തേ വൈരിജേതാവേ!
നമസ്തേ പാർവ്വതീനാഥ! നമസ്തേ ജാനകീനാഥ!
നമസ്തേ ഭാരതീനാഥ! നമസ്തേ ഭാർഗ്ഗവീനാഥ!
നരലോകോത്തമൻ ധാത്രീസുരലോകാധിപനെൻറ
ഗുരുനാഥൻ ഗുണാംഭോധി കരുണാശീതളസ്വാന്തൻ
പരിചോടെൻമനക്കാമ്പിൽ പരിശോഭിച്ചരുളേണം
പരമാനന്ദമൂർത്തേ! തേ പാദപത്മേ വണങ്ങുന്നേൻ.
കുറവില്ലാതൊരു കിള്ളിക്കുറിശ്ശി ശ്രീമഹാദേവൻ
കുറവെന്യേ മനോരംഗേ തിറമോടെ വിളങ്ങേണം
അറിഞ്ഞൊരു കഥാഭാഗം കുറഞ്ഞൊന്നിസ്സഭതന്നിൽ
പറഞ്ഞുപോരുവാനായ് ഞാനുറഞ്ഞു വന്നിഹ കേറി
നിറഞ്ഞുള്ളന്തണന്മാർ വന്നിരിക്കുന്ന സമക്ഷത്തു
പറഞ്ഞുകൊൾകയും പാരം വിഷമമെന്നതേ വേണ്ടു,
പറയൻെറ കുലംതന്നിൽ പിറന്നുള്ളോരടിയങ്ങൾ
പറയുന്ന പരമാർത്ഥമറിയുന്ന ജനം ഉണ്ടും.
പറയിപെറ്റുളനാം പാക്കനാരെന്നു പുകഴ്ന്നോരു
പറയപ്രൗഢനെക്കേട്ടാലറിയാതാരുമില്ലിപ്പോൾ.
മറകൾ നാലിലുമുള്ള മതമെല്ലാമവന്നുള്ളിൽ
മറക്കൂടാതിയലുന്നു, മറവിയും തരിമ്പില്ല.

കുരുപ്പത്തിലൊരുമാർഗ്ഗമുറപ്പിച്ചു മനക്കാമ്പിൽ
ചെറുപ്പത്തിൽ പഠിച്ചതു നിരപ്പോടെ പറഞ്ഞീടാം
അറപ്പു വിട്ടടിയങ്ങളറിയിക്കുന്നതു കേട്ടാൽ
ചെറുപ്പക്കാർക്കൊരുപന്തി വെറുപ്പുണ്ടായ് വരുമെന്നാൽ
കറുത്ത ഭാവവും പൂണ്ടു മറുത്തു വന്നുടൻ നമ്മെ
പുറത്തു മാററുവാൻ ചാടിപ്പുറപ്പെട്ടെങ്കിലും ഞങ്ങൾ
തരിമ്പു മാറുകയില്ലെന്നറിഞ്ഞു കൊൾകെടോ മററും
തരംപോലേ പ്രയോഗിപ്പാനൊരുമ്പെട്ടു പുറപ്പെട്ടു
കരിമ്പുവില്ലനെച്ചുട്ടു കരിച്ചോരീശ്വരൻ നല്ലോ-
രിരിമ്പുങ്കട്ടപോലുള്ളിലുറച്ചു വാണരുളുന്നു.
പരിപൂർണ്ണപരബ്രഹ്മസ്വരൂപം പാവനാകാരം
ചിരം പാലിച്ചരുളേണം ചിന്മയാത്മൻ! നമസ്കാരം —

തിരുവനന്തപുരേ വിളങ്ങിന പത്മനാഭ നമോസ്തുതേ
തരുണജലധരനികരതുലിതകളേബരായ നമോസ്തുതേ
അരുണപങ്കജകോമളായതലോചനായ നമോസ്തുതേ
ചരണസരസിജയുഗളനിപതിതനിഖിലദേവ നമോസ്തുതേ
ഉന്നതോരുകിരീടകുണ്ഡലമണ്ഡിതായ നമോസ്തുതേ
ഉരഗവരമയശയന! ജയജയ നളിനനാഭ! നമോസ്തുതേ
ഇന്ദിരാമണിമന്ദിരാമലസുന്ദരാംഗ നമോസ്തുതേ
ഇരവുപകലഹമജിത തവ തനു ചിന്തയാമി നമോസ്തുതേ.

വഞ്ചിരാജകുലോത്തമൻ കുലശേഖരപ്പെരുമാളഹോ
വടിവിലടിയനു വിനകളൊഴിവതിനാശ്രയം പരമാശ്രയം
സഞ്ചിതാഖിലധർമ്മകർമ്മസുനിർമ്മലാത്ഭുതപൌരുഷൻ
സകലരിപുകുലശലഭദഹനമഹാനുഭാവസുപൂരുഷൻ
വിക്രമാതിശയങ്ങൾകൊണ്ടരിനൃപതിരാജ്യമശേഷമാ-
യാക്രമിച്ചുടനാകവേ പരിപാലനന്ന മഹോത്സവം

ശക്രലോകസമാനമാക്കി വരുത്തി വാണരുളീടിനാൻ;
അക്കുല്യഭുജപ്രതാപനശേഷഗുണനിധി പാതു മാം.
പാക്കനാരുടെ വംശദേശമതിൽ പിറന്നവനേഷ ഞാൻ
വാക്കിനാരൊടുമെത്തി നേർത്തു മടങ്ങി മാറുകയില്ലെടോ;
തീക്കനൽക്കു മടക്കമില്ല വനങ്ങൾ ഭസ്മമതാക്കുവാൻ
നീക്കമില്ല നിരപ്പിലുള്ള കവിപ്രബന്ധമതോതുവാൻ
മറുവശത്തു വരുന്നവന്റെ മനസ്സിലുള്ളൊരു തള്ളലും
മതവുമവനുടെ നെറിവുമൊരുവിധമറിവുമൊരുവക തുള്ളലും
പറയനോടു ഫലിക്കയില്ലിതു പറകയില്ലറിയാമുടൻ.
കുറവു വരുവതിനെന്തു സംഗതി ഗുരുജനങ്ങളിരിക്കവേ
സൽകവിപ്രവരൻ ചമച്ച കവിപ്രബന്ധനിബന്ധനം
തസ്കരിച്ചു വലിച്ചു കെട്ടിയ കഷ്ടിപിഷ്ടികവിത്തരം
ദുഷ്കവിക്കൊരുനാണമില്ലതു ചൊല്ലുവാനിഹ വല്ലതും
ശുഷ്കബുദ്ധികളെന്തറിഞ്ഞു പറഞ്ഞതൊക്കെ വൃഥാഫലം
മധുരമാകിന പഞ്ചസാരയിൽ വേപ്പിലപ്പൊടി കൂട്ടിയാൽ
വിധുരമാസ്വരുമാരുമങ്ങു ഭുജിക്കയില്ലിതു നിർണ്ണയം
കൈത കുറുമൊഴി മുല്ല മാലതിമാല തന്നിലിടക്കിടേ
കുവളക്കുസുമങ്ങൾ ചേർത്തുകണക്കിനേ കവികെട്ടിയാൽ
നല്ല പരിമളമുള്ളതൊക്കെ മറിച്ചു ദുഷ്ടമതായ്വരും
തെല്ലു സംശയമില്ല ദുഷ്കവിവാക്കുകേൾക്കരുതാരുമേ
സജ്ജനത്തിനു സംസ്കൃതക്കവി കേൾക്ക കൌതുകമെങ്കിലും
ദുർജ്ജനത്തിനതിങ്കലൊരുരസമേശുകില്ലതുകാരണം
ഭടജനങ്ങടെ സഭയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ
കടുപടെപ്പടുകഠിനസംസ്കൃതവാക്കടകടുകവി കേറിയാൽ
ഭടജനങ്ങൾ ധരിക്കയില്ല തിരിക്കുമൊക്കെയുമേറുടൻ

ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ
ദൂഷണം വരുവാനുമില്ല വിശേഷഭൂഷണമായതും
വേഷസംഗതിയോടുചേർന്നൊരു ഭാഷവേണമതെങ്കിലേ
ശേഷമുള്ള ജനത്തിനും പരിതോഷമെന്നുവരൂ ദൃഢം
ഘോരമാകിന ദുരിതജലധി കടന്നു മറുകരപററുവാൻ
ഭാരതം കഥ സാരമെന്നു ധരിച്ചുകൊൾക മഹാജനം.
വീരനായ സുയോധനന്റെ സഭാപ്രവേശവിഡംബനം
കാരണേന ഭവിച്ച വാർത്ത ചുരുക്കി ഞാനിഹ ചൊല്ലുവൻ.

മാത്തൂരംബികേ നിന്മെയ് പാർത്തു ഞാൻ വണങ്ങുന്നേൻ
ആർത്തികളൊഴിച്ചെന്നെക്കാത്തീടേണമേ ദേവി
ക്ഷോണീമണ്ഡലംതന്നിലൊക്കവേ പുകഴ്ന്നോരു
ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ
ക്ഷീണമെന്നിയേ കാത്തീടേണമിപ്പരിഷയ്ക്കു
പ്രാണപഞ്ചകത്തിന്റെ ത്രാണത്തിന്നനുകൂലൻ
ആചാര്യോത്തമൻ ബാലരവിയെന്നു പുകഴ്ന്നോരു
ശ്രീചാരുസ്വരൂപന്റെ ചരണാംഭോരുഹം രണ്ടും
ആചാരോചിതം കൂപ്പികവിചൊൽവാൻ തുടങ്ങുന്നേൻ.
വാചാ വർണ്ണനംചെയ്യാൻ വശമില്ലെങ്കിലുമെന്റെ
ദേശികേശ്വരൻതന്റെ ദയകൊണ്ടു കുറഞ്ഞൊന്നു
ക്ലേശിച്ചാലൊരുമാർഗ്ഗം വരുമെന്നാഗ്രഹംമൂലം
കേവലപ്രിയന്മാരാം പാണ്ഡവന്മാരുടെ വൃത്തം
കേവലമൊരുഭാഗം കഥിക്കുന്നു ബുധന്മാരേ!

സോമവംശാംബുധിചന്ദ്രൻ ധർമ്മരാജൻ മഹാരാജൻ
ഭീമസേനാർജ്ജുനന്മാരുമാശ്വിനേയാത്മജന്മാരും
കാമിനിമാർമണി പാഞ്ചാലിയും, പിന്നെസ്സുഭദ്രയും.
ശ്രീമതിയാകിന കുന്തീദേവിയും തൽ സഖിമാരും

വാസവപ്രസ്ഥമെന്നുള്ള വാസഗേഹേ വഴിപോലേ
വാസസൌഖ്യോദയത്തോടേ രമിച്ചു മേവിനകാലം
വാസവൻെറ പുത്രനായോരർജ്ജുനൻ വാണിരിക്കുന്ന
വാസഗേഹേ വന്നുകൂപ്പി മയനാം ദാനവശ്രേഷ്ഠൻ

"സ്വാഗതം! ദാനവാശാരിപ്പുണ്ണിക്കൻ നമ്മുടെമുമ്പിൽ
ആഗമിച്ചിടുവാനെന്തുകാരണം കൌശലക്കാരാ!
വേഗമോടിങ്ങനെനിന്നെക്കണ്ടുകൊൾവാനെനിക്കിപ്പോൾ
യോഗമുണ്ടായതുമെൻെറ ഭാഗധേയോദയംതന്നെ"

ഇപ്രകാരം ഫൽഗുനൻെറ വാക്കുകേട്ടു പ്രസാദിച്ചു
ശില്പിവീരൻ മയൻ മെല്ലേ ചൊല്ലിനാനാദരവോടെ
"അപ്രമേയപ്രഭാവശ്രീമന്ദിര! സുന്ദരാകാര!
ത്വൽപ്രസാദംകൊണ്ടു ജീവിച്ചീടിനേനേഷ ഞാൻ പാർത്ഥ,
ഖാണ്ഡവം കാനനം പാടേ ചുട്ടെരിച്ചില്ലയോ മുന്നം
പാണ്ഡവാ! ഫൽഗുനാ! നീയും പങ്കജാക്ഷൻ ഭഗവാനും
ഗാണ്ഡിവം ചാപവും തേരും ലഭിച്ചു നീ വാസവൻെറ
താണ്ഡവാഡംബരാടോപം ശമിപ്പിച്ചില്ലയോ വീരാ
ചക്രവുംകൊണ്ടുടൻ നമ്മെക്കൊല്ലുവാനായണഞ്ഞോരു
ചക്രപാണിഭഗവാൻെറ തൃക്കഴല്ക്കു വണങ്ങിത്താൻ
പ്രക്രമത്തെശ്ശമിപ്പിച്ചു തൻകനിവുമുളവാക്കി
ശീഘ്രമെന്നെക്കാത്തുരക്ഷിച്ചില്ലയോ നീ മഹാത്മാവേ
അന്നുചെയ്തോരുപകാരത്തിന്നു ഞാൻ പ്രത്യുപകാര-
മൊന്നുചെയ്യാൻ മതിയാമെന്നുള്ളഭാവം നമുക്കില്ല
ആനവിററു പണമുണ്ടാക്കുന്നവരെത്തെളിയിപ്പാൻ
ചേനവിററു പൊറുക്കുന്ന ചങ്ങാതിമതിയാമോ?
പൊന്നുവാരിക്കൊടുക്കുന്ന ധനികന്മാർക്കൊരു കാക്ക-
പ്പൊന്നുമാത്രം കാഴ്ചവെച്ചു പ്രസാദത്തെ വരുത്താമോ?

പ്രാണദാനംചെയ്തവന്നു പകരമൊന്നുപകാരം
വേണമെന്നു നിരൂപിച്ചാലിങ്ങു സാധിക്കുമോ പാർത്ഥാ?
കാണ്മമൊന്നും കൊതിച്ചിട്ടല്ലുത്തമന്മാരഹോ ദീന-
ത്രാണമെന്നുള്ള ധമ്മത്തെത്താനറിഞ്ഞാചരിക്കുന്നു
ഇക്ഷിതിമണ്ഡലേ മേവുന്നോരു വേഴാമ്പലെന്നുള്ള
പക്ഷികൾക്കു വഴിപോലേ മാരികോരിച്ചൊരിഞ്ഞാശു
കുക്ഷിപൂർത്തി വരുത്തിടുന്നില്ലയോ വാരിവാഹങ്ങൾ?
രക്ഷചെയ്യും ജനത്തിന്റെ ലക്ഷണമങ്ങനേയുള്ളു.
സജ്ജനങ്ങൾക്കുപകാരമൊന്നുചെയ്വാൻ നിരൂപിച്ചാ-
ലിജ്ജനങ്ങൾക്കതു സാധിച്ചീടുവാൻ ശക്തിയില്ലല്ലോ
ദുർജ്ജനങ്ങൾക്കുപകാരം ദൂഷണത്തിന്നൊരു മാർഗ്ഗം
(അർജ്ജുനാ കേൾ ഭവാനെല്ലാമറിഞ്ഞോരു ദേഹമല്ലോ)
പാമ്പിന്നു പാൽകൊടുത്തോനെപ്പാഞ്ഞുവന്നു കടിക്കൂട്ടും
ചേമ്പിന്നു നെയ്യൊഴിച്ചാകിൽ ചൊറിഞ്ഞുകൂട്ടുവാൻമേലാ
ഇഷ്ടമാടിക്കനിഞ്ഞു ചോറിട്ട കൈക്കു കടിക്കുന്ന
പട്ടികൾക്കു കൊടുക്കുന്ന നഷ്ടികൾക്കു നമസ്കാരം.
കുട്ടിലാക്കിപ്പലനാളും പട്ടിണിയാക്കീടുകുന്ന
കാട്ടുപുള്ളിക്കടുവായെപ്പാട്ടിലാക്കാനിരകൊണ്ടു
നീട്ടിയോരു കൈക്കു കേറിക്കടിക്കുമങ്ങനേയുള്ള
കൂട്ടമൊന്നുമൊരുനാളും വിശ്വസിപ്പാൻ പാത്രമല്ല.
കാട്ടിലുള്ള കടുവായെക്കാട്ടിലേററം കശ്മലന്മാർ
നാട്ടിലുള്ള നരന്മാരും നാലുമൂന്നല്ലൊരുലക്ഷം
വീട്ടിലുള്ള മുതലെല്ലാം വിററുതിന്നു കടംകൊണ്ടു
വീട്ടുവാനും വകയില്ലാഞ്ഞൊളിച്ചു കാനനംപുക്കു
വാട്ടമററു പുറപ്പെട്ടു രാത്രിയിൽ മെല്ലവേ ചെന്നു
നാട്ടകത്തു നടന്നോരോ രാജഭണ്ഡാരവും മററും

കട്ടുകൊണ്ടു തിമിക്കുന്നു കണ്ടറിഞ്ഞ ജനത്തോടു
വെട്ടുകൊണ്ടു മരിക്കുന്നു തസ്കരന്മാരിയ്യവസ്ഥ
കണ്ടുനില്ക്കുന്നവൻതന്നെകള്ളനായിപ്പുറപ്പെട്ടു
കണ്ടമിക്കിൽ ചെന്നു കപ്പാനായവന്നു ഭയമില്ല
കണ്ടകന്മാക്കൊരു നാണം കണികാൺമാൻപോലുമില്ല
കണ്ടുകൊൾകർജ്ജുനാ! കാലത്തിന്റെയോരോ വിശേഷങ്ങൾ

കണ്ടാലുമറിയാത്ത കള്ളന്മാർ തലയ്ക്കിട്ടു
കൊണ്ടാലുമറികയില്ലുണ്ടാകുമബദ്ധങ്ങൾ
രക്ഷിപ്പാനധികാരിയായുള്ള യജമാനൻ
ഭക്ഷിപ്പാൻ പുറപ്പെട്ടാലക്കാലം പ്രജകൾക്കു
ഉമ്മാനുമൂട്ടപ്പാനും തേപ്പാനും വകയില്ലാ-
ഞെങ്ങാനും പുറപ്പെട്ടു പൊയ്ക്കൊൾകെന്നതേയുള്ളു.
പണ്ടങ്ങു കിഴവന്മാർ കൊണ്ടങ്ങു കൃഷി ചെയ്യും
കണ്ടങ്ങൾ പ്രഭുക്കന്മാർ കണ്ടങ്ങെഴുതിക്കൊണ്ടാൽ
ഉണ്ടങ്ങു പൊറുക്കുന്നോരുണ്ടാമോ വിചാരിച്ചു
കണ്ടാലും കുരുക്കൾക്കു വേണ്ടുന്ന തൊഴിലല്ലാ
കർണ്ണനും ശകുനിയും കാര്യക്കാരവർ ചെന്നു
കർണ്ണത്തിലുപദേശം ചെയ്യുന്നവിധമെല്ലാം
വർണ്ണിച്ചു വസിക്കുന്നു വൈരിയാം സുയോധനൻ
കണ്ണില്ലാ ജനകനു കാര്യക്ലേശവുമില്ല
ഉണ്ണികൾ പറയുന്നതൊക്കെയും പരമാർത്ഥം
ഉണ്ണൊല്ലു പിതാവെന്നു ചൊന്നാകിലതും കേൾക്കും
തൊണ്ണൂറുമൊരുപത്തും മക്കൾക്കു മനക്കാമ്പിൽ
തോന്നുന്ന തൊഴിലെല്ലാം തോപ്പനാക്കരുവാം
കണ്ണും ദിക്കുമില്ലാത്ത കിഴവച്ചാരുടെ വായിൽ
മണ്ണു ചേർക്കുമിക്കൂട്ടമെന്നു നമ്മുടെ പക്ഷം

എണ്ണങ്ങൾ വളരെയുണ്ടാകുമ്പോളവർക്കെല്ലാം
പെണ്ണുങ്ങളഞ്ചുമെട്ടും പ്രത്യേകമുണ്ടുപോലും!
അണ്ണന്റെ കളത്രമേതനുജന്റെ കളത്രമേ-
തെന്നുള്ള വിഭാഗങ്ങളവിടെക്കാണ്കയില്ലിപ്പോൾ

എണ്ണങ്ങളുമട്ടപ്പാനുമുണ്മാനുമവർക്കെല്ലാ-
മെന്നേയ്ക്കും മുടങ്ങാതെ ചെലവിട്ടു മുടിക്കുന്ന
പൊണ്ണന്മാരുടെ നാടും നഗരവും നശിക്കുമീ-
വണ്ണം ധ്വംസനം ചെയ്താലെന്ന ബോധമില്ലാർക്കും.
നാട്ടുവാഴികളെണ്ണമേറുമ്പോളവർതന്റെ
നാടു പാഴിലാക്കീട്ടുമന്യോന്യം കലഹിക്കും,
“ഞാനത്രെ യജമാനൻ ഞാനത്രെ യജമാനൻ
താനത്ര ഞെളിയാതങ്ങടങ്ങിപ്പാർത്തുകൊണ്ടാലും”

ചേട്ടനേക്കാൾ നമുക്കത്രേ ശ്രേഷ്ഠഭാവമെന്നൊരുത്തൻ
ചേട്ടകൾക്കു ഗുരുത്വമെന്നുള്ളതി നൂററുവർക്കില്ലാ,
നൂറുകുഞ്ഞുങ്ങളെത്തീററിവളർത്തോരച്ഛനെപ്പോലും
കൂറുതെല്ലുമവർക്കില്ലാ, കുററമുണ്ടാക്കുകേയുള്ളൂ.
ചോറുകാലത്തുകിട്ടാഞ്ഞാലച്ഛനോടുമമ്മയോടും
ചീറുമെന്നല്ലപരാധം നൂറുകൂട്ടമുളവാക്കും
അക്ഷരജ്ഞാനവുമില്ല, ആയുധാഭ്യാസവുമില്ലാ,
രക്ഷശിക്ഷാദികളില്ലാ, രാജ്യസംസാരവുമില്ലാ,
വീര്യമില്ലാ, വിദ്യയില്ലാ, കാര്യമില്ലാ, ബോധമില്ലാ
ഭക്തിയില്ലാ, ശൌര്യമില്ലാ, ശക്തിയില്ലാ, ധൈര്യമില്ലാ,
ധർമ്മമില്ലാ, സത്യമില്ലാ, സാരമില്ലാ, കൃത്യമില്ലാ,
കീർത്തിയില്ലാ, തത്വമില്ലാ, താഴ്ചയില്ലാ, സത്വമില്ലാ,
സാരമില്ല, നേരുമില്ലാ, നെറിയില്ലാ, ചേരുകില്ലാ
പേരുകേട്ടാലതും പാരം കഷ്ടമെന്നേ പറയാവൂ

ദുർമ്മുഖൻ, ദൂഷണൻ, ദുശ്ശാസനൻ, ദുഃശ്ശശ്വരൻ പിന്നെ
ദുർമ്മദൻ, ദുർദമൻ, ദുർമ്മർഷണൻ, ദുർദ്ധർഷണൻതാനും
ദുർമ്മതി, ദുഗ്ഗതി, ദുർമ്മേധാവഹോ നല്ല ദുർബുദ്ധി,
ദുശ്ശാൻ, ദുർഭഗൻ, ദുര്യോധനൻതന്റെ സോദരന്മാർ.
ദുശ്ശള എന്നൊരു പെണ്ണുണ്ടിവൎക്കു പെങ്ങളായിട്ടു
വിശ്വസിപ്പാനൊരമ്മാമൻതാനുമുണ്ടു മഹാപാപി.
അശ്ശകുനി കുസൃതിക്കു നല്ല പാത്രമജ്ജനത്തെ
ദുശ്ശകുനമെന്നപോലെ ദൂരവേ സന്ത്യജിക്കേണം.

എന്തിനിത്ര പറഞ്ഞു ദാനവനെന്നു സംഗതിയെന്നു നി
ചിന്തിയാത്തവനല്ല നിങ്ങടെ ബന്ധു ഞാനസുരൻ മയൻ
കുന്തിതന്നുടെ മക്കളിൽ കനിവുണ്ടെനിക്കതു കാരണാ-
ലന്തികേ തവ വന്നു, വൈരികളെദ്ദുഷിക്കയുമല്ലെടോ!
ദന്തിമന്ദിരവാസിയായ സുയോധനാദികളോടഹോ
സന്ധിചെയ്തു വസിപ്പതിന്നു കൊതിക്കവേണ്ട ധനഞ്ജയ!
ദന്തിരഥതുരഗാദിപടയുടെ വടിവു കൂട്ടി വസിക്കണം,
ബന്ധമെന്നിയെ ഝടിതി ചതിപട കൂട്ടമരികൾ ധരിക്ക നി
കോട്ട, വാട, കിടങ്ങു, കൊത്തളമിത്തരങ്ങളുറക്കണം
കോട്ടമതൊരു ദിക്കിലും കരുതിട്ടതന്നെ വസിക്കണം
ധാൎത്തരാഷ്ട്രനസൂയകൊണ്ടൊരു പൊറുതിയില്ലൊരു നേരവും
ധാത്രിയൊക്കെയടക്കിവാഴ്‌വതിനെത്രതന്നെ ദുരാഗ്രഹം
അത്ര നിങ്ങടെ രാജധാനിവിഭൂതി കേൾക്ക നിമിത്തമാ-
യെത്രതന്നെയസൂയ നിങ്ങടെ വൈരികൾക്കു ധനഞ്ജയ
വൎത്തമാനമതറിവതിന്നതി ഗൂഢചാരജനങ്ങളേ
യാശ്രയാക്കി വിടുന്നു പലകുറി ബലകുലോത്തമനാമവൻ
ശത്രുഭടജനമത്ര വരുമവൎച്ചതിപ്പതിനിന്നു ഞാൻ
ചിത്രതരമൊരു ഭവനമുടനുളവാക്കുവാനിഹ വന്നതും

സ്വർണ്ണരത്നസഭാപ്രവേശവിശേഷമൊന്നിഹ തീർത്തു ഞാൻ
കർണ്ണവൈരിയതാം നിനക്കു തരുന്നതുണ്ടു കപിദ്ധ്വജ!
കണ്ടുകൊൾക രിപുക്കളിസ്സഭതന്നിൽ വന്നു കരേറുകിൽ
ചെണ്ടകൊട്ടി മറിഞ്ഞുവീണിഹ പല്ലുപോമതു നിശ്ചയം
കുണ്ടിലമ്പൊടു വീണുരുണ്ടു വിരണ്ടുഴന്ന രിപ്പുക്കളെ-
കണ്ടിരുന്നു ചിരിപ്പതിന്നു തരം വരുത്തുവനേഷ ഞാൻ"

ഇപ്രകാരം മയൻതന്റെ മതം കേട്ടു മഹാവീരൻ
വിപ്രദേവപ്രിയൻ പാർത്ഥൻ വിസ്മയം പൂണ്ടുരചെയ്തു
"തൽപ്രകാരം സഭതീർപ്പാൻ ഭാവമുണ്ടു നിനക്കെങ്കിൽ
മൽപ്രസാദം വഴിപോലെ സംഭവിക്കും മഹാത്മാവേ!
അഗ്രജന്റെ തിരുവുള്ളമറിഞ്ഞു ഞാനുരചെയ്യാ-
മത്രനേരമൊരുദിക്കിൽ പാർത്തുകൊൾക മയ വീര"
ഇത്രമാത്രമുരചെയ്തു ധർമ്മജൻ വാണിരിക്കുന്ന
പത്തനത്തിലകംപുക്കു പാണിക്കുപ്പിഗ്ഗുഡാകേശൻ
വർത്തമാനമുണർത്തിച്ചു കല്പനയുമുള്ളവാക്കി,
വർദ്ധകിയെ വിളിച്ചേവം പറഞ്ഞു ഫൽഗുനൻ മെല്ലെ
"ശില്പിവീര! മയ! നിന്റെ കൌശലത്തിന്നൊത്തപോലെ
ശില്പമായിട്ടൊരു ചാരു സഭാസ്ഥാനം ചമച്ചാലും
തൽപുരം തീർപ്പതിനുള്ള സാധനങ്ങൾ വേണ്ടതെല്ലാ-
മല്പവും താമസിക്കാതെ കോപ്പുകൂട്ടിത്തരാമിപ്പോൾ".

എന്നതുകേട്ടുരചെയ്തു ദാനവാശാരിയും മോദാൽ
ഒന്നുമിന്നു വിശേഷിച്ചു കോപ്പുകൂട്ടേണ്ടതുമില്ല
കല്ലുവേണ്ടാ മരം വേണ്ടാ കല്ലുളി വാച്ചിയും വേണ്ടാ
നെല്ലുവേണ്ടാ പണംവേണ്ടാ തെല്ലുപോലും വ്യയം വേണ്ടാ
രണ്ടുനാലു ദിവസത്തെബ്ഭക്ഷണം മാത്രമേ വേണ്ടു
കണ്ടുകൊള്ളാമടിയന്റെ കൌശലങ്ങളിന്നു തന്നെ.

അണ്ടർകോൻ നാട്ടിലാശാരിപ്പണിക്കു വിശ്വകർമ്മാവെ-
ന്നങ്ങൊരു കൌശലക്കാരൻ നല്ല ചിത്രപ്പണിക്കാരൻ
മുന്നമങ്ങോരിവിടത്തിലിന്ദ്രപ്രസ്ഥമെന്നുള്ള
മന്ദിരത്തെയിപ്രകാരം മന്ദമെന്യേ പണിചെയ്തു
മന്നിലും വിണ്ണിലും പാർത്താലിപ്പുരത്തിന്നെതിരാകും
മന്ദിരം മന്നവന്മാർക്കില്ലെന്നു ലോകത്രയഖ്യാതം
അങ്ങനെയുള്ളൊരു രാജധാനിതന്നിലടിയങ്ങ-
ളെങ്ങനെ തമ്പുരാന്മാർക്കു പള്ളിമാടം പണിയേണ്ടു?
വാശ്ശുതെന്നാകിലുമൊന്നു തീർത്തുനാട്ടാൻ കുറവില്ല
ഈശ്വരാനുഗ്രഹം പോലേ സംഭവിക്കുമതേവേണ്ടു".

സാദരമേവം പറഞ്ഞു മയൻ ഗുരു-
പാദസരോജങ്ങളോർത്തുടനേ,
വേദിയന്മാരെ വണങ്ങി മുദാ നാലു
വേദങ്ങളേയും നമസ്കരിച്ച്,
കോടാലി കയ്യിലെടുത്തു മെല്ലെയൊട്ടും
കോടാതെ തഞ്ചത്തിൽ താണുനിന്നു
വാടാതെ കോടാലികൊണ്ടൊരു താമസം
കൂടാതെ വെട്ടി മഹീതലത്തിൽ
തെല്ലു പിറകോട്ടു മാറിനിന്നു, പത്തു-
കല്ലു ജപിച്ചങ്ങെറിഞ്ഞളവേ,
മെല്ലെന്നു ഭൂമി പിളർന്നു പുറപ്പെട്ടു
നല്ലൊരു പൊന്മണിമൌലികുംഭം
ഉത്തുംഗഗോപുരശൃംഗങ്ങളും നിന്നു
കത്തുന്ന തീക്കനലെന്നപോലെ

പത്തരമാററുള്ള തങ്കപ്രകാശത്തെ-
ക്കത്തിക്കവെന്ന നിറംകലരും
പത്തനപംക്തി നിരക്കെപ്പുറപ്പെട്ടു
പത്തുദിക്കൊക്കെ പ്രകാശമോടെ
മുത്തും പവിഴം മരതകം മാണിക്ക-
മൊത്തു വിളങ്ങും മതിലുകളും
അച്ഛസ്ഫടികപ്രദേശങ്ങളും, പിന്നെ
സ്വച്ഛങ്ങളാകും തടാകങ്ങളും
പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ-
കച്ഛത്തിലുത്തമവൃക്ഷങ്ങളും
ഉച്ചത്തിലുള്ളോരെഴുനില മാടങ്ങൾ,
മെച്ചത്തിൽ മാളിക വീഥികളും
മച്ചും മറകളും മാടപ്പുരകളും
മററും പലപല ഗേഹങ്ങളും
കൊട്ടിലും കട്ടിലും മേക്കട്ടി മെത്തകൾ
തട്ടും പതിനെട്ടു കെട്ടുകളും
പട്ടുകൾകൊണ്ടു വിതാനങ്ങളും മണി
കോട്ടത്തളങ്ങൾ പുറത്തളവും
നാടകശാലകൾ വാടക്കിടങ്ങുകൾ,
ചേടിക ചേടികൾ വീടുകളും
ഘോടകശാലകൾ ഹാടകശാലകൾ
പാഠകശാലാവിശേഷങ്ങളും.
അട്ടങ്ങളും മണിഘട്ടങ്ങളും പല
പട്ടങ്ങളിങ്ങനെ ഭംഗിയോടേ

പെട്ടെന്നു വന്നു പ്രകാശിച്ചു വിസ്മയ-
മൊട്ടല്ല പിട്ടല്ലിതൊന്നുമഹോ!
വെള്ളപ്പളുങ്കു പതിച്ചുള്ള തോട്ടുകൾ
വെള്ളം നിറഞ്ഞങ്ങു നിൽക്കുന്നേരം
ഉള്ളിലെ സ്വച്ഛതകൊണ്ടിപ്രദേശത്തു
വെള്ളമില്ലെന്നു ഭ്രമിച്ചുപോകും!
വെള്ളമില്ലാത്ത പ്രദേശങ്ങളിൽ പിന്നെ
വെള്ളം വളരെയുണ്ടെന്നു തോന്നും,
ഉള്ളം ഭ്രമിപ്പിപ്പാനുള്ള വിധം പുന-
രുള്ളതശേഷമിവിടെക്കാണാം;
കള്ളം മനക്കാമ്പിലുള്ള ജനത്തിൻെറ
തള്ളലും തുള്ളലും നിർത്തിടുവാൻ
കള്ളപ്രയോഗങ്ങളിങ്ങനെ നിർമ്മിച്ചു;
കള്ളനേ കള്ളമറിഞ്ഞുകൂടൂ.
ദ്വാരമില്ലാത്തൊരു ഭിത്തികളിൽ പിന്നെ
ദ്വാരമുണ്ടെന്നും ഭ്രമിച്ചുപോകും
സാരമില്ലാത്ത ജനങ്ങൾ വന്നാലിഹ
പാരമുഴന്നു വലഞ്ഞുപോകും.
പിന്നെക്കതകുള്ള ദിക്കിൽ കതകുക-
ളില്ലെന്നു ബോധിച്ചു മാറിപ്പോകും
അന്യത്ര വാതിലെന്നോർത്തങ്ങവിടത്തിൽ
ചെന്നു തലതല്ലി വാങ്ങിപ്പോരും
കണ്ടുള്ള ദിക്കുകൾ കണ്ടാലറിയില്ല
കണ്ടുള്ള ദിക്കുമവ്വണ്ണംതന്നെ

പണ്ടുള്ളതൊക്കെ മറിച്ചു കല്പിച്ചതു
കണ്ടു നടക്കേണമെല്ലാവരും.
തണ്ടുതപ്പിത്തരം കാട്ടുന്ന കൂട്ടത്തെ-
ക്കൊണ്ടു തരംകൊടുത്തീടുമിപ്പോൾ.
കണ്ടകന്മാരെയും കശ്മലന്മാരെയും
ചെണ്ടകൊട്ടിപ്പാനിവണ്ണമാക്കി
കണ്ടവർക്കൊത്തോണം വന്നു കരേറുവാൻ
പണ്ടത്തെപ്പോലെയെളുതല്ലിപ്പോൾ
സ്ഥായിക്കാരന്മാരെക്കൂടാതൊരുത്തർക്കും
കോയിക്കൽ ചെന്നു കരേറിക്കൂടാ.
ഓതിക്കനംപൂരിമാരെങ്കിലുമങ്ങു
ബോധിക്കാതുള്ളിൽ കടപ്പാൻ മേലാ
നോക്കുന്നാദിക്കിലേ വാതുക്കൽ വാതുക്കൽ
തോക്കുംപിടിച്ചുള്ള കാവൽക്കാരും
പാർക്കുന്നതുണ്ടതുകൊണ്ടിസ്സഭതന്നി-
ലാർക്കും കരേറുക സാദ്ധ്യമല്ലാ
സർവ്വാധികാരിയക്കാരനെപ്പോലും ത-
ടുപ്പാനവർക്കൊരു ശങ്കയില്ലാ.
ഗർവ്വാഭിമാനങ്ങളൊന്നും ഫലിക്കയി-
ല്ലുർവ്വീശശാങ്കന്റെ മന്ദിരത്തിൽ
വിസ്താരമുള്ള സഭതന്നിൽ കേറുവാ-
നത്തരംകൂടാതെളുതല്ലിപ്പോൾ
മൂർദ്ധാഭിഷിക്തരായുള്ള നൃപന്മാരും
മൂർദ്ധാപരായ് പോകുമിവിടെ വന്നാൽ

ധർമ്മങ്ങൾകൊണ്ടു ജഗത്തു ജയിച്ചോരു
ധർമ്മാത്മജന്നു വസിച്ചരുൾവാൻ
ശർമ്മാനുകൂലം ചമച്ചാൻ സഭ വിശ്വ-
കർമ്മാവിനേക്കാൾ വിദഗ്ദ്ധൻ മയൻ.
സന്മാനുഷന്മാർ വസിഷ്ഠൻ യുധിഷ്ഠിരൻ
സമ്മോദമോടേ മയാസുരന്നു
സമ്മാനമോരോന്നു പട്ടും വളകളും,
സംപൂർണ്ണമാം ദിവ്യരത്നങ്ങളും,
കങ്കണം, മാല, കടകം, പതക്കവും,
തങ്കപ്പണിമണികുണ്ഡലങ്ങൾ,
കങ്കണം കാഞ്ചി കടീസൂത്രമുത്തമം,
കൈവിരൽമോതിരം ചാരു ഹാരം,
മംഗളാലങ്കാരസാരമാകും വീര-
ചങ്ങല രത്നങ്ങൾ രണ്ടുകൈക്കും
ഇങ്ങനെയൊക്കെക്കൊടുത്തു തെളിയിച്ചു
ഭംഗിയോടഞ്ജസാ യാത്രയാക്കി.

ഭീമനും, പാർത്ഥനും, താനും നകുലനും,
കോമളാകാരൻ സഹദേവനും,
കാമിനി ദ്രൌപദി, കുന്തി, സുഭദ്രയും
കൌതുകത്തോടേ സഭാപ്രവേശം
നല്ലോരു നേർത്തു പാലുകാച്ചിക്കൊണ്ടു
മെല്ലെന്നകംപുക്കു വാണീടിനാർ.
ദാനം പ്രതിഗ്രഹം സർവ്വാണിയെന്നുള്ള
നാനാപ്രകാരേണ ധർമ്മങ്ങളും

ആനന്ദസൽക്കാരമന്നദാനങ്ങളു-
മമ്പോടുചെയ്തു സുഖിച്ചുവാണു.

ശ്രീകൊണ്ടു വിളങ്ങുന്ന ശ്രീകൃഷ്ണൻ ഭഗവാനും
ശ്രീരാമൻ ഭഗവാനും, വീരൻ സാത്യകിതാനും
യാദവാധിപന്മാരുമേതാനും പ്രജകളും
മോദാലസ്സഭകാണാൻ മോഹിച്ചു തദാ വന്നു.
പഞ്ചപാണ്ഡവന്മാരും പാഞ്ചാലി സുഭദ്രയും
വാഞ്ഛയാപൂൎവ്വകം ചെന്നു വന്ദിച്ചു വഴിപോലെ
പഞ്ചാസ്യോപമന്മാരാം രാമകേശവന്മാരെ
മഞ്ചാഗ്രേ വസിപ്പിച്ചു മാനിച്ചു മഹാരാജൻ,
പാദക്ഷാളനംചെയ്തു പൂജിച്ചു വിധിയോടേ
പാദാംബുമഹാതീൎത്ഥം മൂൎദ്ധാവിലേററുകൊണ്ടു
നാലഞ്ചു പ്രദക്ഷിണംവച്ചു വന്ദനംചെയ്തു
ലീലാമാനുഷന്മാരോടേവം ധൎമ്മജൻ ചൊന്നാൻ

"കൃഷ്ണ! രാമ! മുകുന്ദ! മാധവ! വാസുദേവ നമോസ്തുതേ
വൃഷ്ണിവീര വിരിഞ്ചവാസവവന്ദനീയ നമോസ്തുതേ
ജിഷ്ണുതന്നുടെ ബന്ധുവാകിന വിഷ്ണുദേവ ഭവാനഹോ
ധൃഷ്ണു സൎവ്വസഹിഷ്ണു വിശ്വചരിഷ്ണു, ഭ്രഷ്ണു ജഗന്നിധേ.
ഇഷ്ടികൊണ്ടതി തുഷ്ടനാകിന വിഷ്ടപാധിപനെബ ഭവാൻ
വൃഷ്ടികൊണ്ടിഹ പുഷ്ടിനൽകുമതിഷ്ടഹേതു നമുക്കഹോ
സൃഷ്ടികാരണമിഷ്ടപൂരണമഷ്ടമൂൎത്തിനിഷേവിതൻ
ശിഷ്ടപാലന, ദുഷ്ടനാശന! പുഷ്ടപൌരുഷനേഷ നീ

മാരസമ! സുകുമാരാ! പശുകുമാരാ യദുകുലവീര!
വിമലഗഭീര! മധുരശരീര! മഹിതസുധീര! മരതകസാര!

ഘനരുചിപൂര വിഗതവികാര! വിശദവിചാര വിമലനികാര!
നിരസനശ്രുര! നിജപരിവാര മിളിതവിഹാര തരളിതഹാര,
ലോലതരവനമാല തുലിതതമാല! പരമനുകൂല്!
കനകദുകൂല! കലിഹരശീല! കലിതസുലീല! ജലധരനില
പശുകുലപാല വിശദകപോല സുവിപുലഫാല സുപ്രീതകുചേല
ഖദനരപാല പരമവിശാല ഗുണഗണശീല സുചരിതജാല”

ഇപ്രകാരമനേകകീർത്തനമാശു ചെയ്തു യുധിഷ്ഠിരൻ
ക്ഷിപ്രമംബുജനേത്രനെത്തൊഴുതങ്ങുനിന്നു ദശാന്തരേ.
പ്രാകൃതക്കവിചൊല്ലുവാൻ വിരുതുള്ളൊരന്തണപുംഗവൻ
ലോകനാഥനെ വന്നുകൂപ്പി വണങ്ങിനിന്നു പുകഴ്ത്തിനാൻ.
“പട്ടണാഥ ണമോണമോ, തുഹ പങ്കയക്ഖ ണമോ ണമോ
ജതുകുമാള, തമാള,ണീളുശളില വീള ണമോ ണമോ
മശിണാമ്പുശിണശിഹണ്ഡമണ്ഡണ വിഃനതണാഹ ണമോണമോ
കണകപങ്കജ വശണ, ചഞ്ചളണയണ, തുജ്ഝ ണമോണമോ
ളളീയകള്ളായകളിയാഘണമണിവളയണീളയ ണമോണമോ
തുളിയജളധള വണ്ണയപണിഹിയകണയഭ്രസ ണമോണമോ
അളിയമാണശ, ശളശമാണണ, ഗളീയദോശ, ണമോണമോ
മിളിയശുമബള ബഹുളശുണ്ഡളളവ മികുണ്ഡ ണമോണമോ
പളയഗുണഗണണിളയ, ജിയമഹിവളയ,കഹിണോ ണമോണമോ
ണിളയവിളഹിയ, കളയ മയി ളയമളണചളണ ണമോണമോ
മളയജാഞ്ജിദതളണിജണപളിളംഭളോള ണമോണമോ
ചളണണിപഡണദളിയമപഹള മമ മഹേള ണമോണമോ
കുണ്ഡശുണ്ഡളമണ്ഡഹാശ! മുകുണ്ഡ ശൗളി ണമോണമോ
ചണ്ഡവയണ, പുളണ്ഡളാടിശുളച്ചിയാഘി ണമോണമോ
ണണ്ഡണണ്ഡണ ചണ്ഡണാഴളശീതശീള ശുമോണമോ
വണ്ഡണിജ്ജകളിണ്ഡജായളകേളിളോള ണമോണമോ”

ഹസ്തിനപുരംതന്നിലൊരുകാലം വഴിപോക്കർ
അത്താഴത്തിന്നു വന്നു കൊട്ടിൽകേറി സ്ഥലംവച്ചു
പട്ടന്മാർ പരിപ്പുകാർ മടപ്പള്ളിദ്വിജന്മാരും
വട്ടങ്ങൾ തെളിയിച്ചു വെളിവിലങ്ങിലവച്ചു.
മൃഷ്ടഭോജനം നല്ല കറിയും ഭൂസുരന്മാർക്ക-
ങ്ങിഷ്ടത്തിന്നൊത്തപോലെ വിളമ്പിബ്ഭുക്തിചെയ്യിച്ചു
അഷ്ടിയും കഴിച്ചുകൊണ്ടലസാതെ വഴിപോക്കർ
കൊട്ടിലിൽ തളംകേറി ഇരുന്നു വെററില തിന്നു
ഒട്ടും കമ്പിളിയെല്ലാം വിരിച്ചു പാളയംപോട്ടു,
പാട്ടും പാടിയോരോന്നേ പറഞ്ഞങ്ങു ശയിക്കുമ്പോൾ
പാന്ഥന്മാരുടെ പാട്ടും പരിഹാസങ്ങളും കേട്ടു
താൻതന്നെ പുറപ്പെട്ടു ധൃതരാഷ്ട്രാത്മജശ്രേഷ്ഠൻ
അമ്മാവൻ ശകുനിയും സഖിയാം കർണ്ണനും കൂടി
തൻമാർഗ്ഗേ പുറപ്പെട്ടു തരസാ മൂവരുംകൂടി
ഗൂഢമായൊരുദിക്കിലിരുന്നുകൊണ്ടിപ്പോക്കും
മൂഢാത്മാക്കളെപ്പോലെ ശ്രവിച്ചു പാന്ഥസംസാരം
തങ്ങളിൽ പഥികന്മാർ പറയുന്ന പലവാക്യം.
"എങ്ങുന്നു വരുന്നു താൻ വഴിപോക്കദ്വിജ ചൊൽക"
"ഇന്ദ്രപ്രസ്ഥമെന്നുള്ള നഗരംതന്നിൽനിന്നിപ്പോൾ
ഇന്നത്തെ പ്രാതലൂണും കഴിച്ചിങ്ങു വരുന്നു ഞാൻ."
"ധർമ്മനന്ദനൻ താനും സഹജന്മാരുമെല്ലാരും
സമ്മോദിച്ചവിടത്തിൽ വസിക്കുന്നില്ലയോ വിപ്ര?"
"ധർമ്മത്തിന്നൊരുനാളും കുറവില്ലാത്തവർക്കുണ്ടോ
സമ്മോദത്തിന്നു ഹാനി വരുന്നു ജീവനുള്ളപ്പോൾ."
"ഊട്ടുണ്ടോ വഴിപോലെ വഴിപോക്കർക്കവിടത്തിൽ?"
"ഊട്ടിന്റെ വിധമെല്ലാമുരപ്പാൻ നേരമില്ലിപ്പോൾ

ഊട്ടുകോലാഹലമെല്ലാം കേട്ടുവെങ്കിൽ ഭവാൻ തന്റെ
കെട്ടുമാറാപ്പുകൾ തോളിലിട്ടുകൊണ്ടു പുറപ്പെട്ടു
കൊട്ടിലേറി സ്ഥലംവെപ്പാനൊട്ടുമേ താമസിക്കില്ലാ
പട്ടരച്ഛാ പരമാൎത്ഥം കേട്ടുകൊൾക മഹാത്മാവേ,
കുറുതായുള്ളരിച്ചോറും, നറുനെയ്യും, മലയാള-
ക്കറിനാലും നല്ലപാലും വറുത്തുപ്പേരിയോലോലൻ
ചെറുനാരങ്ങ, മാങ്ങയും, ചെറുപക്വങ്ങളും കണ്ണൻ
പഴം, വണ്ണൻപഴം, കാളിപ്പഴം, നേന്ത്രപ്പഴം, ചിങ്ങൻ-
പഴം, കദളിപ്പഴം, പൂവൻപഴം, ചക്കപ്പഴം, പിന്നെ
പരിപ്പും പച്ചടിച്ചാറും കരിമ്പിൻനീർ ഗുളം തേനും
വലിയപപ്പടം, ചെറിയപപ്പടം, പഞ്ചതാരയും
വേപ്പിലക്കട്ടി ഇഞ്ചിത്തൈരഞ്ചുകൂട്ടം പൊടിത്തൂവൽ
താളകം, താവളം പിന്നെത്താളുകൊണ്ടു പുളിശ്ശേരി
നല്ലതൈരും, നല്ലമോരും, നല്ലസംഭാരവും, ഞാനി-
ച്ചൊല്ലിയതൊന്നുമേ ഭോഷ്കല്ലച്ഛനാണ് പരമാൎത്ഥം.

അത്താഴത്തിനു നല്ല കാളനും കാച്ചിയ മോരും
കത്തിരിക്കാക്കറിയതും കണ്ണിമാങ്ങായുണക്കിഞ്ചി
മത്തൻകൊണ്ടൊരുകൂട്ടം തോരന്നരിശ്ശേരിയും നല്ല
മത്തൻ കുമ്പളങ്ങാ കൊണ്ടൊരുകൂട്ടം പുളിംമുളകും,
അത്താഴം കഴിയുമ്പോളടയ്ക്കാ, വെററില നൂറും
അത്യാവശ്യമുള്ളോൎക്ക പുകയിലക്കൂടെയുണ്ടു്!
നിത്യമിങ്ങനെ ചട്ടം നീക്കമില്ലങ്ങൊരുനാളും
സത്യം ധൎമ്മരാജന്റെ ധൎമ്മമത്രെ ധൎമ്മിഷ്ഠോൾ
ആറുമാസമൊരാണ്ടുമങ്ങവിടത്തിൽ പാൎത്തുകൊണ്ടാൽ,
ചോറുമെണ്ണയും കിട്ടുമുടുപ്പാൻ വസ്ത്രവും കിട്ടും.

ഞായറാഴ്ച വാവുരണ്ടുമാറിക്കല്ലൂണുള്ളവൎക്ക
വേറെയായിട്ടോരോദിക്കിൽ പലഹാരത്തിന്റെ വട്ടം!
അടയുമപ്പവും, ദോശ, വടയുമിഡ്ഡലി ചീട,
കടിയന്മാരിടിക്കുന്നോരവിലും ശൎക്കരാ ധ്യാഞ്ജാ,
മുറുക്കു, തേൻകുഴല്ല നൽപരിപ്പും തേങ്ങയും നെയ്യിൽ
വറുക്കും റൊട്ടിയും നല്ല മലരും പഞ്ചതാരയും,
കുറുക്കി ക്ഷീരവും തേനും പാനകം ഞാനിതു സൎവ്വം
ചുരുക്കിച്ചൊല്ലിനേനിപ്പോൾ വിസ്തരിപ്പാൻ നേരമില്ലാ
ഉറക്കം വന്നീലയെങ്കിലനിയും ഞാനുരചെയ്യാം
മറക്കാതേ മനക്കാമ്പിൽ കിടക്കുന്നു നമുക്കെല്ലാം
ചെറുപ്പക്കാരെക്കൊരുകൂട്ടം മോഹമുണ്ടെങ്കിലോ നല്ല
ചെറുക്കീമാരവിടെയുണ്ടവൎക്കേതും മടിയില്ല,
അടങ്ങാ വെററിലമാത്രം കൊടുത്താലാഗ്രഹമൊക്കെ-
ക്കിടങ്ങാമിത്തൊഴിലിന്നും കിടക്കാരു ചിലരുണ്ടാം
വെളുക്കുമ്പോൾ പുരം തൂത്തു തളിക്കുന്നച്ചിമാർ വന്നു
വിളിക്കുമ്പോളെഴുന്നിററു കുളിക്കുന്നു ചിലരെല്ലാം
ഇളിച്ചുകൊണ്ടൊരുകൂട്ടം കളിച്ചു കാമിനിമാരേ
വിളിച്ചുംകൊണ്ടു ചെന്നോട്ടം വെളിച്ചമില്ലാത്ത ദിക്കി-
ലൊളിച്ചുള്ള മദനരാജ്യം തെളിച്ചുപോരുമക്കാഴ്ച-
ങ്ങളിൽ ചാടിക്കനംകെട്ടു ശമിച്ചുകൊൾകയുമുണ്ടു,
നേരംപോക്കിന്നു വേണ്ട ആരംഭം പലതുണ്ടു
ഓരോ ദിക്കിലോരോരോ ഘോഷങ്ങളതും കാണാം.

പന്തു മാട്ടുക, ചിന്തു പാട്ടുക, പകിടകളി ചതുരംഗവും
പന്തണിക്കുഴൽകൊങ്കമാരുടെ പട്ടുതകടവിദാ നടനവും
ചന്തമേറിന ചാക്കിയാരുടെ, കൂത്തുമൊരുവക മേളവും
കുന്തമേറുകൾ, തപ്പുകൊട്ടുകൾ ചെപ്പടിക്കളി കലശലും

പാണ്ടിമദ്ദളമുരുട്ടുചെണ്ട കുറുംകുഴൽ ഇടയ്ക്കതാളവും
ആണ്ടിയാട്ടവുമായുധക്കളി പാഠകം പല ചാട്ടവും
തിത്തി മദ്ദളവേണുവീണകൾ തിമില തകിൽ മുഖവീണയും
കൊത്തിവച്ചൊരു പാവകളികളഖിലദർശി ബഹുവിസ്മയം
ഇത്തരം ബഹുഘോഷമെപ്പോഴുമവനീപതിയുടെ മന്ദിരേ
ചിത്തരംഗസുഖത്തിനുള്ളൊരു സരണി പലവിധമുണ്ടെടോ
ഇപ്പറഞ്ഞതിലേററമിപ്പോഴൊരൽഭുതം പുനരൽഭുതം
ശില്പശാസ്ത്രവിദഗ്ദ്ധനായ മയാസുരൻ ബഹുബുദ്ധിമാ-
നപ്പുരത്തിലിറങ്ങിവന്നു വിചിത്രമായ സഭാസ്ഥലം
ശില്പമായ് പണിചെയ്തു നൽകി യുധിഷ്ഠിരന്നതി വിസ്മയം
മുന്നമർജ്ജുനനവനു വന്നൊരു സങ്കടത്തെയൊഴിച്ചുപോൽ
എന്നതിന്നിഹ പകരമുപകൃതി ചെയ്വതിന്നിതു ചെയ്തുപോൽ
മന്നിടങ്ങളിലൊന്നിലും പുനരിപ്രകാരമൊരാലയം
പിന്നെ മറെറാരു ദിക്കിലില്ല തരിമ്പു സംശയമില്ലെടോ
അമരവരനുടെ നഗരമാമമരാവതിക്കു നിറംകെടും
അമരുമതിനുടെ ഡമരമിതു ബത കണ്ടുവെങ്കിലസംശയം
അമലമണിഗണകനകഘനതര രുചിരരുചിരശോഭനം
കമലയുടെ കുലഭവനമതു ബത ജയതി ശിവശിവ ശങ്കര
സ്ഥായിയില്ല വിരിഞ്ചദേവനു നമ്മളിൽ പൊളിയല്ലെടോ
ആയിരം നയനം നമുക്കു തരാഞ്ഞതെന്തു മഹാശഠൻ!
ആയതിന്നുരു കൊണ്ടുചെന്നു കൊടുത്തതിന്നു വൃഥാഫലം
ആയവൻ പുനരത്ര വന്നിതു കാൺകയില്ലതിനീരസൻ
രണ്ടു കണ്ണുകൾകൊണ്ടു കണ്ടതുകൊണ്ടെനിക്കൊരു തൃപ്തിയി-
ല്ലണ്ടർക്കോനൊടു ചെന്നിരന്നതു കൈക്കലാക്കുക കൂടുമോ?
രണ്ടുവാക്കു നമുക്കു നഹി നഹി പണ്ടുമിപ്പോഴുമേഷ ഞാൻ
കണ്ടുകേട്ടറിയുന്നതില്ലിതുപോലെ മറെറാരു മന്ദിരം

ഹസ്തിനം പുരമെത്ര വിസ്മയമെന്നു ഭാവമിവൎക്കഹോ
"വസ്തുബോധവിശേഷമില്ല സുയോധനാദികൾ നൂററിനും
ഹസ്തിയും പുനരാടുമൊക്കുമിതെങ്കിലതുമിതുമൊരുവിധം"
"വിസ്തരിച്ചതു പോരുമിവരിതു കേട്ടവെങ്കിലബദ്ധമാം."
"എന്തബദ്ധമെനിക്കൊരിത്തിരി പേടിയില്ലവരെസ്സഖേ!
അന്തണൎക്കൊരു ദിക്കിലും തടവില്ല വല്ലതുമോതുവാൻ."
"എന്തുനിശ്ചയമിപ്പൊഴുള്ള പ്രഭുക്കടെ തൊഴിലൊരുവിധം
ചിന്തയിൽ കനിവില്ലവൎക്കിതു കരുതിനില്ക്കണമേവനും"
"എങ്കിലസ്തു സുയോധനൻ മമ വസ്തു വന്നു വിലക്കുമോ?"
"ശങ്കിയാതെ ജനത്തിനല്ലൽ വരുത്തുവാൻ തടവില്ലെടോ"
"എൻെറ ദിക്കിലിവൻെറ ശക്തി നടക്കയില്ല മഹീസുരാ."
"ഏതുമാൎക്കുമറിഞ്ഞുകൂട മറിഞ്ഞു കാലമതോൎക്കണം."

ഇത്ഥമോരോ വിശേഷങ്ങൾ പറഞ്ഞു പാന്ഥവിപ്രന്മാ-
രൎദ്ധരാത്രി കഴിഞ്ഞപ്പോളുറക്കം വന്നുബാധിച്ചു
ഒട്ടു ക്ഷീണം വലിച്ചുംകൊണ്ടുരിയാട്ടങ്ങളും മാറി
കെട്ടുഭാണ്ഡം തലയ്ക്കുംവച്ചുറങ്ങിയൊക്കവേ കൂടെ
മറഞ്ഞു കേട്ടിരിക്കുന്ന ധൃതരാഷ്ട്രാത്മജനുള്ളിൽ
നിറഞ്ഞു കോപവുമിത്ഥം പറഞ്ഞു മാതുലനോടെ:—
"അറിഞ്ഞോ മാതുലാ നമ്മെദ്ദുഷിക്കും ദുഷ്ടപാന്ഥന്മാർ
പറഞ്ഞോരക്ഷരമെല്ലാമബദ്ധം ശുദ്ധമേ ഭോഷ്കു്
കറിയും ചോറുമാശ്ചര്യം കളിയും കൊട്ടുമാശ്ചര്യം
അറയും മച്ചുമാശ്ചര്യം പറയും വാക്കുമാശ്ചര്യം
ഒരുവസ്തു വഷളായിട്ടില്ലപോലപ്പുരം തന്നിൽ
ഒരുകൂട്ടം ദുരാത്മാക്കൾക്കിന്നതേ നൽക്കുവെന്നില്ലാ
കൂറുകൊണ്ടു പറയുന്ന വാക്കിനെന്തുത്തരം വേണ്ടു?
ചോറുകൊണ്ടു സ്തുതിക്കുന്ന ചോഴിയബ്രാഹ്മണന്മാരെ

വാറുകൊണ്ടു തല്ലുകൂട്ടാനൊട്ടുമേ യോഗ്യമല്ലല്ലോ;
ഏറുകൊണ്ടു മണ്ടുമിപ്പോൾ മറ്റൊരുത്തൻ പറഞ്ഞെങ്കിൽ!
ചോറുതിന്മാനിവിടന്നിൽ, കൂറു കുന്തിസുതന്മാരിൽ,
നൂറുകൂട്ടമപരാധം നമുക്കും സോദരന്മാർക്കും:
പോറകൾക്കൊരു വാലും തലയുമില്ലതുകൊണ്ടി-
ങ്ങിറവന്നാലെന്തുചെയ്യാമടങ്ങിപ്പാർക്കയേയുള്ളു."
പറഞ്ഞു മാതുലൻ:" ഉണ്ണി! കുറഞ്ഞൊന്നു ക്ഷമിച്ചാലും
മറഞ്ഞു കേട്ടവൃത്താന്തമറിഞ്ഞതില്ലെന്നു വച്ചേണം
തനിക്കാംപോന്നവർക്കെല്ലാം മനക്കാമ്പിൽ സ്ഥിരം വേണം
അനങ്ങാതങ്ങിരുന്നുംകൊണ്ടിനിക്കാര്യം വിചാരിക്കാം
മിനക്കെട്ടു സഹിക്കാഞ്ഞാൽ കനക്കെട്ടു ഭവിച്ചേക്കും
നിനക്കേതുമിതുകൊണ്ടു മനഃക്ലേശം വരാനില്ല
എനിക്കത്രേ രിപുപ്രൌഢി നിനക്കുമ്പോൾ സഹിക്കാത്തു
പതുക്കെപ്പാണ്ഡവന്മാരെ ചതിക്കുന്നുണ്ടു ഞാനുണ്ണി
കൊതിക്കും വസ്തു സാധിപ്പാനതിക്ലേശം നമുക്കില്ലാ
എതിരിട്ടു വരുന്നോരെച്ചതിക്കൂട്ടം ശകുനിക്കി-
ക്ഷിതിതന്നിലൊരുമാറ്റാരെതിരില്ലെന്നറിഞ്ഞാലും
പ്രതിമല്ലക്ഷിതിപാലക്ഷതി നോക്കി സ്ഥിതിചെയ്യു-
ന്നതിനിങ്ങു നതിയില്ല, മതിതന്നിലതിനുള്ള
ഗതിയുണ്ടു; ചതിയുണ്ടു മതിമാൻ ഞാൻ മതിയാകും
അതിരേകം കൊതിയുമുണ്ടതിനൊത്ത വിധിയുമു-
ണ്ടതിൽക്കൂടെ സ്ഥിതിചെയ്താൽ മതി ഭൂമിപതിവീര
പതിനെട്ടുവിധം മായാപ്രയോഗങ്ങളുണ്ടെനിക്കു
ഉറക്കം വന്നുവെങ്കിൽ പോയുറങ്ങിക്കൊൾക നീയുണ്ണി
നിനക്കേടു വരികില്ലെന്നുറച്ചുകൊൾക നീ വീരാ.
ഉറക്കത്തിൽ പണിക്കേതും തനിക്കുമില്ലെനിക്കുമി-
ല്ലുറക്കൊട്ടിലകംപൂക്കാൽ നമ്മളെല്ലാമൊരുപോലെ."

ഇപ്രകാരമുരചെയ്തു ശകുനി കർണ്ണനും കൂടെ
സ്വപ്രവേശം പ്രവേശിച്ചു ശയിച്ചു നിദ്രയും പൂണ്ടു
ദുഷ്പ്രഭുത്വം പെരുത്ത ദുര്യോധനൻ തൻപുരംപുക്കു
സുപ്രകാശം തല്പമേറിശ്ശയിച്ചു സമ്മദത്തോടെ
അന്തണന്മാർ പറഞ്ഞോരസ്സഭാസ്ഥാനപ്രഭാവത്തെ-
ച്ചിന്തചെയ്തങ്ങസൂയകൊണ്ടുറക്കവും വരുന്നില്ല;
വെട്ടമങ്ങു തുടർന്നപ്പോളെഴുന്നേറ്റു പുറത്തു വ-
ന്നിഷ്ടബന്ധുക്കളേയെല്ലാം വിളിച്ചങ്ങു വിചാരിച്ചു:
"ദുർമ്മുഖ! ദൂഷണ! ദുശ്ശാസന! ദുശ്ശേശ്വര വാടാ
ധർമ്മജൻെറ പുരംതന്നിലുണ്ടുപോലത്ഭുതം കിഞ്ചിൽ
വെൺമഴുകൊണ്ടവനിയിൽ വെട്ടിപോൽ ദാനവാരി
വെണ്മചേരും സഭാസ്ഥാനം തീർന്നുപോലപ്പോഴേ തന്നെ
കർണ്ണനെങ്ങു? വരിക നീ! നമ്മുടെ മാതുലനെങ്ങു?
വർണ്ണിതമാകുമാസ്ഥാനം ചെന്നുകണ്ടു വരേണ്ടയോ?
ഭോഷ്കുതന്നേ വഴിപോക്കർ പറഞ്ഞതെന്നുടെ പക്ഷം;
വാക്കുകൊണ്ടു ഫലിപ്പിപ്പാനന്തണന്മാർക്കൊരുമൊക്കാ;
വല്ലതെന്നാകിലുമിന്ദ്രപ്രസ്ഥമാം പത്തനം തന്നിൽ
വല്ലഭത്വം നടിച്ചവൻ മക്കളെക്കണ്ടുപോരേണം
ധർമ്മജൻ നമ്മുടെ ജ്യേഷ്ഠൻ ഭീമദേവനാദികൾ നാലും
നമ്മുടെ സോദരന്മാരുമങ്ങനെ ചാർച്ചയുണ്ടല്ലോ
അജ്ജനത്തോടിങ്ങു വൈരമിജ്ജനത്തോടങ്ങു വൈരം
സജ്ജനങ്ങൾക്കൊരുപോലെ ബോധമീ വർത്തമാനങ്ങൾ
അർജ്ജുനനഗ്രജനാകും ഭീമസേനൻ മഹാദുഷ്ടൻ
ലജ്ജകൂടാതവൻ നമ്മെ വാലെടുക്കും തത്ര ചെന്നാൽ."
"പൊണ്ണനാം ഭീമനെത്തെല്ലും ഭീതിയില്ലെനിക്കുള്ളിൽ
അണ്ണനെന്തിന്നു കൂസുന്നു" എന്നു ദുശ്ശാസനൻ ചൊന്നാൻ.

കൎണ്ണനുമങ്ങനേ പക്ഷം, ശകുനിക്കുമതുപക്ഷം
നിൎണ്ണയിച്ചു പുറപ്പാടു കൂട്ടി ദുൎയ്യോധനനപ്പോൾ
താതനോടു യാത്ര ചൊൽവാനൊരുമ്പെട്ടു നൂററുപേരും
ജാതമോദം ശകുനിയും കൎണ്ണനുമാദരവോടെ;
ജനകനും കണ്ണുകാണാ, ജനനിക്കും കണ്ണുകാണാ;
തനയന്മാരരികത്തു ചെന്നുകൂപ്പിച്ചുമച്ചപ്പോൾ
“ചുമക്കുന്നാരെടാ?”യെന്നു ധൃതരാഷ്ട്രഗിരാ കേട്ടു
“ചുമക്കുന്നതടിയങ്ങൾ”ളെന്നവരുമുണൎത്തിച്ചു
“ഉണ്ണികൾക്കെന്തൊരുദ്യോഗം” എന്നു താതൻ, “അടിയങ്ങൾ
കണ്ണുരണ്ടും സഫലമാക്കീടുവാനായ് തുടങ്ങുന്നു”
“മക്കളേ! നിങ്ങടേ വാക്കിന്നൎത്ഥമുണ്ടായില്ലെ” ന്നച്ഛൻ
“മിക്കവാറുമുണൎത്തിക്കാമൎത്ഥമുണ്ടായില്ലെന്നാകിൽ,
ധൎമ്മജന്റെ പുരം തന്നിലുണ്ടുപോലുമൊരാശ്ചൎയ്യം;
രമ്യമാകും സഭാസ്ഥാനം തീൎത്തുപോൽ ദാനവാശാരി.
അന്ധഗന്മാർ പറഞ്ഞേവം കേട്ടു ഞങ്ങളതു കാണ്മാൻ
അത്രനിന്നു പുറപ്പെട്ടു ജനകൻ സമ്മതിക്കേണം
അതു കാണാത്തവരുടെ കണ്ണുരണ്ടും പാഴിലെന്നു
പഥികന്മാർ പറയുന്നു പാൎത്തുകണ്ടാലറിഞ്ഞീടാം.”
“എങ്കിലെൻമക്കളേ ചെന്നു കണ്ടു വേഗേന പോന്നാലും
ശങ്കവേണം മനക്കാമ്പിൽ ശത്രുരാജ്യത്തു ചെല്ലുമ്പോൾ
ദുൎജ്ജനത്തെയവൎക്കാൎക്കുമിഷ്ടമില്ലെന്നറിഞ്ഞാലും
അൎജ്ജുനൻ ഭീമനും കൂടി ചതികൂട്ടുന്നതോൎക്കേണം
അത്രയുമല്ലതിദീനക്കാളുണ്ടൊരു ദുൎഘടമിപ്പോൾ
എത്രയും ബന്ധുവായിട്ടുണ്ടേഷണിക്കാരനങ്ങേകൻ
ശത്രുപക്ഷക്കാരിൽ മുമ്പൻ ശാഠ്യമോരോന്നുളവാക്കും
അതു നമ്മെച്ചതിപ്പാനല്ലാതെ മററു തൊഴിലില്ല

താനല്ലെന്നു ഭാവിക്കും തരം നോക്കി പ്രയോഗിക്കും
സ്ഥാനത്തങ്ങോരേടത്തും തന്റെ വേഷം കാട്ടുകില്ല;
മാനത്തു പറക്കുന്ന പരുന്തു പക്ഷിയെപ്പോലെ
മീനത്തെക്കൊക്കിലാക്കിക്കൊണ്ടുപോയേ അറിഞ്ഞിടു.
കപ്പാനും മടിയില്ല കാമിനിമാർകളെപ്പാട്ടിൽ
വപ്പാനും മടിയില്ല വധിപ്പാനും മടിയില്ല
നമ്മെച്ചെണ്ടകൊട്ടിപ്പാൻ തരംനോക്കി നടക്കുന്നു
നമ്മക്കു നിരൂപിച്ചിട്ടവധം വന്നുപോകൊല്ല.
വെട്ടത്തു കാണുകില്ല പിറകേ നിന്നൊരു വെടി-
പൊട്ടിക്കുന്നതേ കേൾക്കു ചത്തുവീഴുന്നതേ കാണു
അങ്ങനെയുള്ളൊരു ദേഹമങ്ങിരുന്നു പ്രയോഗിക്കു-
മെങ്ങനെയെന്നറിയാതെ ഇജ്ജനത്തെച്ചതിക്കുട്ടും
എന്നുടെ മക്കളേ! നിങ്ങളായവന്റെ കപടത്തിൽ
ചെന്നുചാടി വലയാതെ പോന്നുകൊൾവിൻ വിരവോടെ
സജ്ജനങ്ങളിരിക്കുന്ന ദിക്കിലേ സഞ്ചരിക്കാവൂ
ദുർജ്ജനങ്ങളോടു ചേർന്നാൽ ദൂഷണം സംഭവിച്ചീടും
ഓട്ടുപാത്രങ്ങളിൽ നല്ല പുളിച്ച തൈരൊഴിച്ചെന്നാൽ
കൂട്ടുവാൻ കൊള്ളരുതെന്നു കേട്ടുകണ്ടിടുന്നതല്ലോ.
കാട്ടുമൂർഖപ്പാമ്പിനെക്കൈക്കൊണ്ടു മെല്ലെത്തലോടിത്തൻ
പാട്ടിലാക്കാമെന്ന മോഹം മാനുഷന്മാർക്കുളവാമോ?
അജ്ജനങ്ങൾക്കിജ്ജനത്തോടുള്ള വൈരം പോകയില്ല
ഇജ്ജനങ്ങൾക്കജ്ജനത്തോടുള്ള വൈരമപ്രകാരം
രണ്ടുകൂട്ടക്കാരുമായിച്ചേരുവാനുള്ള ദുർമ്മോഹം-
കൊണ്ടു പാഴിൽ പ്രയത്നങ്ങൾ ചെയ്തു ഞാൻ മക്കളേ കേൾപ്പിൻ
എലിയും പൂച്ചയും തമ്മിൽ കീരിയും സർപ്പവും തമ്മിൽ
പുലിയും ഗോക്കളും തമ്മിൽ കാക്കയും മൂങ്ങയും തമ്മിൽ

ഒരുനാൾ ചേർച്ചയുണ്ടാമോ? എന്നപോലെ കണ്ടുകൊൾവിൻ
കുരുക്കൾ പാണ്ഡവന്മാരും തങ്ങളിലുള്ള വൈഷമ്യം.
ഉമ്മരത്തെപ്പല്ലുകൊണ്ടു ചിരിക്കും നമ്മളെക്കണ്ടാൽ
ഉള്ളിലെപ്പല്ലുകൾകൊണ്ടിട്ടുതമ്മും പാണ്ഡുപുത്രന്മാർ
തുഷ്ടികൂട്ടാതഹോ തൂക്കക്കാരുടെ നൽച്ചിരിപോലെ
സ്പഷ്ടമായിക്കണ്ടുപോരാനുണ്ണികൾക്കു മോഹമെങ്കിൽ
ഒട്ടുമേ താമസിക്കാതെ ഗമിപ്പിൻ! മക്കളേ! നിങ്ങൾ
എട്ടുനാളിലകമിഞ്ഞു വരേണം ബാലകന്മാരേ!”

അന്ധനരവരവചനമിങ്ങനെ കേട്ടു സപദി സുയോധനൻ
അന്ധമതി ശഠശകുനികർണ്ണസമാകുലൻ സുമഹാധനൻ
ഹന്ത സുഖമിതി മനസി ഘനകുതുകേന സംഭൃതസാധനൻ.
ചന്തമോടു നടകൊണ്ടു വിരവോടു സകലരിപുകുലബോധനൻ
തമ്പിമാർ പുനരമ്പതും പുനരൊമ്പതും ബത നാല്പതും
മുമ്പിലമ്പിലകമ്പടിക്കുടനമ്പു വില്ലുമെടുത്തുടൻ
കരിതുരഗരഥാദിപടകളുമുടമയോടു പടഘോഷവും
കൊമ്പു കുഴൽ തുടി പടഹഘടഘടരടിതകട്ടു പരിതോഷവും
ഇടികളൊടു പടതുടരുമൊരുവക വെടികളുടെ നിനദങ്ങളും
കൊടികൾ കുട തഴ ചടുലചാമരമാലവട്ടശതങ്ങളും
പൊടികളിളകിമറിഞ്ഞുദിശിദിശി ഝടിതി നടനവിധങ്ങളും
നടികളുടെ മൃദുനടനമുടനഥ വിടഭടാദിവിലാസവും
സരസമവരുടെ മോടിയും സുഖമോടിയും ചിലർ പാടിയും
വിരസമൊരുവക പാടിയും നരകോടിയും ഇടകൂടിയും
ഭൂപാളി മല്ലാഹരി പാടിയും, ചിലർ പാടിയും ചിലരാടിയും
സകലമലർവനവാടിയും ചിലർ തേടിയും മലർ ചൂടിയും
ഫലിതമൊരുവക പറകയും ചിലരുറകയും ചിലർ മറകയും
പലരുമിഹ ഭുവി നിറകയും ചിലർ വിറകയും രസമറികയും

കലശഘോഷദിശി മറകയും തന്നു മുറികയും പുനരറികയും
ചലനവിധമിതുകറകയും നഹി,വരികയും ചിലരരികയും
വിളിച്ചും തെളിച്ചും കനിവോടു കളിച്ചും പുളച്ചും നലമൊടു
നടിച്ചും വടിച്ചും പലരസമുദിച്ചും മദിച്ചും പരിചൊടു
ചരിച്ചും ചിരിച്ചും പലവഴി തിരിച്ചും ഭരിച്ചും ചുമട്ടുകൾ
നടന്നും കടന്നും ചിലരഥ മുടന്നും കിടന്നും ഘനമപി
തകർത്തും തിമിർത്തും പുതുമകളുയിർത്തും മുതിർത്തും മധു ബത
കുടിച്ചും ചൊടിച്ചും തങ്ങളിലടിച്ചും പിടിച്ചും ഭള്ളുകൾ
നടിച്ചും കടിച്ചും തടതലമിടിച്ചും പൊടിച്ചും വടിതടി
എടുത്തും കടുത്തും ഖലകുലമടുത്തും തടുത്തും ചിലരിഹ
പെടുത്തും കറുത്തും മുഖമതു ചെറുത്തും പൊറുത്തും കടുമൊഴി-
യുരത്തും പെരുത്തും പല തൊഴിൽ വരുത്തും നിരത്തും ശിവ ശിവ!
ഈവണ്ണമവിടത്തിലീവന്ന പുരുഷാരം
ആകുന്ന പടക്കോപ്പുമാകവേ ചരതിച്ചു
നാഗമന്ദിരം തന്നിൽ ആഗമിച്ചഴക്കോടേ
നാഗകേതുവെഴുന്നു വേഗേന കൈവണങ്ങി.
"ആയുധമെടുത്തുംകൊണ്ടായിരത്തിരുനൂറു
നായന്മാരകമ്പടിയായ്" മുന്നിൽ നടക്കേണം
അമ്പതു ചവളക്കാരമ്പതു മറക്കാരും
പിമ്പേ സഞ്ചരിക്കേണം അത്രമാത്രമേ വേണ്ടു.
ബാലപ്പിള്ളരും വേണ്ട വൃദ്ധന്മാർകളും വേണ്ടാ,
കാലിന്നു മുടവുള്ള കാര്യക്കാരാരും വേണ്ട
കാലത്തു പഴംകഞ്ഞി കുടിക്കാതെ നടപ്പാനും
മേലാത്ത ഭടന്മാരും യജമാനന്മാരും വേണ്ട
ബാലപ്പെൺകൊടിമാരെക്കൊണ്ടുമ്പോളിളിക്കുന്ന
കോലാങ്ങൾ കുലം കുത്തി ജളന്മാരാരുമേ വേണ്ടാ;

മാലക്കണ്ണുള്ളവരും മടിയന്മാർ മുടിയന്മാർ
മാലോകർ ദുഷിക്കും കൾക്കടിയന്മാർ തടിയന്മാർ
നാലിനുമുതകാത്ത നാടന്മാർ ശുനകന്റെ
വാലിനും വിലകാണാത്താണുങ്ങളിഹ വേണ്ട.
പള്ളയ്ക്കു പൊറുപ്പാനായ് ഇരന്നുണ്ടു നടന്നു തൻ-
തള്ളയ്ക്കൊരു വററു കൊടുക്കാത്തോരിരപ്പാളി-
പ്പിള്ളക്കു പിറന്നുള്ള ഭടന്മാരെക്കൊണ്ടുപോയാൽ
തൊള്ളയ്ക്കു തെല്ലുവെള്ളം കുടിപ്പാൻ കൂടവേകൂടാ.
മാററിക്കണ്ടനെക്കൂട്ടുകൊണ്ടെങ്ങു നടക്കുന്ന
പോററിക്കുമനത്ഥങ്ങൾ വരുമെന്നു ധരിക്കേണം.
മാററിപ്പേർ പറഞ്ഞെന്നാൽ മലവെള്ളം പൊങ്ങി നില്ലാ
രാററിൽ മുങ്ങിയാൽപോലും ജലപാനം കൂടുകില്ലാ,
തന്നെക്കാൾ വലിയോരെത്തരിമ്പും ശങ്കയില്ലാത്ത
കന്നങ്ങൾ മറുനാട്ടിൽ ചെന്നു പോരാൻ ചിതംപോരാ
പെണ്ണുങ്ങൾ പറയുന്ന മൊഴികേട്ടു നടക്കുന്നോ-
രെണ്ണങ്ങൾ പലതുണ്ടാമവരാരുമിങ്ങു വേണ്ട,
വിപ്രന്മാർ വരുന്നേരം വഴിമാറിക്കൊടുക്കാത്ത
ദുഷ്പ്രഭുക്കളും വേണ്ട ദുരഹങ്കാരികൾ വേണ്ടാ,
സ്വാമികല്പന കേൾപ്പാൻ മടിക്കുന്ന മഹാപാപി
ഭൂമിയിലൊരേടത്തും പൊറുപ്പാനുത്തമനല്ല.
തമ്പുരാന്റെ മടപ്പള്ളിച്ചെമ്പിലെച്ചോറു ഭക്ഷിപ്പാൻ
മുമ്പിൽ വന്നു സ്ഥലം വയ്ക്കുമാമ്പടിക്കാരൊരുകൂട്ടം
വമ്പട വന്നാടുക്കുമ്പോൾ പിമ്പിലെങ്ങാനൊളിക്കുന്ന
വമ്പരെല്ലാമങ്ങു വീട്ടിൽ പാത്തുകൊൾകേ വേണ്ടുവിപ്പോൾ.
കേട്ടു കേട്ടു വന്നുകൂടും മാനുഷന്മാരൊരുലക്ഷം
നാട്ടുപട്ടന്മാരുമെല്ലാമെന്തിനിപ്പോൾ പോന്നുവന്നു?

ഉൗട്ടിലുൺമാൻ കൂട്ടക്കൂടിപ്പോകയല്ലീ പ്രഭുത്വത്തെ-
ക്കാട്ടിയൊപ്പിക്കേണം വൈരിജനങ്ങൾക്കെന്നതുമല്ല.
നാട്ടിലുള്ള മുതുകന്മാർ പിള്ളരും പിള്ളമാരോരോ
കോട്ടിൽനിന്നു പുറപ്പെട്ടു വന്നു യോഗം തികയുന്നു
കാട്ടിലുള്ള ഫലമൂലം ചുട്ടുതിന്നു കിടക്കുന്ന
ചേട്ടകൾക്കുഷ്ടിയെന്നല്ലാതെപ്പോഴും ചിന്തയുമില്ലാ-
നരയന്മാരൊരുകൂട്ടം ജരയന്മാരൊരുകൂട്ടം
കുരയന്മാരൊരുകൂട്ടം കുരുടന്മാരൊരുകൂട്ടം
കുറുമ്പന്മാർ വെള്ളമ്പന്മാർ കഷണ്ടിക്കാർ കിഴവന്മാ-
രൊരുമ്പെട്ടു പുറപ്പെട്ടു തരിമ്പും താമസിക്കാതെ
പെരുക്കാലുള്ളവരെല്ലാമനങ്ങാതേ തന്റെ വീട്ടി-
ലിരിക്കാതേ മെല്ലെമെല്ലെ നടന്നിങ്ങു വന്നുകൂടി
ഒടിക്കാലുമൊരേടത്തും നടക്കാതേ കിടക്കുന്ന
കുരക്കാരൊന്നൊഴിയാതേ പരക്കെ വന്നിട കൂടി
ഇരപ്പാളപ്പുരിഷസ്സുണ്ടൊരുനേരം തെല്ലു ചോറു
നിരപ്പോടേ കൊടുത്തങ്ങു പിരിപ്പാനിപ്പുരം തന്നിൽ
പരിപ്പുകാരനും ചന്ത്രക്കാരനും ചന്തമോടേ കാ-
ത്തിരിപ്പു മററവർക്കൊക്കെത്തിരിപ്പു തങ്ങടേ വീട്ടിൽ;
കുറുപ്പന്മാർ പണിക്കന്മാർ കണക്കപ്പിള്ളമാർ പിന്നെ
ചെറുപ്പക്കാർ വലിപ്പക്കാരിജ്ജനങ്ങളിപ്പുരത്തിൽ
ഉറപ്പിച്ചു വസിച്ചാലുമപ്പനേയുമമ്മയേയും
വെറുപ്പിച്ചീടൊലാ വല്ലാത്തേഷണിവാക്കുകൾ കൊണ്ടു
കുറുപ്പത്തിലൊരു യോഗം കൂട്ടി ഞാനും തമ്പിമാരും
പുറപ്പെട്ടു പാണ്ഡവന്മാരിരിക്കും ദിക്കിലേക്കിപ്പോൾ
പറകൊട്ടും കൊമ്പു കാളം താളവും മേളവും വേണ്ടാ;
നിറക്കേടില്ലതില്ലാഞ്ഞാലിജ്ജനങ്ങൾക്കൊരേടത്തും

അറിഞ്ഞാലും നിങ്ങളാടാച്ചാക്കിയാക്കേ കോപ്പുവേണ്ടു
കുറഞ്ഞൊന്നും താഴ്ചയില്ലാ നമുക്കു മേളമില്ലാഞ്ഞാൽ
പറഞ്ഞാൽ കഷ്ടമെന്നാലും പറയാം തമ്പുരാന്മാരും
കുറഞ്ഞൊന്നല്ലഹോ ഞങ്ങൾ നൂറുപേരുണ്ടാരുപോലെ
ഒരു യുദ്ധത്തിനു വേണ്ടും നൃപന്മാർ ഞങ്ങൾതാൻ പോരും
കുരുരാജാധിപൻതന്റെ ഭാഗ്യമെന്നേ പറയാവൂ
ഒരു ദിക്കിൽ ചെന്നുപോരാനൊരു വൈഷമ്യമില്ലിപ്പോൾ
ഒരേടത്തുമവമാനമിജ്ജനങ്ങൾക്കില്ലതാനും
പെട്ടകം പെട്ടിയും കെട്ടിച്ചുമപ്പാൻ പിള്ളരും കുട്ടി-
പ്പട്ടരും വെററിലസ്സഞ്ചിക്കാരനും കാര്യക്കാരും
എട്ടുപത്തു കടക്കാരുമഞ്ചുപത്തു വരിയോല-
ക്കെട്ടുകളും ഭടന്മാരുമായിരം നായരും വേണം."

ഇപ്രകാരമുരചെയ്തു ധാർത്തരാഷ്ട്രാഗ്രജവീരൻ
ക്ഷിപ്രമങ്ങു പുറപ്പെട്ടു സാദരം സോദരന്മാരും
തൽപ്രകാരം ശകുനിയും കർണ്ണനും കാര്യക്കാരും
സപ്രമോദം ഭടന്മാരും സർവ്വവൃന്ദങ്ങളും പിമ്പേ
വമ്പനായുള്ളൊരു നല്ല കൊമ്പനാനത്തലവന്റെ
കൊമ്പുരണ്ടും മസ്തകവും പൊൻപടംകൊണ്ടണിയിച്ചു
തൻപുറത്തു മദം മൂത്ത തമ്പുരാനും കരയേറി;
തമ്പിരാജാക്കളും തൊണ്ണൂറെറാൻപതാനപ്പുറമേറി
മുമ്പിലാശു നടകൊണ്ടു മൂത്തരാജാവനുജന്മാർ
പിമ്പിലമ്മാവനും പിന്നെ കർണ്ണനും രണ്ടുഭാഗത്തും
വമ്പിയന്ന യജമാനന്മാരുമൊക്കെപ്പുറപ്പെട്ടു.
ജൃംഭിതഘോഷമാംവണ്ണം ഗമിച്ചാരാദരവോടെ.

വീടും കുടികളും നാടും നഗരവും
തോടും പുഴകളും കാടും മലകളും

[കൂടനു നടനു വാപീതടവുമിടവും നല്ല
ജലവും സ്ഥലവും വൃക്ഷത്തണലും മണലും പൂവിൻ
മണവും ഗുണവുംകണ്ടു കുതുകാൽ തരുക്കൾമൂടേല
പരന്നങ്ങിരുന്നനേരം തുടങ്ങി ഭടന്മാർ നായാ-
ട്ടടങ്ങി മടങ്ങീടാതെ കലയും പുലിയുമുള്ള
മലയിൽ വലയും കെട്ടിത്തടുത്തു കടത്തും വില്ല-
മെടുത്തും തൊടുത്തും ബാണംകടക്കിമുടക്കിനിന്നും
തടിയും വടിയുമേന്തി വെടിയും പൊടിയുമാർത്തു
കരിയും കിരിയും പോത്തും നരിയും ഹരിയും ചാടി-
ക്കടിച്ചും പിടിച്ചും വെട്ടി മുറിച്ചും മരിച്ചും തള്ളി-
പ്പിടിച്ചും കടിച്ചും മാംസം പിളർന്നും കിളർന്നും മോദം
വളർന്നും തളർന്നും കൂട്ടം കലമ്പിക്കലമ്പിത്തമ്മിൽ
കയത്തും വിയത്തും മേനി വിളിച്ചും തെളിച്ചും പന്നി
കുറവും പുറവും കണ്ടിച്ചെടുത്തും കൊടുത്തും ചുട്ടു-
ഭുജിച്ചും തൃജിച്ചും കള്ളുകുടിച്ചും ചൊടിച്ചും തൊഴിൽ
നായാട്ടും മതിയാക്കി നായന്മാരിഹ പോന്നു,
നായാടികളും മാറിപ്പോയാരൊക്കെവേ കൂടേ,
ഇന്ദ്രപ്രസ്ഥമെന്നുള്ള മന്ദിരസ്ഥലത്തിന്റെ
അന്തികപ്രദേശത്തങ്ങടുത്തു ധാർത്തരാഷ്ട്രന്മാർ]
ദന്തികന്ധരംതന്നിൽനിന്നിറങ്ങി നൂററുപേരും
രത്നങ്ങൾകൊണ്ടു കെട്ടിപ്പടുത്താരാൽത്തറ കേറി
രാജനന്ദനന്മാരും കർണ്ണൻ മാതുലൻതാനും
പെട്ടെന്നു കാററുമേററു സുഖിച്ചുമേവിനനേരം
പെട്ടകം തുറന്നാലു,മെന്നു രാജാവരുൾചെയ്തു,
പെട്ടി പെട്ടകമെല്ലാം തുറന്നു, പൊന്മണിക്കോപ്പും
പട്ടും പട്ടുറുമാലും ചേലയും പച്ചപാലാപ്പും

എന്നുള്ള പദാർത്ഥങ്ങളെടുത്തുകൊണ്ടലങ്കാര-
മൊന്നുമേ കുറയാതേ ചമയത്തിനൊരുമ്പെട്ടു.

ചന്ദനം പനിനീരു കുങ്കുമകളഭചലിതജവാതുവും
ചന്തമേറിന പുഴുകുമഴകൊടിഴുക്കിമെയ്യിലശേഷമേ
കുന്ദകുറുമൊഴി മല്ലികാമലർമാലകൊണ്ടു ശിരോരുഹേ
മന്ദമമ്പിലണിഞ്ഞു സുന്ദര സുഭഗരൂപി സുയോധനൻ
സ്വർണ്ണമണിമയമകുടകടകകിരിടഭൂഷണഭൂഷിതൻ
കർണ്ണയുഗമതിലധികവിലസിത കുണ്ഡലങ്ങളണിഞ്ഞുടൻ
മുത്തുമാല പതക്കമുരുതരമുരസി ചേർത്തു മനോഹരം
പത്തുകൈവിരലും നിറച്ചഥ മോതിരങ്ങൾ നിരന്തരം
എട്ടുരണ്ടുമുഴത്തിലുള്ളൊരു പട്ടുടുത്തരഞാണവും
ഇട്ട പട്ടുറുമാലു കെട്ടി മുറുക്കി നല്ലൊരു തൊങ്ങലും
തട്ടപുഴുകുമെടുത്തു മുഞ്ഞി മിനുക്കി നൽക്കുറിയിട്ടുടൻ
മുട്ടുകുത്തിയിരുന്നു തലമുടി തുർത്തുകെട്ടി മഹാരഥൻ
ശില്പമോടഥ ചന്ദ്രകാന്തിവളച്ചുകെട്ടി വിശിഷ്ടമാം
ദർപ്പണത്തെയെടുത്തു പല്ലുമിളിച്ചു നോക്കി രസിക്കയും
ഇപ്രകാരമണിഞ്ഞു കൂത്തിനു ചാക്കിയാരണിയുന്നപോൽ
"ഇപ്രകാരമതൊക്കെ വൈരികൾ കാണണം മമ പൌരുഷം"
എന്നുറച്ചു ജലപ്രളതവിധങ്ങളഖിലമെടുത്തഹോ
മന്നവൻ നിജവേഷഭൂഷണഭംഗിയൊക്കെ വരുത്തിനാൻ.
ഉന്നതം കുട, ചാമരം, തഴ, കൊടികളിടകലരുംവിധം
പന്നഗദ്ധ്വജനാശു പാണ്ഡവനഗരനികടമവാപ്തവാൻ.

ധാർത്തരാഷ്ട്രനുരചെയ്തു സോദരന്മാരോടു മെല്ലേ
"ധൃത്തരാഷ്ട്രം പ്രവേശിച്ചു നമ്മളനുഗ്രഹിക്കേണം
കീർത്തിഭംഗം വരാതേകണ്ടിപ്രദേശങ്ങളേയെല്ലാം
പാർത്തുകണ്ടുംകൊണ്ടു വെക്കമങ്ങുതന്നേ ഗമിക്കേണം,

അബദ്ധങ്ങളൊന്നുകാട്ടാതിരിക്കേണമനുജന്മാർ
അവസ്ഥാദാങ്ങളിൽ ചെന്നു ചാടിയാൽ ദൂഷണമുണ്ടാം
അവസ്ഥാദേശകാലങ്ങളറിഞ്ഞേ സഞ്ചരിക്കാവൂ
സുബദ്ധം നമ്മൾ ചെയ്താലുമബദ്ധമാക്കുമക്കൂട്ടം
പരന്മാർ പാണ്ഡുപുത്രന്മാർ പരിഹാസത്തിനു വട്ടം
പരിചിൽ കൂട്ടമെന്നേരവും കരുതിക്കൊണ്ടു ചെല്ലേണം
എനിക്കേതുമബദ്ധങ്ങൾ വരികയില്ലൊരേടത്തും
കനക്കേടും വരത്തില്ലെന്നനുജന്മാർ ധരിക്കേണം
അനങ്ങാതെന്നുടേ പിമ്പേ നടന്നു പോന്നുകൊള്ളേണം
അനർത്ഥമാർക്കുമില്ലെന്നാലപമാനം വരാനില്ല.”

ഇത്ഥം പറഞ്ഞു സുയോധനവീരൻ
ചിത്തം തെളിഞ്ഞു നടന്നു തുടങ്ങി
ചിത്രപ്പുരത്തിലകത്തു കടന്നു,
ചിത്രപ്പണികളും കണ്ടു നടന്നു;
പാണ്ഡവന്മാരുമദ്രൌപദി താനും
മണ്ഡപം തന്നിൽ കരേറി പതുക്കെ
മാധവൻതന്നെയും ബലഭദ്രനേയും
മാനിച്ചു വന്ദിച്ചുവിടെ വസിച്ചു.
ദുര്യോധനനും സഹോദരന്മാരും
ദൂരത്തുനിന്നു വരുന്നതു കണ്ടു
ധർമ്മതനൂജൻെറ മാനസം തന്നിൽ
സമ്മോദമേററം വളർന്നു കിളർന്നു
സമ്മാനത്തിന്നുള്ള വട്ടങ്ങൾ കൂട്ടി
സന്തോഷമോടെ വസിക്കുന്ന നേരം

ദിവ്യസഭതന്നിൽ വന്നു കരേറി
ദിവ്യനായുള്ള സുയോധന ഭൂപൻ
വെള്ളസ്ഫടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്ക തുടങ്ങി
ഉള്ളിൽ വിളങ്ങുന്ന രത്നങ്ങൾ കണ്ടാൽ
തള്ളിയലയ്ക്കുന്നുവോയെന്നു തോന്നും
നീരുള്ള ദിക്കെന്നുറച്ചു പതുക്കെ
നീന്തുവാനുള്ളൊരു വട്ടങ്ങൾ കൂട്ടി
വീരാളിപ്പട്ടു ചൊരച്ചു കയററി
വീരൻ പതുക്കെപ്പദംകൊണ്ടു തപ്പി
പിമ്പിൽ നടക്കുന്ന തമ്പിമാരെല്ലാം
മുമ്പിൽനടക്കുന്ന ചേട്ടനെപ്പോലെ
ചന്തത്തിനുള്ളൊരു പട്ടുമുയർത്തി
കുന്തിച്ചു കുന്തിച്ചു യാത്ര തുടങ്ങി.
അപ്രദേശങ്ങൾ പതുക്കെക്കടന്നു-
അഗ്രഭാഗത്തിങ്കൽ ചെന്നൊരു നേരം
പച്ചനിറമുള്ള രത്നങ്ങളാലേ
മെച്ചത്തിൽ കെട്ടിപ്പടുത്തു വിളങ്ങും
നീരാഴമുള്ളൊരു നീരാഴി തന്റെ
തീരത്തുചെന്നു കരേറി നരേന്ദ്രൻ
ജലമേന്തി നിൽക്കുന്നൊരാററിന്റെ മദ്ധ്യേ
ജലമില്ലെന്നുള്ളത്തിലോർത്തു പതുക്കെ
നലമോടു പൊണ്ണൻ കുതിച്ചങ്ങു ചാടി,
നിലവിട്ടു വെള്ളത്തിൽ വീണാശു മുങ്ങി

പുഴുകും കളഭവും ചാന്തും കുറിയും
കഴുകിജ്ജലത്തിൽ കിടന്നങ്ങുഴച്ചു
മുഴുകിയും പൊങ്ങിയുമങ്ങൊരു ദിക്കിൽ
ഒഴുകിത്തിരിഞ്ഞു തനിച്ചൊരു വീരൻ
വെള്ളം കുടിച്ചും കിതച്ചും പതച്ചും
ഉള്ളം ചൊടിച്ചുമുരുണ്ടും പിരണ്ടും
തള്ളിയലച്ചും ചിറച്ചും വിയച്ചും
തള്ളിപ്പിടിച്ചും മറിഞ്ഞും തിരിഞ്ഞും
പാരം വലഞ്ഞും പതുക്കെപ്പതുക്കെ
തീരമണഞ്ഞൊരു ദിക്കിൽ കരേറി.
കണ്ടുവസിക്കും വൃകോദരനപ്പോൾ
രണ്ടുകരങ്ങളും കൊട്ടിച്ചിരിച്ചു
"പണ്ടു നീ നമ്മെക്കയർകൊണ്ടു കെട്ടി-
ക്കൊണ്ടു കയത്തിൽ പിടിച്ചുമറിച്ചു
അങ്ങനെ ചെയ്തൊരു ദുര്യോധനാ! നീ
ഇങ്ങനെ വെള്ളത്തിൽ മുങ്ങീടവേണം.
തങ്ങൾ ചെയ്തീടും ദുരാചാരമെല്ലാം
തങ്ങൾക്കു തന്നെ ഭവിച്ചീടുമല്ലോ
ശൃംഗാരമോടിയും കൂട്ടിക്കൊണ്ടയ്യോ!
ചങ്ങാതി വന്നെൻ്റെ നീരാഴി തന്നിൽ
മുങ്ങാനവകാശം വന്നതു കൊള്ളാം
എങ്ങനിന്നിപ്പോളിവിടേക്കു വന്നു?
നിങ്ങടെ രാജ്യത്തിൽ വെള്ളംകുടിപ്പാ-
നെങ്ങുമൊരേടത്തുമില്ലായ്കകൊണ്ടോ

ഞങ്ങടേ നാട്ടിലെത്തോട്ടിലെ വെള്ളം
അങ്ങുള്ള വെള്ളത്തേക്കാൾ ഗുണമെന്നോ?"

ഇത്ഥമോരോ പരിഹാസം പറഞ്ഞു ഭീമസേനൻ താൻ
ഹസ്തസംഘട്ടനത്തോടെ ഹസിച്ചങ്ങു രസിക്കുന്നു,
മാനിനിമാർമണിയാളാം ദ്രൗപദിയും കരംകൊണ്ട-
ങ്ങാനനത്തെ മറച്ചാശു മന്ദഹാസം ചെയ്തു മെല്ലെ
നാണവും കോപവും പാരം വൈരവും മാനസം തന്നിൽ
ക്ഷീണവും ദൈന്യവും പൂണ്ടു നാഗകേതു മഹാരാജൻ
പ്രാണനാശത്തിനെക്കാളും സങ്കടമിപ്പരിഹാസം
പ്രാണികൾക്കു സഹിക്കാവൊന്നല്ല ഹാ! ഹാ! മഹാകഷ്ടം!
കെട്ടിഞാത്തിയുടുത്തോരു പട്ടമെല്ലാമിട്ടു മുക്കി
മുട്ടുകുത്തി മുഖംതാഴ്ത്തിത്തോട്ടിൽനിന്നു കരകേറി
"കൂട്ടമോടേ വസിക്കുന്നോരനുജന്മാക്കു തൻമുഞ്ഞി
കാട്ടുവാനുമെളുതല്ലാ, ലജ്ജകൊണ്ടുമാധികൊണ്ടും."
ഇപ്രകാരം വിഷാദിച്ചു ധാർത്തരാഷ്ട്രൻ തമ്പിമാരും
ക്ഷിപ്രമങ്ങു ഗമിപ്പാനായൊരുമ്പെട്ടു പുറപ്പെട്ടു
തൽപ്രകാരമറിഞ്ഞോരു ധർമ്മപുത്രൻ വിരവോടേ
തൽപ്രദേശത്തേക്കു ചെന്നു നല്ല പട്ടുംകൊണ്ടു മെല്ലെ
"അയ്യോ കഷ്ടമേ! നിങ്ങൾക്കീവണ്ണമിതുകാലം -
ദുര്യോഗം സംഭവിപ്പാനൊട്ടും സംഗതി പോരാ
അങ്ങുന്നി ഭവനത്തിലിന്നിപ്പോൾ വരുമെന്നു
ഞങ്ങൾക്കു നിനവില്ലാ ഭാഗ്യമെന്നതേ വേണ്ടു.
വല്ലാത്തോരബദ്ധത്തിൽ ചാടിപ്പോയതുകൊണ്ടും
തെല്ലും കുണ്ഠിതം വേണ്ടാ കുരുരാജാത്മജാ വീരാ!
പട്ടുകൊണ്ടങ്ങുടനീറൻ പകർന്നാലും വിരവോടേ
ഒട്ടും സംശയംവേണ്ടാ, ദുകൂലം ഞാൻ തരാമിപ്പോൾ.

ഞങ്ങളുള്ള ധനമെന്നും അങ്ങുള്ള ധനമെന്നും
ഏതും ഭേദമില്ലല്ലോ ഭംഗിക്ക പറകല്ല,
അങ്ങേ അർത്ഥമെന്റെ താതന്നും: പിതാവേകൻ
അങ്ങെന്റെയുള്ള സമ്പത്തു രണ്ടുപേൎക്കും സമമെല്ലോ."
ഇത്ഥമുള്ള യുധിഷ്ഠിരന്റെ വിശുദ്ധവാക്കുകൾ കേട്ടടൻ
ക്രുദ്ധഭാവമറച്ചു സരഭസം പറഞ്ഞു പന്നഗകേതനൻ
"പട്ടക്കാട്ടകയിൽ തരിമ്പുമൊരാശങ്കയില്ല നമുക്കെടോ
വെട്ടുകൊണ്ടു മരിച്ചിലെങ്കിലതിശപമെന്റെയനുഗ്രഹം
മുട്ടിത്തു വിടേണമെന്നു ഭവാന്റെ മനസി മനോരഥം
മുട്ടുകൊണ്ടു മുറിഞ്ഞുപോകരുതെന്നൊരിക്കൽ മനോരഥം
സല്ക്കരിപ്പതിനായ്വരുന്ന ഭവാന്റെ തമ്പി വൃകോദരൻ
ധിക്കരിച്ചു ചിരിച്ചതെന്തു മറക്കുമേഷ സുയോധനൻ?
ഇക്കണക്കു പിരിഞ്ഞതൊന്നുടെ ഭാഗ്യമിന്നിഹ ഞങ്ങളെ-
ച്ചക്കതിറ്റിവിടേണമെന്നു കൊതിച്ചിതിന്നു സഹോദരൻ
ശക്രസുതനൊടു രണ്ടുവാക്കു പറഞ്ഞു പോരണമെന്നഹോ
അൎക്കസുതനൊരു മോഹമുള്ളതു സാധിയാഞ്ഞതു കുണ്ഠിതം
ഒക്കയും പുനരുപരി കഴിവതമക്കനന്ദനനന്ദന!
വെക്കമങ്ങു ഗമിക്ക ഞങ്ങളുമങ്ങു പോവതിനൊട്ടുമേ
ക്കാലതാമസമില്ല യാത്ര പറഞ്ഞു ഞങ്ങൾ മഹാമതേ
ചാലവേ മമ ഹസ്തിപത്തനമെത്തിയെന്നു ധരിക്കനീ
കാലവാതവലാന്തകാശ്വികുമാരരാകിയ നിങ്ങളും
ലീലയാ നിജമന്ദിരത്തിൽ വസിച്ചുകൊൾക യഥാസുഖം"
നിറഞ്ഞ മത്സരമെല്ലാം മറച്ചുകൊണ്ടിപ്രകാരം
പറഞ്ഞു കൌരവനുള്ളിലുറഞ്ഞ കോപവും പൂണ്ടു
നിറക്കേടും തരക്കേടും ചിതക്കേടും പതക്കേടും
കനക്കേടും മനക്കേടും മതക്കേടും മടക്കേടും

കുറഞ്ഞൊന്നല്ലഹോ കഷ്ടം കുരുക്കൾക്കിങ്ങനേ മുന്നം
ഒരുകാലമൊരേടത്തുമകപ്പെട്ടിട്ടറിവില്ല.
കറുത്തു വക്ത്രവും ചിത്തം വെറുത്തു ദ്വേഷപ്രഭാവം
കറുത്തു കുണ്ഠിതമൊട്ടും പൊറുത്തുകൂടുകയില്ല;
വളർന്നു നാണവുമംഗം തളർന്നു, വൈരവുമേററം
കിളർന്നു മാനസമൊന്നു പിളർന്നുപോയതുപോലെ
പകർന്നു വെററയും പാക്കും നുകർന്നു പല്ലുകൾ ചുണ്ടും
ചുകന്നു കാൺകയിലാക്കുമകന്നു മോടികളെല്ലാം,
നടന്നു കാനനമെല്ലാം കടന്നു ഹസ്തിനഗേഹ-
മടുത്തു ചെന്നകംപുക്കു കടുത്തുള്ളവമാനം
ക്ഷമിച്ചു താതനെച്ചെന്നു നമിച്ചു തൻപുരം തന്നിൽ
ഗമിച്ചു ഭാര്യമാരോടേ രമിച്ചു കൌരവശ്രേഷ്ഠൻ.
പറവാൻ ബുദ്ധിയില്ലാത്ത പറയൻ ഞാനിത്രമാത്ര-
മറിഞ്ഞോരു കഥാശേഷം പറഞ്ഞതെന്നതേ വേണ്ടു.
ഗുരുക്കന്മാരടിയൻെറ കുറവുകൾ പൊറുക്കേണം;
നിറക്കുന്ന ഗുണമിങ്ങു തെളിക്കെന്നു വരുത്തേണം.
ഇരിക്കുന്ന സഭാവാസിജനമെല്ലാം പ്രസാദിച്ചു
തരക്കേടു വരാതെന്നെത്തുണക്കേണം നമസ്കാരം.
പരബ്രഹ്മസ്വരൂപശ്രീ പരമേശൻ മഹാദേവൻ
പരമാർത്ഥം പരം ദൈവം പരമാനന്ദസന്ദോഹം
പരമാത്മാപരമെന്നും പരിചോടിങ്ങരുളേണം
പരിതോഷം വരുത്തേണം പരമെന്നെ നികത്തേണം.
അമരേന്ദ്രസേവിതേ! മാതുലമരും ശ്രീ മഹാഭദ്രേ
മമ തായേ! മഹാമായേ! മമതാവാരിധേ! ദേവി
നമസ്തേ ലോകമാതാവേ! നമസ്തേ നായികേ! നാഥേ!
നമസ്തേ മൽക്കുലാധാരേ! നമസ്തേ മംഗളാകാരേ!

ഒന്നു മുതൽ നാല്പതു വരെ പേജുകൾ എറണാകുളം ധർമ്മകാഹളം പ്രസ്സിലും, മററു ഭാഗങ്ങളെല്ലാം എറണാകുളം വിശ്വനാഥ് പ്രസ്സിലും അച്ചടിച്ചതു്.

—൧—

# പദാൎത്ഥസൂചി.

വരി **1—20**. നമസ്തേ=(നമഃ+തേ) അങ്ങെയ്ക്കു നമസ്കാരം. വിഘ്നരാജാവു്=ഗണപതി. വിശ്രുതാത്മാവു്=വിശ്രുതമായ (സുപ്രസിദ്ധമായ) ആത്മാവോടുകൂടിയവൻ. വിശ്വധാതാവു്=ലോകത്തെ സൃഷ്ടിച്ചവൻ. വൈരിജേതാവു്=ശത്രുക്കളെ ജയിച്ചവൻ. പാൎവ്വതീനാഥൻ=ശിവൻ. ജാനകീനാഥൻ=രാമൻ. ഭാരതീനാഥൻ=ഭാരതി (സരസ്വതി) യുടെ നാഥൻ (ബ്രഹ്മാവു്.) ഭാൎഗ്ഗവീനാഥൻ=ലക്ഷ്മീപതി (വിഷ്ണു.) നരലോകോത്തമൻ=പുരുഷശ്രേഷ്ഠൻ. ധാത്രീസുരലോകാധിപൻ=ബ്രാഹ്മണോത്തമൻ. ഗുണാംഭോധി=സൽഗുണങ്ങളുടെ ഇരിപ്പിടം. കരുണാശീതളസ്വാന്തൻ=ദയകൊണ്ടു ശീതളമായ ഹൃദയത്തോടുകൂടിയവൻ. തേ=അങ്ങെയുടെ. പാദപത്മേ=കാല്ക്കൽ. വണങ്ങുന്നേൻ=ഞാൻ വണങ്ങുന്നു. (5മുതൽ 8വരെ വരികളിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്ന ഗുരുനാഥൻ നമ്പ്യാരെ സ്വദേശത്തുവെച്ചു സംസ്കൃതത്തിലെ ഉപരിപാഠങ്ങൾ അഭ്യസിപ്പിച്ച തൃക്കാൎയ്യമൺ ഇല്ലത്തു നാരായണഭട്ടതിരിയാണെന്നു തോന്നുന്നു. അതിനെത്തുടൎന്നു വന്ദിക്കുന്നതു കിള്ളിക്കുറിശ്ശി ശിവനെയാണെന്നുള്ളതും മറെറാരു ബ്രാഹ്മണഗുരുവായ ഓന്നമ്പള്ളിപ്പോററിയെ ഈ തുള്ളലിൽത്തന്നെ അന്യത്ര വന്ദിക്കുന്നുണ്ടെന്നുള്ളതും, ഈ ഊഹത്തിനു് ഉപോൽബലകമായിരിക്കുന്നു.) മനോരംഗേ=ഹൃദയമാകുന്ന രംഗത്തിൽ. തിറം=ശോഭ. ഉറഞ്ഞു്=തീരുമാനിച്ചു്. (ഉറച്ചു് എന്നതിന്റെ കേവലരൂപമായിരിക്കാം ഈ പ്രയോഗം.) അന്തണന്മാർ=ബ്രാഹ്മണന്മാർ. പറയിപെററമുന്നാം=പറച്ചിപെററുണ്ടായ. പറയപ്രൗഢൻ=പ്രൗഢനായ പറയൻ. പുകഴ്ന്ന=പേരുകേട്ട. (പറച്ചിപെററ പന്തിരുകുലത്തിൽപ്പെട്ട പാക്കനാരെയാണു് ഈ വരികളിൽ സൂചിപ്പിക്കുന്നതു്. വംശശുദ്ധിയെ സൂചിപ്പിക്കുന്നതിനുവേണ്ടിയാണു് ഈ പ്രസംഗം.) മറകൾ=വേദങ്ങൾ.

**20—40**. കുരപ്പത്തിൽ=കുരക്കെ. (എളുപ്പത്തിൽ). നിരപ്പോടെ=ഭംഗിയായി. മറുത്തു്=എതിൎത്തു്. കരിമ്പുവില്ലൻ=കാമദേവൻ. കാമനെച്ചുട്ടുകരിച്ച ഈശ്വരൻ=ശിവൻ. പാവനാകാരം=പരിശുദ്ധമായആകൃതിയോടുകൂടിയ. തരുണ......ബരായ=നല്ല കാർ

മേഘക്കൂട്ടത്തോടു തുല്യമായ ശരീരത്തോടു കൂടിയവനായ. അരുണ ······ലോചനായ=ചെന്താമരപ്പൂപോലെ മനോഹരവും നീണ്ടതുമായ കണ്ണുകളോടുകൂടിയവനായ. (താമരപ്പൂവിൻെറ ഇതളിനേയാണു് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു്.) ചരണ······ദേവൻ=കാലടികളിൽ കുമ്പിട്ട ദേവസമൂഹത്തോടുകൂടിയവൻ. ഉന്നതോ······ണ്ഡനായ=വലിയ കിരീടവും കുണ്ഡലങ്ങളും അണിഞ്ഞവനായ. ഉരഗവരമയശയനൻ=സപ്പരാജാവിനെ മെത്തയാക്കിയവൻ. നളിനനാഭൻ==താമരപ്പൂ നാഭിയിലുള്ളവൻ. ഇന്ദിരാ······ംഗൻ=ലക്ഷ്മിയുടെ മണിമന്ദിരവും (നിവാസസ്ഥാനവും) നിമ്മലവും സുന്ദരവുമായ ദേഹത്തോടുകൂടിയവൻ. ഇരവുപകൽ=രാപ്പകൽ, അഹം=ഞാൻ. അജിതൻ=ആരാലും ജയിക്കപ്പെടാത്തവൻ. തവ=അങ്ങയുടെ. തനു=ദേഹം. ചിന്തയാമി=(ഞാൻ) ധ്യാനിക്കുന്നു. **40—60**. വഞ്ചിരാജകുലോത്തമൻ=തിരുവിതാംകൂർ മഹാരാജാവു്. വിന=ആപത്തു്. സഞ്ചിതാ······പൗരുഷൻ=ധമ്മാനുസൃതമായ കമ്മങ്ങൾചെയ്തു് നിമ്മലവും അത്ഭുതകരവുമായ പൗരുഷത്തെ നേടിയവൻ. സകല······ദഹനൻ=ശത്രുക്കളുടെ വംശമാകുന്ന ഇയ്യാംപാററകൾക്കു് തീയായിട്ടുള്ളവൻ. വിക്രമാതിശയങ്ങൾ=അത്ഭുതകരമായ പരാക്രമങ്ങൾ. ശക്രലോകം=ദേവലോകം. അക്ക······പൻ=സൂയ്യനെപ്പോലെ കരബലമുള്ളവൻ. മാം പാതു=എന്നെ രക്ഷിക്കട്ടെ.

**60—80**. മാലതി=പിച്ചകം. (വേഷസംഗതിയോടു ചേന്നൊരു ഭാഷ എന്നതുകൊണ്ടു പ്രാസം തുടങ്ങിയ ശബ്ദാലങ്കാരങ്ങളെയായിരിക്കാം നമ്പ്യാർഉദ്ദേശിക്കുന്നതു്.) പരിതോഷം=സന്തോഷം. (തുള്ളലിലെഭാഷാരീതി ലളിതതരമാക്കുന്നതിനുള്ള കാരണം നമ്പ്യാർ ഇവിടെ ഭംഗിയായി പ്രതിപാദിച്ചിരിക്കുന്നു സംസ്കൃതപദപ്രയോഗംകൂടിയാൽ ഭടജനങ്ങൾക്കു് അതു മനസ്സിലാകുകയില്ലെന്നു മാത്രമല്ല, അവർ എഴുന്നേററു പൊയ്ക്കളയുമെന്നുകൂടി നമ്പ്യാർ പറയുന്നതു് പ്രത്യേകം ശ്രദ്ധേയമാണു്.) ദുരിതം=പാപം. **80—100**. മാത്തൂരംബിക=മാത്തൂർ ഭഗവതി. ആത്തി=ദുഃഖം. ക്ഷോണീവാനവൻ=ബ്രാഹ്മണനു. ദ്രോണമ്പള്ളി=ഓണമ്പള്ളി. പ്രാണപഞ്ചകം=അഞ്ചുപ്രാണവായുക്കൾ. (പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ ഇവയാണു് പഞ്ചപ്രാണങ്ങൾ.) ത്രാണം=രക്ഷണം. (ഓണ

ന്വില്ലിയാചാൎയ്യൻ 'ഇപ്പരിഷല്ക്കു പഞ്ചപ്രാണരക്ഷണത്തിന്നനുകൂല' നാണെന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു്, നമ്പ്യാർ ആ ആചാൎയ്യന്റെ അടുക്കൽ കലാപരമായ വല്ല കായികവിദ്യകളും അഭ്യസിച്ചിച്ചിരുന്നു എന്നൂഹിക്കാമോ?) ബാലരവി=ഉണ്ണിരവിക്കുറുപ്പ്. വാചാ=വാക്കുകൊണ്ടു്. ദേശികശരൻ=ഗുരുശ്രേഷ്ഠൻ. കേവലപ്രിയന്മാർ.=ശ്രീകൃഷ്ണഭക്തന്മാർ. വൃത്തം=ചരിത്രം. സോമവംശാംബുധിചന്ദ്രൻ=ചന്ദ്രവംശമാകുന്ന സമുദ്രത്തിന്നു ചന്ദ്രനായിട്ടുള്ളവൻ: (ആ വംശത്തെ ഉയൎത്തിയവൻ എന്നൎത്ഥം.) ആശ്വിനേയാത്മജന്മാർ=നകുലസഹദേവന്മാർ. വാസവപ്രസ്ഥം=ഇന്ദ്രപ്രസ്ഥം. വാസസൗഖ്യോദയം=താമസിക്കുന്നതിനുള്ള സുഖസൗകൎയ്യങ്ങൾ.

**100—120.** വാസവൻ=ഇന്ദ്രൻ. ഭാഗധേയം=ഭാഗ്യം. ഫൽഗുനൻ=അൎജ്ജുനൻ. അപ്രമേയപ്രഭാവൻ=എതിരില്ലാത്ത പ്രൗഢിയോടുകൂടിയ. ശ്രീമന്ദിരം=ഐശ്വൎയ്യത്തിന്റെ ഇരിപ്പിടം. താണ്ഡവാഡംബരാടോപം=തുള്ളലും ആഡംബരവും അഹങ്കാരവും. പ്രക്രമം=ഉദ്യമം.

## സൂചിതകഥ.

പണ്ടു ശ്വേതകി എന്ന രാജാവു തുടരെത്തുടരെ അനവധി യാഗങ്ങൾ ചെയ്തു. അവയിലെ ഹവിസ്സു ഭക്ഷിച്ചു് അഗ്നിഭഗവാനു് 'അരുചി' പിടിപെട്ടു. സങ്കടമുണൎത്തിച്ചപ്പോൾ നാനാജീവജാലങ്ങളെക്കൊണ്ടു നിറഞ്ഞ ഖാണ്ഡവവനം ദഹിപ്പിച്ചാൽ സുഖക്കേടു മാറുമെന്നാണു് ബ്രഹ്മാവു മറുപടി പറഞ്ഞതു്. അഗ്നി പലവട്ടം അതിനായി ശ്രമിച്ചു. പക്ഷേ, ദേവേന്ദ്രന്റെ ചങ്ങാതിയായ തക്ഷകൻ ആ കാട്ടിൽ താമസിച്ചിരുന്നതുകൊണ്ടു് കാട്ടിനു തീ പിടിപെടുമ്പോഴെല്ലാം ഇന്ദ്രൻ മഴപെയ്യിച്ചു് അതു കെടുത്തിക്കൊണ്ടിരുന്നു. ഒടുവിൽ അഗ്നി ബ്രാഹ്മണവേഷംധരിച്ചു് കൃഷ്ണാൎജ്ജുനന്മാരുടെ മുമ്പിൽചെന്നു് തനിക്കു വിശപ്പടങ്ങാൻമാത്രം ഭക്ഷണം തരണമെന്നു് അപേക്ഷിച്ചു. 'എന്തുവേണമെങ്കിലും ചോദിക്കാം' എന്നായി അൎജ്ജുനൻ. അപ്പോഴാണു് അഗ്നി പരമാൎത്ഥം തുറന്നുപറഞ്ഞതു്. അൎജ്ജുനൻ വാഗ്ദാനം പാലിക്കാൻതന്നെ തീരുമാനിച്ചു. അഗ്നി വരുണന്റെ അടുക്കൽനിന്നു ഗാണ്ഡീവം എന്ന വില്ലും അമ്പൊടുങ്ങാത്ത ഒരാവനാഴിയും

വാങ്ങി അർജ്ജുനനു സമ്മാനിച്ചു. കൃഷ്ണനും അർജ്ജുനനും കാവൽനില്ക്കെ അഗ്നി ഖാണ്ഡവവനം ദഹിപ്പിച്ചുതുടങ്ങി. ഒരൊററ ജന്തുവിനെപ്പോലും പുറത്തു വിടാതെ കൃഷ്ണാർജ്ജുനന്മാർ സൂക്ഷിച്ചു. ഇന്ദ്രൻ പാിച്ച പണിയെല്ലാം നോക്കി ഫലിക്കാതെ പരാജിതനായി പിൻവാങ്ങി. ഈ അവസരത്തിൽ മയൻ കാട്ടിനുള്ളിൽനിന്നു് ഉപായത്തിൽ രക്ഷപെടാൻ ശ്രമിച്ചു. കൃഷ്ണൻ അയാളെ കണ്ടുപിടിച്ചു് ചക്രായുധംകൊണ്ടു് കണ്ഠച്ഛേദനത്തിനൊരുങ്ങി. അർജ്ജുനൻ കൃഷ്ണനെ പറഞ്ഞു സമാധാനിപ്പിച്ചു മയനെ രക്ഷിച്ചു. (ഭാരതം ആദിപർവ്വം അദ്ധ്യായം 233_240.)

**120—200.** കുക്ഷിപൂർത്തി=ഉദരപൂരണം. വാരിവാഹം=മേഘം. യഷ്ടി=ഭോഷൻ. (നഷ്ടി എന്ന പാഠം അശുദ്ധമാണെന്നു തോന്നുന്നു.) കപ്പാൻ=മോഷ്ടിക്കാൻ. കണ്ടകന്മാർ=ദുഷ്ടന്മാർ. കളത്രം=ഭാര്യ. ചീറുക=കയർക്കുക.

**200—250.** കുസൃതിക്കു നല്ലപാത്രം=വലിയ കുസൃതിക്കാരൻ. ദാനവൻ=അസുരൻ. ദന്തിമന്ദിരം=ഹസ്തിനപുരം. ദന്തിരഥതുരഗാദി=ആന, തേരു്, കുതിര മുതലായ. ബന്ധമെന്നിയേ=യാതൊരു കാരണവുംകൂടാതെ. വിഭൂതി=ഐശ്വര്യം. ഖലകുലോത്തമൻ=അത്യന്താ ദുഷ്ടൻ. ചിത്രതരം=വളരെ വിചിത്രമായ. വിപ്രദേവപ്രിയൻ=ബ്രാഹ്മണരിലും ദേവന്മാരിലും ഭക്തിയുള്ളവൻ. അഗ്രജൻ=ജ്യേഷ്ഠൻ. പത്തനം=വീടു്. ഗുഡാകേശൻ=അർജ്ജുനൻ. വർദ്ധകി=ആശാരി.

**250—300.** വാച്ചി=ഒരുതരം ഉളി. വ്യയം=ചിലവു്. കൗശലം=സാമർത്ഥ്യം. അന്ദർകോൻ=ഇന്ദ്രൻ. ലോകത്രയഖ്യാതം=മൂന്നുലോകങ്ങളിലും പ്രസിദ്ധം. വാച്ചതെന്നാകിലും=വല്ലവിധത്തിലും. വേദിയന്മാർ=ബ്രാഹ്മണർ. ഉത്തുംഗഗോപുരശൃംഗങ്ങൾ=ഉയരമുള്ള ഗോപുരത്തിന്റെ അഗ്രഭാഗങ്ങൾ. പങ്ക്തി=നിര. അച്ഛം=നിർമ്മലം. കച്ഛം=വെള്ളം കെട്ടിനില്ക്കുന്ന സ്ഥലം. (ഇവിടെ തീരമെന്ന അർത്ഥത്തിലാണു് പ്രയോഗമെന്നു തോന്നുന്നു.) ഘോടകശാല=കുതിരപ്പന്തി. ഹാടകം=സ്വർണ്ണം. പാഠകശാല=പാഠശാല എന്നോ പാഠകം പറയുന്ന ശാല എന്നോ അർത്ഥമാകാം.

**300—350.** തണ്ടുതപ്പിത്തരം=അഹങ്കാരം. കണ്ടകൻ=ക്രൂ

രൻ. കശ്മലൻ=ദുഷ്ടൻ. ചെണ്ടകൊട്ടിക്ക=ചതിക്ക. സഹായിക്കാർ=പ്രതിവുകാർ. ഉർവ്വീശശാങ്കൻ=ഭൂചന്ദ്രൻ. **350—396**. ശർമ്മാനുകൂലം=സുഖത്തിനു് അനുകൂലമായ വിധത്തിൽ. വിദഗ്ദ്ധൻ=സമർത്ഥൻ. കടകം=പൊൻവള. കാഞ്ചി=അരഞ്ഞാൺ. കടി=അരക്കെട്ടു്. ഹാരം=മുത്തുമാല. കോമളാകാരൻ=സുന്ദരൻ. വാഞ്ഛ=അനുഗ്രഹം. പഞ്ചാസ്ത്രോപമന്മാർ=കാമദേവനെപ്പോലെയുള്ളവർ. രാമകേശവന്മാർ=ബലരാമനും ശ്രീകൃഷ്ണനും. മഞ്ചാഗ്രേ=കട്ടിലിന്മേൽ. പാദക്ഷാളനംചെയ്ക=കാൽകഴുകിക്ക. പാദാംബുമഹാതീർത്ഥം=കാൽകഴുകിയ വെള്ളമാകുന്ന വലിയ തീർത്ഥം. മൂർദ്ധാവു്=ശിരസ്സ്. വിരിഞ്ചവാസവവന്ദനീയൻ=ബ്രഹ്മാവിനും ഇന്ദ്രനും വന്ദ്യനായിട്ടുള്ളവൻ. ജിഷ്ണു=അർജ്ജുനൻ. ധൃഷ്ണു=ധൈര്യമുള്ളവൻ. സർവ്വസഹിഷ്ണു=എല്ലാം സഹിക്കുന്നവൻ. വിശ്വചരിഷ്ണു=ലോകംമുഴുവൻ സഞ്ചരിക്കുന്നവൻ; സർവ്വവ്യാപി. ഭൂഷ്ണു=തന്നത്താനുണ്ടാകുന്നവൻ; സ്വയംഭൂ. ഇഷ്ടി=യാഗം. തുഷ്ടൻ=സന്തോഷിച്ചവൻ. വിഷ്ടപം=ലോകം. സൃഷ്ടികാരണം=സൃഷ്ടിക്കുകാരണം. ഇഷ്ടപൂരണം=അനുഗ്രഹം സാധിപ്പിക്കുന്ന. അഷ്ടമൂർത്തിനിഷേവിതൻ=ശിവനാൽ സേവിക്കപ്പെട്ടവൻ. ഏഷഃ=ഈ (നില്ക്കുന്ന)

**396—424**. രണ്ടുമൂന്നു സ്തുതികളാണു് ഇവിടെ പ്രധാനമായി കാണുന്നതു്. ഭക്തിയിൽ വിഭക്തിക്കു വലിയ സ്ഥാനമില്ലാത്തതിനാൽ ഈ ഭാഗത്തു് പ്രതിപദം അർത്ഥവിവരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പ്രാകൃതകവി പാടിയ സ്തുതിയുടെ സംസ്കൃതരൂപം മാത്രം താഴെച്ചേർക്കാം. പ്രാകൃതഭാഷകൾ പലതരമുള്ളതിൽ നമ്പ്യാർ സ്വീകരിച്ചതു് ഏതാണെന്നു വ്യക്തമാകുന്നില്ല. പ്രാകൃതഭാഷാനിയമങ്ങളൊന്നും ആ വരികളിൽ സാർവ്വത്രികമായി യോജിച്ചു കാണുന്നില്ല. നമ്പ്യാരുടെ നിരങ്കുശത്വം ഒരുപക്ഷേ, അക്കാര്യത്തിലും സജീവമായി പ്രവർത്തിച്ചിരിക്കാം.

## പ്രാകൃതത്തിൻെറ സംസ്കൃതരൂപം.

പത്മനാഭ നമോ നമോ തവ പങ്കജാക്ഷ നമോ നമോ
യദുകുമാര തമാലനീലശരീര വീര നമോ നമോ
മസൃണഘുസൃണ ശിഖണ്ഡമണ്ഡന വിനതനന്ദന നമോ നമോ
കനകപങ്കജവദന ചഞ്ചലനയന തവ നമോ നമോ

ലളിതകളായകലികാഘലനമണി വലയനിചയ നമോ നമോ
തുലിതജലധര വിനതപ്രണിഹിത കനകഭൂഷ നമോ നമോ
അജിതമാനുഷ ശശിസമാനന ഗളിതദോഷ നമോ നമോ
മിളിതസുമാവലിബഹുളസുന്ദരരൂപ മുകുന്ദ നമോ നമോ
പ്രണതഗുണഗണനിലയ ജിതമഹീവലയ കുഹക നമോ നമോ
നിലയവിരഹിത കലയ മയി ലയമരുണചരണ നമോ നമോ
മലയജാർച്ചിതതരുണിജനപരിരംഭലോല നമോ നമോ
ചരണനിപതിതദുരിതമപഹര മമ മഹേശ നമോ നമോ
കുന്ദസുന്ദരമന്ദഹാസ മുകുന്ദ ശൗരി നമോ നമോ
ചന്ദ്രവദന പുരന്ദരാദിസുരാർച്ചിതാംഘ്രി നമോ നമോ
നന്ദനന്ദന ചന്ദനാഗരുശീതശീല നമോ നമോ
വന്ദനീയകളിന്ദജാജലകേളിലോല നമോ നമോ.

**426–450.** കൊട്ടിൽ=നെടുമ്പുര. മടപ്പള്ളി=രാജഗൃഹങ്ങളിലെ പാചകശാല. മടപ്പള്ളിദ്വിജന്മാർ=രാജഗൃഹങ്ങളിലെ അരിവെപ്പുകാരായ ബ്രാഹ്മണർ. മൃഷ്ടഭോജനം=വെടിപ്പായ ഭക്ഷണം. ഭൂസുരന്മാർ=ബ്രാഹ്മണർ. ഭുക്തിചെയ്യിക്ക=ഊട്ടുക. അഷ്ടി=ഭക്ഷണം. (രെട്ട് എന്ന പ്രയോഗം സുബദ്ധമാണോ എന്നു സംശയിക്കുന്നു. 'കെട്ടും കമ്പിളിയെല്ലാം' എന്നായിരിക്കുമോ ശരിയായ പാഠം? 'കെട്ടുമാറാപ്പുകളും' എന്നു് അടുത്തുതന്നെ നമ്പ്യാർ വേറെയും പ്രയോഗിച്ചു കാണുന്നുമുണ്ട്. രെട്ട് എന്ന ശബ്ദത്തിനു് കരിമ്പടം എന്നർത്ഥമുണ്ടെന്നു ചിലർ പറയുന്നു. പക്ഷേ, നിഘണ്ടുക്കളിലൊന്നും അതു കാണുന്നില്ല.) ധൃതരാഷ്ട്രാത്മജജ്യേഷ്ഠൻ=ധൃതരാഷ്ട്രന്റെ മക്കളിൽ മൂത്തവൻ. സഖി=ചങ്ങാതി. തന്മാർഗ്ഗം=ആ വഴിക്കു്. സമ്മോദിച്ചു്=സന്തോഷിച്ചു്. **450–500.** ഇന്ദ്രപ്രസ്ഥത്തിലെ സദ്യവട്ടവും വിനോദസമ്പ്രദായങ്ങളുമാണു് ഇവിടെ പ്രധാനമായി വർണ്ണിക്കുന്നതു്. കേരളത്തിനു പുറമേ കാണാത്ത പലതും അക്കൂട്ടത്തിൽ നമ്പ്യാർ വർണ്ണിക്കുന്നുണ്ട്. അമ്പലപ്പുഴ, തിരുവനന്തപുരം എന്നീ രാജധാനികളിൽ കണ്ടതൊക്കെ ഇന്ദ്രപ്രസ്ഥത്തിലും ഉണ്ടെന്നായിരിക്കാം നമ്പ്യാർ വിചാരിച്ചതു്.

**500–550.** അഖിലദിശി=എല്ലാദിക്കിലും. സരണി=വഴി. ശില്പമായി=ഭംഗിയായി. ഉപകൃതി=ഉപകാരം. അമരവരൻ=ദേ

വേന്ദ്രൻ. അമല......ശോഭനം=നല്ല രത്നങ്ങളെക്കൊണ്ടും സ്വർണ്ണംകൊണ്ടും വളരെ ശോഭിക്കുന്നതു്. കമലയുടെ കുലഭവനം=ലക്ഷ്മീവിളയാടുന്ന സ്ഥലം. ജയതി=ജയിക്കുന്നു. വിരിഞ്ചൻ=ബ്രഹ്മാവു്. അണ്ടർകോൻ=ഇന്ദ്രൻ. കൂട്ടമോ?=സാദ്ധ്യമാണോ? ഹസ്തി=ആന. അസ്തു=ആകട്ടെ; ഇരിക്കട്ടെ. പാന്ഥവിപ്രന്മാർ=വഴിപോക്കരായ ബ്രാഹ്മണർ. ഇത്ഥം=ഇങ്ങനെ. **550—600.** വാറു്=ചാട്ട (തോൽവാറു്) പൊറുകൾ=ഭോഷന്മാർ. ഈറ=ദേഷ്യം. മാററാർ=ശത്രുക്കൾ. പ്രതിമല്ലൻ=എതിരാളി. ക്ഷിതിപാലൻ=രാജാവു്. ക്ഷതി=നാശം. നതി=താഴ്ച; കുറവു്. അതിരേകം=വളരെ. നിറക്കേടു്=അപമാനം.

**600—650.** അഗ്രജൻ=ജ്യേഷ്ഠൻ. നിർണ്ണയിക്ക=നിശ്ചയിക്ക. ജാതമോദം=സന്തോഷത്തോടുകൂടി. ഗിരം=വാക്കിനെ. രമ്യം=മനോഹരം. ദാനവാശാരി=അസുരശില്പി. അദ്ധ്വഗന്മാർ=വഴിപോക്കർ. കപ്പാൻ=മോഷ്ടിക്കാൻ. **650—700.** അന്ധനരവരൻ=കുരുടനായ രാജാവു്. ശഠശകുനികർണ്ണസമാകുലൻ=ശഠനായ ശകുനിയോടും കർണ്ണനോടും കൂടിയവൻ. സംഭൃതസാധനൻ=ഒരുക്കങ്ങൾ കൂട്ടിയവൻ. കുംഭി=ആന, പടഹഘടഘടരടിതം=പെരുമ്പറകളുടെ ഘടഘട എന്ന ശബ്ദം. ഇടികളോടുപടപൊരുതും=ഇടിവെട്ടുന്നതുപോലെയുള്ള. നിനദം=ശബ്ദം. വിടഭടാദിവിലാസം=വിടന്മാർ, ഭടന്മാർ തുടങ്ങിയവരുടെ വിളയാട്ടം. മലഹരി=ഒരുതരം രാഗം. ചരതിച്ചു്=ഒരുക്കി, സൂക്ഷിച്ചു്. നാഗമന്ദിരം=ഹസ്തിനപുരം. നാഗകേതു=ദുര്യോധനൻ.

**700—750.** ചവളക്കാർ=കുന്തക്കാർ. മറക്കാർ=അംഗരക്ഷകന്മാർ. മാററി=ചതിയൻ. ('മാററിപ്പേർ പറഞ്ഞെന്നാൽ' എന്നു തുടങ്ങുന്ന വരികളിൽനിന്നു് യുദ്ധത്തിൽ ചേരുന്നവർ പേരുമാററി പറയാറുണ്ടായിരുന്നു എന്നാണോ ഊഹിക്കേണ്ടതു്? അതോ, വല്ല കുററവും ചെയ്തു പടയിൽനിന്നു പിരിച്ചയയ്ക്കപ്പെട്ട കൂട്ടർ പേർമാററിപ്പറഞ്ഞു വീണ്ടും 'സർവ്വീസിൽ' കടന്നുകൂടാൻ ശ്രമിച്ചിരുന്നുവെന്നോ?) കന്നങ്ങൾ=വൃത്തികെട്ടകൂട്ടർ. **750—800.** കുറപ്പത്തിൽ=എളുപ്പത്തിൽ. ജൃംഭിതഘോഷം=വർദ്ധിച്ച ഘോഷത്തോടുകൂടി. കരി=ആന. കീരി=പന്നി. ഹരി=സിംഹം. കലമ്പുക=കലഹിക്കുക.

**800—850**. അന്തികം=സാമീപം. ദന്തികന്ധരം=ആനക്കഴുത്തു്. പച്ചപ്പാലാവു്=ഒരുതരം വസ്ത്രവിശേഷം. (പതിനെട്ടുമുഴം നീളമുള്ളതും കച്ചകെട്ടുന്നതിനുപയോഗിച്ചിരുന്നതുമായ ഒരുതരം വസ്ത്രമാണെന്നു് ഒരു നിഘണ്ടുവിൽ കാണുന്നു.) ശിരോരുഹേ=തലമുടിയിൽ. സ്വർണ്ണമണി······ഭൂഷിതൻ.=പൊന്നു്, രത്നം ഇവകൊണ്ടുണ്ടാക്കിയ കിരീടം, കൈവള മുതലായ ആഭരണങ്ങളണിഞ്ഞവൻ. ഉരസി=നെഞ്ചിൽ. ചന്ദ്രകാളി=വിരലുകളിലെ നഖങ്ങൾ. ദർപ്പണം=കണ്ണാടി. പന്നഗധ്വജൻ=ദുര്യോധനൻ. പാണ്ഡവനഗരനികടം=പാണ്ഡവന്മാർ താമസിക്കുന്ന നഗരത്തിന്റെ സമീപം. അവാപുവാൻ=പ്രാപിച്ചു. ധൂർത്തരാഷ്ട്രം=ധൂർത്തന്മാരുടെ രാജ്യം. കീർത്തിഭംഗം=കീർത്തിക്കു ഭംഗം; മാനക്കേടു്. അവസ്ഥാനങ്ങൾ=അസ്ഥാനങ്ങൾ. ദൂഷണം=ചീത്തപേരു്. പരന്മാർ=ശത്രുക്കൾ. **850—900**. ദ്രൗപദി=പാഞ്ചാലി. ധർമ്മതനൂജൻ=ധർമ്മപുത്രൻ സമ്മാനത്തിനു്=ബഹുമാനിക്കുന്നതിനു്. ഭവ്യൻ=ശ്രേഷ്ഠൻ. (നിന്ദാസ്തുതിരൂപത്തിലുള്ള പ്രയോഗമാണിതു്.) അഗ്രഭാഗം=അററം; മുൻഭാഗം.

**900—950**. ഹസ്തസംഘട്ടനത്തോടേ=കൈകൊട്ടിക്കൊണ്ടു്. ഹസിക്ക=ചിരിക്ക. മാനിനിമാർമണി=സ്ത്രീരത്നം. ആനനം=മുഖം. ദുകൂലം=പട്ടു്. വൃകോദരൻ=ഭീമൻ. **950—980**. ചക്കതീററുക=നിന്ദിക്കുക; അപമാനിക്കുക. ശക്രസുതൻ=അർജ്ജുനൻ. അർക്കസുതൻ=കർണ്ണൻ. ഉപരി=മേലിൽ. അർക്കനന്ദനനന്ദനൻ==ധർമ്മപുത്രൻ. ഹസ്തിപത്തനം=ഹസ്തിനപുരം. കാല······കുമാരൻ=ധർമ്മരാജാവു്, വായു, ഇന്ദ്രൻ, അശ്വിനീദേവകൾ എന്നിവരുടെ മക്കൾ. (പാണ്ഡവന്മാർ പാണ്ഡുമഹാരാജാവിന്റെ മക്കളല്ല എന്നു കാണിച്ചധിക്ഷേപിക്കുകയാണു് ദുര്യോധനൻ ഈ പ്രയോഗംകൊണ്ടു ചെയ്യുന്നതു്.) അമരസേവിത=ദേവന്മാരാൽ സേവിക്കപ്പെടുന്നവൾ. മാത്തൂരമരും മഹാഭദ്ര=മാത്തൂർഭഗവതി. .മംഗളാകാര=കല്യാണസ്വരൂപിണി. (ഭക്തന്മാർക്കു് മംഗളം വരുത്തുന്നവൾ എന്നു കാണിക്കുന്നതിനുവേണ്ടിയാണു് ഈ വിശേഷണം പ്രയോഗിച്ചിട്ടുള്ളതു്.)

---

# ചില ചോദ്യങ്ങൾ.

---

**I,** "ശൈലികളെക്കൊണ്ടു് അർത്ഥപുഷ്ടിയും പഴഞ്ചൊല്ലുകളെക്കൊണ്ടു ചമൽക്കാരഭംഗിയും വരുത്തുവാൻ കുഞ്ചൻ നമ്പ്യാക്കുള്ള സാമർത്ഥ്യം അന്യാദൃശമാണു്." ഓരോന്നിനും നന്നാലുദാഹരണങ്ങൾ എടുത്തുകാണിച്ചു് ഈ അഭിപ്രായം സമർത്ഥിക്കുക. (**1936**)

**II** കവിതവഴിയായി സാമുദായികജീവിതത്തിലെ ന്യൂനതകൾ വെളിപ്പെടുത്തുന്നതിൽ നമ്പ്യാക്കുള്ള പാടവം ഉദാഹരണങ്ങൾകൊണ്ടു തെളിയിക്കുക. (**1935**)

**III** സഭാപ്രവേശം തുള്ളലിൽനിന്നു ചരിത്രപരമായും സാമുദായികമായും എന്തെല്ലാം മനസ്സിലാക്കാൻ സാധിക്കുന്നുണ്ടെന്നു പരിശോധിക്കുക. (**1940**)

**IV** 'കുഞ്ചൻനമ്പ്യാർ തന്റെ കാലത്തും രാജ്യത്തും ജീവിച്ച മനുഷ്യരെ മാതൃകയാക്കിയായിരുന്നു തുള്ളൽക്കവിതകളിൽ പുരാണപുരുഷന്മാരെ വിവരിച്ചതു്.' സഭാപ്രവേശത്തിൽനിന്നു് ഈ കാര്യം വിശദമാക്കുക. (**1942**)

**V** സഭാപ്രവേശത്തിലെ ദേശം, കാലം, സമുദായം എന്നിവയെ സംബന്ധിച്ച വർണ്ണനകൾ കഥയ്ക്കു് എത്രമാത്രം യോജിച്ചിരിക്കുന്നു എന്നു നിരൂപണംചെയ്യുക. (**1937**)

**VI** തുള്ളലിലെ സംസ്കാരക്കുറവിനു സഭാപ്രവേശത്തിൽ എന്തു സമാധാനം പറഞ്ഞിരിക്കുന്നു? അതിനെപ്പററി നിങ്ങൾക്കു വല്ലതും പറയാനുണ്ടോ? (**1938**)

**VII** "നമ്പ്യാരുടെ കവിതയ്ക്കു ജീവൻനല്കുന്നതു ഫലിതമാണു്." വിമർശിക്കുക. (**1939**)

**VIII** കുഞ്ചൻനമ്പ്യാരുടെ കവിതയ്ക്കുള്ള പ്രത്യേകതകൾ വിവരിച്ചു് സഭാപ്രവേശത്തിൽനിന്നു് ഓരോന്നിനും ഉദാഹരണം പറയുക. (**1941**)

**IX** ചാക്യാരുമായുള്ള രസക്കേടിൽ നിന്നാണ് തുള്ളൽരീതി ആവിർഭവിച്ചതു് എന്ന ഐതിഹ്യം എത്രമാത്രം വിശ്വസനീയമാണെന്നു യുക്തിപൂർവ്വം പരിശോധിക്കുക. (**1940**)

**X** "സമുദായശരീരത്തിൽ പിടിപെട്ടിരുന്ന പലതരത്തിലുള്ള രോഗങ്ങളെ ചികിത്സിച്ചു മാററുന്നതിനായിട്ടാണ് നമ്പ്യാർ പരിഹാസാസ്ത്രം കൈയിലേന്തിയതു്" ഈ അഭിപ്രായം യുക്തിപൂർവ്വം സമർത്ഥ**1943**ിക്കു. ()

**XI** കഥാപാത്രങ്ങളുടെ സ്വഭാവവിവരണത്തിലും മററും നമ്പ്യാരുടെ അനുഭവജ്ഞാനം ധാരാളം പ്രേരകത്വം വഹിച്ചിട്ടുണ്ടെന്നു സഭാപ്രവേശത്തിൽനിന്നു തെളിയിക്കുക. (**1938**)

**XII** "കവിതയിൽ ചുററുപാടുകളെ പ്രതിഫലിപ്പിക്കുന്ന വിഷയത്തിൽ സന്നദ്ധത കാണിച്ചിട്ടുള്ള ഒരൊററ പ്രാചീനകവി കുഞ്ചൻ നമ്പ്യാർ മാത്രമാകുന്നു." ഈ അഭിപ്രായത്തിൻെറ സാധുത്വത്തെ പരിശോധിക്കുക. (**1942**)

---

## III-ാം ചോദ്യത്തിൻെറ ഉത്തരം.

---

കവികൾ രണ്ടുതരക്കാരാണ്: ഒന്നു്, ബാഹ്യലോകത്തെ തീരെ വിസ്മരിച്ച് മനോധർമ്മത്തിൻെറ ഹസ്താവലംബത്തോടുകൂടി ഭാവനാലോകത്തിൽ സഞ്ചരിക്കുന്ന ആദർശവാദികൾ; രണ്ടു്, പ്രതിപാദ്യം എന്തായാലും അതിനു് അനുഭവജ്ഞാനത്തിൻെറ ഛായംകൊടുത്തു് വായനക്കാരിൽ തന്മയത്വപ്രതീതി വരുത്തുന്ന യഥാർത്ഥ ലോകസഞ്ചാരികൾ. തുഞ്ചത്തെഴുത്തച്ഛൻ ഇവരിൽ ഒന്നാമത്തെ കൂട്ടത്തിലും കുഞ്ചൻനമ്പ്യാർ രണ്ടാമത്തെ കൂട്ടത്തിലും ഉൾപ്പെടുന്നു. തൻെറ പരിസരത്തെ വിസ്മരിച്ചു കവിതയെഴുതാൻ കുഞ്ചൻ നമ്പ്യാർക്കു് ഒരിക്കലും സാധിച്ചിരുന്നില്ല. ഇക്കാരണത്താൽ, കവിതയുടെ കാലം, അന്നത്തെ സമുദായസ്ഥിതി മുതലായി ചരിത്രപരവും സാമുദായികവുമായ ചില സംഗതികൾ അദ്ദേഹത്തിൻെറ കൃതികളിൽ നിന്നു വെ

ളിപ്പെട്ടന്നുണ്ട്. സഭാപ്രവേശത്തിൽനിന്നു് ഇങ്ങനെ കിട്ടുന്ന ചില സൂചനകൾ താഴെ വിവരിക്കാം.

'സഭാപ്രവേശ'ത്തിൻെറ നിർമ്മാണകാലത്തെപ്പററിയാണു് ഒന്നാമതായി പറയാനുള്ളതു്. 'തിരുവനന്തപുരേ വിളങ്ങിന പത്മനാഭ നമോസ്തുതേ' എന്നു തുടങ്ങിയ വരികളിൽ നിന്നു്, നമ്പ്യാർ തിരുവനന്തപുരത്തു താമസമുറപ്പിച്ചതിനുശേഷമാണു് പ്രസ്തുത കൃതി നിർമ്മിച്ചതെന്നു തെളിയുന്നു. 919-ാമാണ്ടുമുതല്ക്കുതന്നെ കുഞ്ചൻ നമ്പ്യാർ തിരുവനന്തപുരത്തു പൊയ്ക്കൊണ്ടിരുന്നതായി തെളിവുണ്ടെങ്കിലും, അതു് ഒരു സന്ദർശകൻെറ നിലയിലുള്ള യാത്രമാത്രമായിരുന്നു. അന്നു ചെമ്പകശ്ശേരി രാജാവും തിരുവിതാംകൂർ രാജവംശവും തമ്മിൽ മൈത്രിയിലാണു് കഴിഞ്ഞുവന്നിരുന്നതു്. ചെമ്പകശ്ശേരി രാജാവൊന്നിച്ചോ, അഥവാ അദ്ദേഹത്തിൻെറ പ്രേരണയനുസരിച്ചോ, നമ്പ്യാർ അക്കാലത്തു തിരുവനന്തപുരത്തു പോയതായിരിക്കാം. ഇങ്ങനെ ഒരു സന്ദർശകൻെറ നിലയിൽ തിരുവനന്തപുരത്തേക്കു പോയ ഒരാൾ പത്മനാഭസ്വാമിയെ മേൽകാണിച്ച തരത്തിൽ ഒരിക്കലും സ്തുതിക്കുന്നിടയില്ല.

ചെമ്പകശ്ശേരി രാജ്യം തിരുവിതാംകൂറിലേക്കു കീഴടങ്ങിയതു് 929-ൽ, ആകയാലും അതിനുശേഷം നമ്പ്യാരുടെ സ്ഥിരതാമസം തിരുവനന്തപുരത്തായിരുന്നതിനാലും, സഭാപ്രവേശത്തിൻെറ നിർമ്മിതി 929-നു ശേഷമാണെന്നു നമുക്കനുമാനിക്കാം.

'വഞ്ചിരാജകുലോത്തമൻ കുലശേഖരപ്പെരുമാളഹോ
വടിവിലടിയനു വിനകളൊഴിവതിനാശ്രയം പരമാശ്രയം'

എന്ന വരികളിൽ ഒരു തിരുവിതാംകൂർമഹാരാജാവിനെ കുഞ്ചൻനമ്പ്യാർ വർണ്ണിച്ചു കാണുന്നു. അടുത്തുതന്നെ ആ രാജാവു്, "വിക്രമാതിശയങ്ങൾ കൊണ്ടു് അരിനൃപതിരാജ്യമശേഷം അക്രമിച്ചു് ശക്രലോകസമാനമാക്കിവാണരുളി" എന്നുകൂടിപറഞ്ഞുകാണുന്നതിനാൽ ആ വഞ്ചിരാജകുലോത്തമൻ വീരമാർത്താണ്ഡവർമ്മ മഹാരാജാവാണെന്നു തെളിയുന്നു. ആ രാജകേസരിയുടെ രാജ്യഭരണകാലം അവസാനിച്ചതു് 933-ൽ ആകയാൽ 929-നും 933-നും മദ്ധ്യേയാണു് സഭാപ്രവേശം നിർമ്മിച്ചതെന്നു നമുക്കു ന്യായമായി അനുമാനിക്കാം.

പല തുള്ളലുകളിലും അമ്പലപ്പുഴ ശ്രീകൃഷ്ണനേയും ദേവനാരായണസ്വാമിയേയും വളരെ ഭക്തിയോടുകൂടി വന്ദിക്കുന്ന നമ്പ്യാർ സഭാപ്രവേശത്തിൻ അക്കാര്യത്തിൽ മൗനം അവലംബിച്ചു കാണുന്നതും ചില അനുമാനങ്ങൾക്കു് വഴിവെട്ടിത്തെളിയിക്കുന്നുണ്ടു്. തൻെറ ശത്രുവായ ചെമ്പകശ്ശേരി രാജാവിനെ സ്തുതിക്കുന്നതു് മാർത്താണ്ഡവർമ്മ മഹാരാജാവിനു രസിച്ചില്ലെങ്കിലോ എന്നു വിചാരിച്ചായിരിക്കാം, നമ്പ്യാർ അക്കാര്യത്തിൽ മൂകത്വം കൈക്കൊണ്ടതു്. ഈ അനുമാനം ശരിയാണെങ്കിൽ, നമ്പ്യാർ തിരുവനന്തപുരത്തു സ്ഥിരതാമസമാക്കി അധികം കഴിയുന്നതിനു മുമ്പായിരിക്കണം സഭാപ്രവേശം നിർമ്മിച്ചതു്. എന്തുകൊണ്ടെന്നാൽ, മാർത്താണ്ഡവർമ്മമഹാരാജാവിനു ചെമ്പകശ്ശേരിരാജാവിനോടുള്ള വൈരത്തിൻെറ "മുൻകോളു്" മാറിക്കഴിഞ്ഞിരുന്നുവെങ്കിൽ നമ്പ്യാർ അദ്ദേഹത്തെ സ്മരിക്കുന്നതിനു് അത്രമാത്രം മടിക്കയില്ലായിരുന്നു. അവർതമ്മിലുള്ള സേവ്യസേവകഭാവം അത്ര ചിരന്തനവും സുദൃഢവും ആയിരുന്നുവല്ലോ.

നമ്പ്യാരുടെ ഗുരുക്കന്മാരെപ്പററിയുള്ള പ്രസ്താവനയാണു് ചരിത്രപരമായി കാണുന്ന മറെറാരു സൂചന. മിക്ക തുള്ളലുകളിലും കാണുന്നതുപോലെ ദ്രോണമ്പള്ളി ആചാര്യനേയും ഉണ്ണിരവിക്കുറുപ്പിനേയും സഭാപ്രവേശത്തിലും വർണ്ണിച്ചു കാണുന്നുണ്ടു്. ഉണ്ണിരവിക്കുറുപ്പിനു കൊടുത്തിട്ടുള്ള 'ആചാര്യോത്തമൻ', 'എൻെറ ദേശികശേഖരൻ' എന്നീ വിശേഷണങ്ങളിൽ നിന്നു് അദ്ദേഹം കുഞ്ചൻനമ്പ്യാരുടെ അക്ഷരവിദ്യാഗുരുവാണെന്നു് ഊഹിക്കാം. 'ദ്രോണമ്പള്ളി' നമ്പ്യാരുടെ അക്ഷരവിദ്യാഗുരുവായിരുന്നില്ല എന്നനുമാനിക്കത്തക്ക വിധത്തിലുള്ള വിശേഷണമാണു് അദ്ദേഹത്തിനു കൊടുത്തിട്ടുള്ളതു്. അദ്ദേഹത്തെ വന്ദിക്കുന്ന വരികൾതന്നെ ഇവിടെ ഉദ്ധരിക്കാം:—

ക്ഷോണീമണ്ഡലം തന്നിലൊക്കവേ പുകഴ്ന്നോരു
ക്ഷോണീവാനവൻ വീരൻ ദ്രോണമ്പള്ളിയാചാര്യൻ
ക്ഷീണമെന്നിയേ കാത്തീടേണമിപ്പരിഷയ്ക്കു
പ്രാണപഞ്ചകത്തിൻെറ ത്രാണത്തിന്നനുകൂലൻ.

ഇതിൽ ഒടുവിലത്തെ വരി പ്രത്യേകം ശ്രദ്ധേയമാണു്. കലാപരമായ വല്ല കായികവിദ്യകളും ആയിരിക്കാം നമ്പ്യാർ ദ്രോണമ്പ

ള്ളിയാചാൎയ്യന്റെ അടുക്കൽ അഭ്യസിച്ചതു് എന്നനുമാനിക്കുന്നതിനു് ഉതകത്തക്ക ഒരു വിശേഷമാണതു്. ആയോധനവിദ്യയിൽ സുപ്രസിദ്ധമായ ഒരു ബ്രാഹ്മണകുടുംബം തുളുനാട്ടിൽനിന്നു് അമ്പലപ്പുഴയിൽ വന്നു താമസിക്കയുണ്ടായി എന്നു് ഓണമ്പള്ളിക്കുടുംബത്തെപ്പറ്റി പ്രചരിച്ചുവരുന്ന ഐതിഹ്യം കൂടി ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണു്. അതുകൂടി ആലോചിച്ചുനോക്കിയാൽ ഓണമ്പള്ളിയെപ്പറ്റി കലാപരമായ കായികാഭ്യാസവിഷയത്തിലാണു് നമ്പ്യാരുടെ ഗുരുസ്ഥാനം വഹിച്ചതെന്നുള്ള അഭിപ്രായത്തിനും സഭാപ്രവേശത്തിലെ പ്രസ്താവന ഒരു പ്രബലമായ പിൻതാങ്ങായി നില്ക്കുന്നു.

ഒരു ബ്രാഹ്മണഗുരുവിനെപ്പറ്റി തുള്ളലിന്റെ ആരംഭത്തിൽ കാണുന്ന സൂചനയും ചരിത്രപരമായ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണു്.

നരലോകോത്തമൻ ധാത്രീസുരലോകാധിപനെന്റെ
ഗുരുനാഥൻ ഗുണാംഭോധി കരുണാശീതളസ്വാന്തൻ
പരിചോടെൻ മനക്കാമ്പിൽ പരിശോഭിച്ചരുളേണം
പരമാനന്ദമൂൎത്തേ! തേ പാദപത്മം വണങ്ങുന്നേൻ.

എന്നുള്ളതാണു് ആ ഭാഗം. ഗണപതി മുതലായ പരദൈവങ്ങളെ വണങ്ങിക്കഴിഞ്ഞ ഉടനേയാണു് ഈ ഗുരുവന്ദനം കാണുന്നതു്. നമ്പ്യാൎക്കു് ആ ബ്രാഹ്മണഗുരുവിന്റെ നേരെയുള്ള വിശേഷാദരം ഇതിൽനിന്നു തെളിയുന്നു. അതുകഴിഞ്ഞ ഉടനെ നമ്പ്യാർ സ്മരിക്കുന്നതു് കിള്ളിക്കുറിശ്ശിശ്ശിവനെയാകയാൽ, ഈ ബ്രാഹ്മണഗുരുവും കിള്ളിക്കുറിശ്ശിദേശത്തോടു ബന്ധപ്പെട്ട ഒരാളായിരുന്നു എന്നൂഹിക്കുന്നതിൽ തെററുണ്ടോ? സ്വദേശീയനായ ഗുരുനാഥനെ ആദ്യവും സ്വദേശത്തെ പരദൈവത്തെ അതിനെത്തുടൎന്നും സ്മരിക്കുന്നതിൽ മനശ്ശാസ്ത്രപരമായ ഒരു സാംഗത്യവും കാണുന്നുണ്ടു്. ഇങ്ങനെ ആലോചിച്ചാൽ, കിള്ളിക്കുറിശ്ശി മംഗലത്തു് തൃക്കാൎയ്യമൺ ഇല്ലത്തെ നാരായണഭട്ടതിരിയാണു് നമ്പ്യാരെ ചെറുപ്പത്തിൽ സംസ്കൃതത്തിലെ ഉപരിപാഠങ്ങൾ പഠിപ്പിച്ചതെന്നുള്ള ചിലരുടെ വാദഗതി വെറും അനുമാനത്തിൽനിന്നു പൊട്ടിമുളച്ചതാകണമെന്നില്ലെന്നു കാണാൻകഴിയും.

സ്വദേശീയനായ ഗുരുനാഥനേയും സ്വദേശീയമായ പരദേവതയേയും വന്ദിച്ചു വളരെക്കഴിഞ്ഞതിനുശേഷമാണു് നമ്പ്യാർ ദ്രോണമ്പള്ളി ആചാര്യനേയും ഉണ്ണിരവിക്കുറുപ്പിനേയും സ്മരിക്കുന്നതു്. ചിലർ വാദിക്കുന്നതുപോലെ, നമ്പ്യാർ പേരുപറയാതെ പല ദിക്കിലും സ്മരിക്കുന്ന ബ്രാഹ്മണഗുരു കുടമാളൂർ ഭട്ടതിരിയായിരുന്നു എന്നുവരികിൽ, അദ്ദേഹത്തെ ഉണ്ണിരവിക്കുറുപ്പിന്റെയും ഓണമ്പള്ളി പോററിയുടേയും കൂട്ടത്തിലല്ലേ സ്മരിക്കേണ്ടിയിരുന്നതു്? കിള്ളിക്കുറിശ്ശിയിലിവന്റെ മുമ്പിലായി കുടമാളൂർ ഭട്ടതിരിയെ സ്മരിക്കുന്നതിൽ യാതൊരു സാംഗത്യവും കാണുന്നില്ലല്ലൊ.

മററു കവികളുടെ ആശയങ്ങളേയോ കവിതാഭാഗങ്ങളെത്തന്നെയോ അപഹരിച്ചു് 'സ്വന്ത'മാക്കുന്ന വഴിപിഴച്ചസമ്പ്രദായം നമ്പ്യാരുടെ കാലത്തും നടപ്പുണ്ടായിരുന്നു എന്നു് സഭാപ്രവേശത്തിലെ ചില പ്രസ്താവനകളിൽനിന്നു മനസ്സിലാക്കാം.

സൽകവിപ്രവരൻചമച്ച കവിപ്രബന്ധ നിബന്ധനം
തസ്കരിച്ചു വലിച്ചുകെട്ടിയ കഷ്ടിപിഷ്ടികവിത്താം

ആക്ഷേപാർഹമാണെന്നു നമ്പ്യാർ പറയുന്നതിൽനിന്നു് ഇതല്ലാതെ എന്താണു് ഊഹിക്കേണ്ടതു്? മധുരമായ പഞ്ചസാരയിൽ വേപ്പിലപ്പൊടിചേക്കുന്നതുപോലേയും, മുല്ല പിച്ചകം മുതലായ പൂക്കളുടെ ഇടയിൽ 'കുവളകുസുമങ്ങൾ' കോക്കുന്നതുപോലേയും അപഹാസ്യമാണു് ഈ സമ്പ്രദായമെന്നുകൂടി നമ്പ്യാർ പറയുന്നുണ്ടു്.

ഭടജനങ്ങടെ സഭയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ

എന്ന വരികളും ശ്രദ്ധാർഹങ്ങളാണു്. സംസ്കൃതത്തിൽ കാവ്യനാടകാലങ്കാരങ്ങൾ മാത്രമല്ല, പല വ്യാകരണങ്ങൾപോലും പഠിച്ച നമ്പ്യാർ നല്ല ലളിതമലയാളത്തിൽ കവിതയെഴുതിയതിനുള്ള കാരണം ഈ വരികളിൽനിന്നു വ്യക്തമാകുന്നു. അതിനെത്തുടർന്നുള്ള,

കട്ടപടെപ്പട്ടുകഠിനസംസ്കൃതവികടകട്ടകവി കേറിയാൽ
ഭടജനങ്ങൾ ധരിക്കയില്ല തിരിക്കുമൊക്കെയുമേററടൻ

എന്ന വരികൾ, ഇന്നും ചിലപ്പോൾ അനുഭവപ്പെടാറുള്ള ഒരു പച്ചപ്പരമാർത്ഥത്തെ വിളിച്ചുപറയുന്നവയാണു്. പ്രസംഗത്തിന്റെ ദുർ

ഗ്രഹതയെം ധൃഷ്ണതയൊ നിമിത്തം സഭാവാസികളൊക്കെ എററ പോയി സമാജപ്രവൎത്തകന്മാരും മുന്നണിയിലെ സദസ്യരും മാത്രം ശ്രോതാക്കളായി ശേഷിക്കുന്ന ചില 'യോഗ'ങ്ങൾ അപൂൎവ്വമായിട്ടെങ്കിലും ഇന്നും നടക്കാറുണ്ടല്ലൊ. ഇത്തരത്തിലുള്ള വല്ല സംഭവങ്ങളും നമ്പ്യാരുടെ അനുഭവത്തിലും പെട്ടിരിക്കാം. അല്ലാതെ അദ്ദേഹം അങ്ങനെ പറയാനിടയില്ല.

ഇനി സമുദായത്തിലേക്കു കടക്കാം. നമ്പ്യാരുടെ കവിതാനിൎമ്മാണത്തിലുള്ള പ്രധാനമായ ഉദ്ദേശംതന്നെ സമുദായപരിഷ്കരണമായിരുന്നതിനാൽ സാമുദായികങ്ങളായ പ്രസ്താവനകൾ അദ്ദേഹത്തിൻെറ കൃതികളിൽ സാധാരണങ്ങളാകുന്നു. സമുദായത്തിലെ ദൂഷ്യവശങ്ങളെ പരസ്യമായി ആക്ഷേപിച്ച് സമുദായാംഗങ്ങൾക്ക് അവയുടെനേരെ വെറുപ്പുജനിപ്പിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. ചില സമുദായങ്ങളുടെനേരെ നമ്പ്യാക്കു വെറുപ്പോ വിരോധമോ ഉണ്ടായിരുന്നു എന്നു പറയുന്നതു് അടിസ്ഥാനരഹിതമാണ്.

കേരളത്തിലെ ഭരണരീതിയിൽ സാരമായ ചില മാററങ്ങൾ വരുത്തുകയും ആ മാററം സമുദായത്തെ ബാഹ്യമായും ആന്തരമായും രൂപാന്തരപ്പെടുത്തുകയുംചെയ്ത കാലഘട്ടത്തിലാണ് നമ്പ്യാർ പേന കൈയിലെടുത്തതു്. നായർസമുദായം പണ്ടത്തെനിലയിൽ നിന്നു് അധഃപതിച്ചു കഴിഞ്ഞിരുന്നു; ഭരണാധികാരികൾ പരസ്പരം കലഹിച്ചു തുടങ്ങിയിരുന്നു; സാന്മാൎഗ്ഗികമായ അധഃപതനവും സൎവ്വത്ര ദൃശ്യമായിരുന്നു; കല്പനയനുസരിക്കാത്ത ഭൃത്യന്മാർ, പേരുമാററിപ്പറഞ്ഞു് കാൎയ്യം നേടിയിരുന്ന ഭേകന്മാർ, യജമാനൻെറ തണലിൽ നിന്നു തൻകാൎയ്യം നേടിയിരുന്ന കാൎയ്യസ്ഥന്മാർ, പെണ്ണുങ്ങളുടെ വാക്കുകേട്ടു തുള്ളിച്ചാടുന്ന പൊണ്ണന്മാർ എന്നിത്തരത്തിലുള്ള പുഴക്കുത്തുകൾ സമുദായശരീരത്തിൽ സൎവ്വത്ര കാണപ്പെട്ടിരുന്നു. നമ്പ്യാർ ഈ വക ദുൎഗ്ഗുണങ്ങളെ എത്രമാത്രമാണ് വെറുത്തിരുന്നതെന്നു പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. ഇവരിൽ ഓരോ കൂട്ടരേയും സന്ദൎഭപ്രവേശത്തിൽ അദ്ദേഹം വേണ്ടതിലധികം കളിയാക്കീട്ടുണ്ട്.

നായന്മാരുടെ നായാട്ടുഭ്രമം, ഇന്ദ്രപ്രസ്ഥത്തിലേക്കുള്ള യാത്ര

യിൽ ദുൎയ്യോധനന്റെ അനുചരന്മാർ കാണിച്ച പേക്കൂത്തു വഴിക്കു് വിശദമായി ചിത്രീകരിച്ചിരിക്കുന്നു. അവർ മാംസം ചുട്ടുതിന്നതും കള്ളുകുടിച്ചതും വൻപുപറഞ്ഞതും മററും മററും എത്രയോ തന്മയത്വത്തോടുകൂടി വൎണ്ണിച്ചിരിക്കുന്നു! "നായാട്ടും മതിയാക്കി നായന്മാരിഹ പോന്നു" എന്നു പറഞ്ഞുകൊണ്ടാണു് നമ്പ്യാർ ആ മൃഗയാവൎണ്ണന അവസാനിപ്പിക്കുന്നതു്.

അന്നത്തെ ഭരണാധികാരികൾ പരിമിതമായ ഓരോ ദേശവിഭാഗം കൈവശം വെച്ചുകൊണ്ടു് കേമത്വം നടിച്ചിരുന്നുവെന്നു് പാന്ഥബ്രാഹ്മണരുടെ സംഭാഷണത്തിൽനിന്നു വ്യക്തമാകുന്നുണ്ടു്. കൌരവന്മാരെ അധിക്ഷേപിച്ചു സംസാരിച്ച വായാടിയായ ആ ബ്രാഹ്മണനോടു് "സൂക്ഷിച്ചു സംസാരിച്ചില്ലെങ്കിൽ അബദ്ധം പററിയേക്കു"മെന്നു മറെറാരു ബ്രാഹ്മണൻ പറഞ്ഞപ്പോൾ, "സുയോധനൻ മമ വസ്തുവന്നു വിലക്കുമോ? എന്റെ ദിക്കിലവന്റെ ശക്തി നടക്കയില്ല മഹീസുര" എന്നും മററും ആദ്യത്തെ ബ്രാഹ്മണൻ സമാധാനം പറയുന്നതിൽ നിന്നു് ഇക്കാൎയ്യം വിശദമാകുന്നുണ്ടു്. അല്പമായ പ്രഭുത്വം കൈവശം വെച്ചുകൊണ്ടു് അനല്പമായ അധികാരം നടിച്ചിരുന്ന ഏതോ ചില ഭരണാധികാരികളെ ഉള്ളിൽ കരുതിക്കൊണ്ടാണു് നമ്പ്യാർ ഈ ഭാഗം എഴുതിയതെന്നുള്ളതു നിസ്സംശയമാകുന്നു.

സഭാസ്ഥാനത്തെ വൎണ്ണിച്ചു തുടങ്ങിയ പാന്ഥബ്രാഹ്മണൻ ഇന്ദ്രപ്രസ്ഥത്തിലെ സദ്യവട്ടത്തെയും അവിടത്തെ മററു ഏൎപ്പാടുകളേയും വൎണ്ണിക്കുന്ന കൂട്ടത്തിൽ,

ചെറുപ്പക്കാൎക്കൊരുകൂട്ടം മോഹമുണ്ടെങ്കിലോ നല്ല
ചെറുക്കിമാരവിടെയുണ്ടവൎക്കേതും മടിയില്ല;
അടക്കാ വെററിലമാത്രം കൊടുത്താലാഗ്രഹമൊക്കെ-
ക്കിടയ്ക്കുമിത്തൊഴിലിന്നും കിടക്കാരു ചിലരുണ്ടാം

എന്നുകൂടി പറയുന്നുണ്ടു്. ഇതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, മിററം മടിക്കാൻവരുന്ന അച്ചിമാരുടെകാൎയ്യം വേറേയും വൎണ്ണിക്കുന്നുണ്ടു്. ഇതൊക്കെ ആശാസ്യമാണെന്നുള്ള വിചാരത്തോടുകൂടിയല്ല നമ്പ്യാർ വൎണ്ണിച്ചതെന്നുള്ളതു തീൎച്ചയാണു്. തനിക്കു പരിചയപ്പെട്ട

രാജധാനികളിൽ കാണാൻ കഴിഞ്ഞ ആവക ദുരാചാരങ്ങളെ വെട്ടത്തു കൊണ്ടുവന്നു കാണിച്ച് അവയ്ക്കു് ഒരു പരിഹാരം വരുത്തണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. പറയുന്നതു ഇന്ദ്രപ്രസ്ഥത്തെപ്പററിയാണെങ്കിലും, തുള്ളലിൽ ആ ഭാഗം അഭിനയിച്ചു കാണുമ്പോൾ, ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വ്യക്തികൾക്കു് അതിൽ നാണം തോന്നാതിരിക്കയില്ലെന്നും, അങ്ങനെ അക്കൂട്ടർ ആവക ദുരാചാരങ്ങളിൽനിന്നു തനിയേ പിൻമാറിക്കൊള്ളുമെന്നും നമ്പ്യാർ കരുതിയിരിക്കാം. സമുദായത്തിൻെറ നന്മയ്ക്കും തിന്മയ്ക്കും ആണിക്കല്ലായി നില്ക്കുന്നതു സ്ത്രീകളാകയാൽ, അവരെപ്പററി പറയേണ്ടിവരുന്ന ഘട്ടങ്ങളിൽ നമ്പ്യാർ ഒട്ടും ദാക്ഷിണ്യം കാണിക്കാറുണ്ടായിരുന്നില്ലെന്നുള്ളതിനു് ഇതും ഒരു ദൃഷ്ടാന്തമാകുന്നു.

പെണ്ണുങ്ങളുടെ താളത്തിനൊപ്പിച്ചു തുള്ളുന്ന കൂട്ടരോടു നമ്പ്യാക്കുള്ള വിരോധം കുറച്ചൊന്നുമല്ല. "അച്ചിക്കു ദാസ്യപ്രവൃത്തിചെയ്യുന്നവൻ കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം" എന്നും മററും അനവധി അവസരങ്ങളിൽ അദ്ദേഹം അവരെ കളിയാക്കീട്ടുമുണ്ടു്. സഭാപ്രവേശത്തിൻ അതിനു തക്ക അവസരം ഇല്ലാതിരുന്നിട്ടും, ദുര്യോധനനെക്കൊണ്ടു്

"ബാലപ്പെൺകൊടിമാരെക്കാണുമ്പോളിളികുന്ന
കോലങ്ങൾ കുളംകുത്തീജ്ജളന്മാരാരുമേ വേണ്ട."

"പെണ്ണുങ്ങൾ പറയുന്ന മൊഴികേട്ടു നടക്കുന്നോ-
രെണ്ണങ്ങൾ പലതുണ്ടാമവരാരുമിങ്ങു വേണ്ടാ."

എന്നു നമ്പ്യാർ പറയിക്കുന്നു. ഇന്ദ്രപ്രസ്ഥത്തിലേക്കുള്ള യാത്രയിൽ ഇങ്ങനെയുള്ള കൂട്ടരാരും തന്നെ അനുഗമിക്കേണ്ടതില്ലെന്നാണു് ദുര്യോധനൻ പറയുന്നതു്.

പേരുമാററിപ്പറഞ്ഞു് കാര്യംകാണാറുള്ള ചില മിടുക്കന്മാരും സമുദായത്തിൻെറ പേരിനെ ദൂഷിപ്പിച്ചുകൊണ്ടു് അന്നു ജീവിച്ചിരുന്നുവത്രെ! അസഹ്യമായ വെറുപ്പോടുകൂടിയാണു് നമ്പ്യാർ അവരെ സ്മരിക്കുന്നതുതന്നെ. ദുര്യോധനൻെറ വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം.

മാററിപ്പേർ പറഞ്ഞെന്നാൽ മലവെള്ളം പൊങ്ങിനില്ലാ-
രാററിൽ മുങ്ങിയാൽപോലും ജലപാനം കിട്ടുകില്ല.

പേരുമാററിപ്പറയുന്നവന്നു മലവെള്ളം പൊങ്ങിയ ആററിൽ മുങ്ങിയാൽപോലും ഒരുതുള്ളി വെള്ളം കുടിക്കാൻ കിട്ടുകയില്ലത്രെ!

ഇങ്ങനെ സൂക്ഷ്മമായി പരിശോധിച്ചു നോക്കിയാൽ, അന്നത്തെ സമുദായത്തിൽ നമ്പ്യാർ കണ്ട പല ദൂഷ്യവശങ്ങളും സഭാപ്രവേശത്തിൽ അദ്ദേഹം പ്രതിഫലിപ്പിട്ടുണ്ടെന്നു കാണാം.

---

## VII-ാം ചോദ്യത്തിനുത്തരം

ഹാസ്യരസത്തോടു മനുഷ്യർക്കുള്ള പ്രതിപത്തി സുപ്രസിദ്ധമാണു്. ശൃംഗാരത്തിലോ വീരത്തിലോ രസിക്കാൻ സാധിക്കാത്ത ഗൗരവസ്വഭാവക്കാർ പോലും ഹാസ്യരസത്തിൽ മയങ്ങിപ്പോകുന്നു. എന്തിലും കുലുങ്ങാത്ത ചില കനത്ത സ്വഭാവക്കാർ നമ്മുടെ ഇടയിലുണ്ടല്ലൊ. അത്തരക്കാർപോലും നല്ല ഫലിതം കേട്ടാൽ ഒന്നു പുഞ്ചിരി തൂകുകയെങ്കിലും ചെയ്യാതിരിക്കയില്ല. കാളിദാസാദി മഹാകവികൾപോലും ഈ തത്വം മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു് അവരുടെ നാടകങ്ങളിൽ, രാജാക്കന്മാരുടെ നർമ്മസചിവന്മാർ എന്ന പേരിൽ ചില വിദൂഷകന്മാർ കടന്നുകൂടിയതു്. ഇങ്ങനെ ഫലിതത്തിനു പണ്ഡിതന്മാരെപ്പോലും ആകർഷിക്കാൻ ശക്തിയുണ്ടെങ്കിൽ, പാമരന്മാരുടെ ഇടയിൽ അതിനുള്ള സ്വാധീനശക്തി എത്രമാത്രമായിരിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ഈ രഹസ്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ചാക്യാന്മാർ കൂത്തുപറയുമ്പോൾ സന്ദർഭോചിതമായി ഫലിതം പ്രയോഗിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കാറുള്ളതു്. ഫലിതം പറയാൻ സമർത്ഥനായ ചാക്യാർ കൂത്തുപറയുന്നു എന്നു കേട്ടാൽ ഈ ഇരുപതാം നൂററാണ്ടിൽ പോലും ആളുകൾ കൂത്തുകേൾക്കാൻ തടിച്ചുകൂടുക പതിവാണു്.

ചാക്യാർകൂത്തുമായി ധാരാളം അടുത്തുപരിചയിക്കാൻ അവസരം കിട്ടിയ കുഞ്ചൻ നമ്പ്യാർ ഫലിതത്തിനുള്ള ഈ വശ്യശക്തി നല്ലപോലെ മനസ്സിലാക്കിയിരുന്നു. പാമരന്മാരെക്കൂടി വശീകരിക്കുന്നതിനായി സംസ്കൃതപദങ്ങളെ അകററിനിർത്തി ലളിതമായ മലയാളംകൊണ്ടുമാത്രം പെരുമാറുന്നതിൽ നമ്പ്യാർ കാണിച്ച മനശ്ശാസ്ത്രപരിജ്ഞാനം, കുറേക്കൂടി ഔചിത്യത്തോടുകൂടി ഫലിതപ്രയോഗവിഷയത്തിലും അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ടു്.

"ചിരിക്കുന്ന കഥകേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കുമക്കുടന ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതെ രസിപ്പിക്കാനൊരിക്കലുമെളുതല്ല"

എന്നിങ്ങനെ ഫലിതപ്രയോഗത്തിന്റെ വശീകരണശക്തിയെ നമ്പ്യാർ തുറന്നു പറയുന്നതു നോക്കുക. സന്ദർശകന്മാരെ ധാരാളമായി ആകർഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നമ്പ്യാർ മനഃപൂർവ്വമായി ഫലിതം പ്രയോഗിക്കയാണു് ചെയ്തതെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. ഇന്നും തുള്ളൽ ജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നതു ഫലിതത്തിന്റെ ശക്തികൊണ്ടുതന്നെയാണു്.

ഫലിതം കേട്ടു രസിക്കുക എളുപ്പമാണെങ്കിലും, പറഞ്ഞു ഫലിപ്പിക്കുക അത്ര എളുപ്പമല്ല. അതിനു ജന്മസിദ്ധമായ ഒരു വാസനതന്നെ വേണ്ടിയിരിക്കുന്നു. നമ്പ്യാൎക്കു് ഈ വാസന വേണ്ടുവോളമുണ്ടായിരുന്നു; ചാക്യാരുമായുള്ള സഹവാസം നിമിത്തം അതു് പരിപുഷ്ടമാവുകയും ചെയ്തിരുന്നു. സമുദായ പരിഷ്കരണത്തേയും സദാചാരപ്രചാരണത്തേയുമാണു് ചാക്യാരെപ്പോലെതന്നെ നമ്പ്യാരും പ്രധാനമായി ഉദ്ദേശിച്ചിരുന്നതു്. ഈ ഉദ്ദേശസാദ്ധ്യത്തിനു് അവർ സ്വീകരിച്ചിരുന്ന ആയുധം പരിഹാസമാണു്. പരിഹാസംകൊണ്ടുമാത്രം പെരുമാറാൻ തുടങ്ങിയാൽ ഈ ഉദ്ദേശം സാധിക്കയില്ലെന്നുമാത്രമല്ല, വിപരീതഫലം ഉണ്ടാകാനിടയുണ്ടുതാനും. അതുകൂടാതെ കഴിക്കണമെങ്കിൽ പരിഹാസം ഫലിതത്തിൽ പൊതിയേണ്ടതു് അത്യാവശ്യമാണു്. അങ്ങനെയായാൽ പരിഹാസത്തിന്റെ കയ്പു് ഫലിതത്തിന്റെ മാധുര്യത്തിൽ മറഞ്ഞുപോകുമല്ലോ. നമ്പ്യാർ തുള്ളലുകളിൽ പലരേയും കഠിനമായി ആക്ഷേപിക്കുന്നുണ്ടെങ്കിലും, ഫലിതപ്രയോഗത്തിന്റെ ശക്തിനിമിത്തമാണു് അതു മുഴച്ചുകാണാത്തതു്. വലിയ ശസ്ത്രക്രിയകൾക്കു മുമ്പു് ഡാക്ടർമാർ രോഗികൾക്കു മയക്കുമരുന്നു കൊടുക്കാറുണ്ടല്ലോ. അതുപോലെതന്നെ മർമ്മഭേദിയായ പരിഹാസം നിമിത്തം ആളുകൾക്കു തന്റെനേരെ വെറുപ്പു തോന്നാതിരിക്കുന്നതിനുവേണ്ടി നമ്പ്യാർ പ്രയോഗിച്ച ഒരുതരം മയക്കുമരുന്നാണു് ഫലിതമെന്നു പറയാം.

സഭാപ്രവേശത്തിലും ഇത്തരത്തിലുള്ള ഫലിതപ്രയോഗം ഒട്ടും കുറവല്ല. അന്നു തിരുവിതാംകൂർ പല ചിററരചന്മാരുടെ ഭരണാധികാ

രത്തിൻകീഴിൽ അനേകം ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഓരോ ഭരണാധികാരിയും തന്റെ മേന്മയിൽ സ്വയംതെളിയുകയും മററഭരണാധികാരികളോടു കലഹിക്കയും ചെയ്തിരുന്നു. അർത്ഥമില്ലാത്ത ഈ ആഢ്യംമാനിതയേയും അന്തഃഛിദ്രത്തെയും നമ്പ്യാർ കളിയാക്കുന്നതു നോക്കുക,

നാട്ടുവാഴികളെണ്ണമേറുമ്പോളവർ തന്റെ
നാട്ടുപാഴിലാക്കീട്ടുമന്യോന്യം കലഹിക്കും;
"ഞാനത്രേ യജമാനൻ ഞാനത്രേ യജമാനൻ
താനത്രേ തെളിയാതങ്ങടങ്ങിപ്പാർത്തുകൊണ്ടാലും"

ഇത്തരത്തിലാണത്രെ നാട്ടുവാഴികൾ കഴിഞ്ഞുകൂടിയിരുന്നതു്. ഇങ്ങനെ സ്വന്തം മേന്മ കാട്ടുന്നതിലും ആഢ്യത്വം നടിക്കുന്നതിലുമല്ലാതെ പ്രജകളെ രക്ഷിക്കുന്നതിൽ അക്കൂട്ടർ അത്രയൊന്നും ശ്രദ്ധിച്ചിരുന്നില്ലെന്നുകൂടി നമ്പ്യാർ സഭാപ്രവേശത്തിൽ സൂചിപ്പിക്കുന്നുണ്ടു്.

രക്ഷിപ്പാനധികാരിയായുള്ള യജമാനൻ
ഭക്ഷിപ്പാൻ പുറപ്പെട്ടാലക്കാലം പ്രജകൾക്കു
ഉണ്മാനുമുടുപ്പാനും തേപ്പാനും വകയില്ലാ.
ഞെങ്ങാനും പുറപ്പെട്ടു പെണ്ണുങ്ങൾക്കെന്നതേ വേണ്ടൂ.

ഈ ഭാഗങ്ങളിൽ പരിഹാസമാണു് മുന്നിട്ടു നില്ക്കുന്നതെങ്കിലും അതിന്റെ പിന്നിൽ നേരിയ ഫലിതം കൂടിയുണ്ടെന്നുള്ളതു വിസ്മരിക്കരുതു്. ഈ ഭാഗങ്ങൾ അഭിനയിച്ചുകാണുമ്പോൾ കാണികൾ ചിരിച്ചുപോവുക സാധാരണമാണു്.

ദുര്യോധനന്റെ വങ്കത്തത്തെ നമ്പ്യാർ കളിയാക്കിട്ടുള്ളതിനു കണക്കില്ല. കൗരവന്മാർ ഇന്ദ്രപ്രസ്ഥത്തിനടുത്തെത്തിയപ്പോൾ പെട്ടിപെട്ടകം മുതലായതൊക്കെ തുറപ്പിച്ചു് 'പട്ടും പട്ടുറുമാലും ചേലയും' മററും പുറത്തെടുത്തു് "എട്ടുരണ്ടുമുഴത്തിലുള്ളൊരു പട്ടുടുത്തരഞ്ഞാണവും ഇട്ടു പട്ടുറുമാലുകെട്ടിമുറുക്കി നല്ലൊരു തൊങ്ങലും"വച്ചു് കണ്ണാടിയുടെമുമ്പിൽ മുട്ടുകുത്തിയിരുന്നു തലചീകി മിനുക്കി പൊട്ടുതൊട്ടു സുന്ദരവിഡ്ഢിവേഷംകെട്ടുന്ന ഭാഗം എത്ര ഫലിതമയമായിരിക്കുന്നു! അതു വായിക്കുമ്പോൾ പുഞ്ചിരിതൂകുക മാത്രം ചെയ്യുന്നവർ അഭിനയിച്ചു കാണുമ്പോൾ പൊട്ടിച്ചിരിച്ചുപോകും.

സഭാസ്ഥാനത്തിൽ ദുര്യോധനനുണ്ടായ സ്ഥലജലഭ്രമം വർണ്ണിക്കു

ന്ന ഫലിതം ഇതിലേററ ഫലിതമയമാണ്. പാണ്ഡവന്മാർ തങ്ങളെ ആക്ഷേപിക്കാൻ അവസരം കാത്തുകൊണ്ടിരിക്കയാണെന്നും, അതിനാൽ സഭയിൽച്ചെന്നാൽ സൂക്ഷിച്ചു പെരുമാറണമെന്നും, തനിക്ക് ഒരിക്കലും യാതൊരു അബദ്ധവും പററിപ്പോവുകയില്ലെന്നും, താൻ ചെയ്യുന്നതുനോക്കി അതുപോലെ പ്രവൎത്തിച്ചാൽ മതിയെന്നും അനുജന്മാൎക്കു മുന്നറിവു നല്കുന്ന ദുൎയ്യോധനൻ, ഒടുവിൽ വെള്ളമില്ലാത്ത ദിക്കിൽ വെള്ളമുണ്ടെന്നു ഭ്രമിച്ച് "വീരാളിപ്പട്ടു ചൊരച്ചുകയററി" പതുക്കെപ്പതുക്കെ കാൽവെച്ചു തുടങ്ങിയതും, അതുകണ്ട്

'പിൻപിൽ നടക്കുന്ന തമ്പിമാരെല്ലാം
മുൻപിൽ നടക്കുന്ന ചേട്ടനെപ്പോലെ
ചന്തത്തിലുള്ളൊരു പട്ടുമുയൎത്തി
കുന്തിച്ചു കുന്തിച്ചു യാത്രതുടങ്ങി'

യതും മററും വായനക്കാരെ ചിരിപ്പിച്ചു മണ്ണുകപ്പിക്കുന്ന ഭാഗങ്ങളാണ്. വെള്ളത്തിൽ കിടന്നു കിതച്ചും പതച്ചും കഷ്ടപ്പെടുന്ന ദുൎയ്യോധനനോട്,

നിങ്ങടേ രാജ്യത്തിൽ വെള്ളം കുടിപ്പാ-
നെങ്ങുമൊരേടത്തുമില്ലായ്ക കൊണ്ടോ
ഞങ്ങടേ നാട്ടിലേത്തോട്ടിലേ വെള്ളം
അങ്ങുള്ള വെള്ളത്തേക്കാൾ ഗുണമെന്നോ?

എന്നു ഭീമസേനൻ ചോദിക്കുന്ന ഭാഗം മൎമ്മഭേദിയാണെങ്കിലും കാണികളെ ചിരിപ്പിക്കാൻ പൎയ്യാപ്തമാണെന്നുള്ളതിനു സംശയമില്ല.

ഇങ്ങനെ പറയാൻതുടങ്ങിയാൽ അവസാനിക്കയില്ല. ഈവക ഫലിതപ്രയോഗങ്ങളാണ് നമ്പ്യാരുടെ കവിതയെ സൎവ്വാദരണീയമാക്കിത്തീൎത്തിട്ടുള്ളതു്. "നമ്പ്യാരുടെ കവിതയ്ക്കു ജീവൻ നല്കുന്നതു ഫലിതമാണ്" എന്നു നിരൂപകന്മാർ പറയുന്നതും ഇതുകൊണ്ടുതന്നേയാണ്.

DC Library
*00003999*
T61 H23

# സഭാപ്രവേശം

(പറയൻ തുള്ളൽ)

പ്രസാധകൻ

എ. ഡി. ഹരിശർമ്മ.

Indic Digital Archive Foundation
gpura.org